Shri T. A. Majid: I move that the First Report of the Business Advisory Committee in 1970 be adopted.

The question that the First Report of the Business Advisory Committee in 1970 be adopted was put and carried.

The Report was adopted.

First Report of the Estimates Committee

(2) **Shri K. C. Vamadevan** (Chairman, Estimates Committee): Sir, I present the First Report of the Estimates Committee in 1970.

Mr. Speaker: The Report is presented.

VI. DISCUSSION ON THE GOVERNOR'S ADDRESS

Mr. Speaker: Now Shri P. Ramunni Kurup may move his motion of thanks to the Governor.

Shri P. Ramunni Kurup: Sir, "I move that an address be presented to the Governor that the Members of the Kerala Legislative Assembly thank him for the Address delivered to the Members of the Legislative Assembly on the 9th January, 1970."

സർ, ഈ സംസ്ഥാനത്തിൽ പ്രസിഡൻറ് ഭരണം ഒഴിവാക്കിയതിനുശേഷം അധികാരത്തിൽവന്ന ഒരു ഗവൺമെൻറ് രണ്ടുകൊല്ലക്കാലത്തിലധികം ഭരണം നടത്തി വന്നതിനുശേഷം, ഏതൊരു ഉദ്ദേശത്തെ മുൻനിറുത്തിക്കൊണ്ട് കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പിൽ കേരളത്തിലെ രാഷ്ട്രീയ കക്ഷികൾ യോജിച്ചു നിന്നോ ആ ഉദ്ദേശത്തെ .. ..

ശ്രീ. കെ. കരുണാകരൻ: സർ, സാധാരണ റസലൂഷൻ മൂവുചെയ്തിട്ട് അതിനെ സെക്കൻറു ചെയ്തു കഴിഞ്ഞാൽ ഉടനെ ഭേദഗതികൾ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്.

Mr. Speaker: Anybody seconding the Motion?

Shri T. A. Majid: I second it.

Mr. Speaker: Amendment No. 1 by Shri S. P. Luiz. He is not there***

ശ്രീമതി. കെ. ആർ. ഗൗരി: സാധാരണ മോഷൻ മൂവുചെയ്തു സംസാരിച്ചിട്ട് അമെൻറുമെൻറ് ഓരോരുത്തരും മൂവുചെയ്ത് സംസാരിക്കുകയാണ് ചെയ്യുന്നത്.

ശ്രീ. കെ. കരുണാകരൻ: ഇവിടെയുള്ള പ്രാക്ടീസ് അങ്ങിനെയല്ല. റസലൂഷൻ മൂവുചെയ്ത് അതിനെ സെക്കൻഡു ചെയ്തു കഴിഞ്ഞാൽ ഉടനെ അതിന് കൊടുത്തിട്ടുള്ള അമെൻറുമെൻറുകൾ മൂവുചെയ്യുകയാണ് ചെയ്യുന്നത്. അതിനുശേഷം ഡിസ്കഷൻ നടക്കും.

ശ്രീമതി. കെ. ആർ. ഗൗരി: ഇതുവരെ നടന്നിട്ടുള്ളത് അങ്ങനെയല്ല. അമെൻറുമെൻറ് ഓരോരുത്തരും മൂവുചെയ്ത് സംസാരിക്കുകയാണ് ചെയ്യുന്നത്.

മി. സ്പീക്കർ: അമെൻറുമെൻറുകൾ ഭേദഗതികൾ അവതരിപ്പിച്ച് സംസാരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ഗവർണറുടെ പ്രസംഗത്തിൽ നന്ദിപ്രമേയം അവതരിപ്പിച്ചു സംസാരിച്ചു കഴിഞ്ഞാൽ ഭേദഗതി ഓരോന്നും അവസാനമായി വോട്ടിനിടുന്ന സമയത്ത് എടുക്കും. അല്ലാതെ അമെൻറുമെൻറ് ആദ്യം മൂവു ചെയ്യുകയില്ല.

മി. സ്പീക്കർ: ഭേദഗതികൾ അവതരിപ്പിക്കാം.

Shri R. Gopalakrishnan Nair: Sir I move the following amendment:

Add the following at the end of the motion:

'but regret that nothing has been mentioned in the Address about the recent land grab programme adopted by the Marxist Party to wreck the law and order situation in the State.'

Shri N. Gamaliel: I move:

Add the following at the end of the motion:

"but regret to add that no clear scheme has been chalked out to solve the acute unemployment problem facing the State".

Shri Alexander Parambithara: I move:

Add the end:

"but regret the gloomy prospect of successive deficit budgets pointed out in the Address, and request that effective steps be planned to tide over the financial strain, avoiding as far as possible the imposition of new taxes, effecting strict economy in the administration and guaranteeing that developmental activities be carried on without break-down."

Shri K. Karunakaran: I move:

Add at the end:

"but regret to note that the address is only a narration of certain matters that are well known and does not propose solution to some of the important problems facing the State, viz:

(a) The tendency in the State among certain sections to deviate from democratic ways and functioning and how the Government proposes to curb or correct this tendency;

(b) Eradication of unemployment and proverty in the State;

(c) The effective implementation of the social security measures in the State;

(d) Attainment of self-sufficiency in the matter of food in the State;

(e) Stabilising the financial condition in the State;

(f) Rooting out corruption and speedy implementation of the Land Reforms Act."

Mr. Speaker: Shri P. K. Kunjachan is not there. Amendment Nos. 7, 8, 9, 10 and 11 are in the name of Shri T. K. Krishnan. He is not there. Somebody can move.

LIBRARY ARCHIVES Kerala Legislative Assembly

Shri E. K. Imbichi Bava: Sir, I move:

Add at the end of the motion:

"but regret that nothing is mentioned about the police terror let loose against thousands of kudikidappukars who have begun to establish their rights in their respective kudikidappu following the enforcement of the Land Reforms (Amendment) Act of 1969."

Add at the end of the motion :

"but regret that nothing is mentioned about the police firing on December 1, 1969 at Palghat that killed four persons and the cruel lathi charges at Vaikom, Kottayam, Calicut, Trivandrum and several places in Trichur District."

Add at the end of the motion the following :

"but regret that nothing is mentioned about the floor-crossing that is being encouraged, patronised and perpetuated by the Ministry undermining the healthy functioning of a democratic Government".

Add at the end of the motion :

"but regret that nothing is mentioned about the wide spread police terror let loose by the Government against people who are peacefully agitating for the redressal of their grievances."

and

Add at the end of the motion :

"but regret that nothing is mentioned about the revival of the much codemned 'police-verification' leading to the termination of service of hundreds of employees in the Kerala State Road Transport Corporation."

Dr. George Thomas: I move :

Add at the end of the motion :

"but regret to add that the Address is lacking in adequate constructive measures to solve grave problems facing the State."

Shri T. K. Ramakrishnan: I move:

Add at the end of the motion:

"but regrets—

(a) that the Council of Ministers which was sworn in on November 1, and which the Governor hopes 'will work together as a team' was formed by a combination of parties whose representatives in this House are a minority;

(b) that, under these conditions, it was all the more necessary to convene a session of the Legislature within the first few days of the ministry being sworn in;

(c) that the prorogation of the Assembly in this context was irregular and was intended to give sufficient time for the

LIBRARY ARCHIVES Kerala Legislative Assembly

Council of Ministers to resort to the universally condemned practice of defections from the ranks of the parties in opposition;

(d) and that the Governor has thus connived at this act of irregularity and these disreputable practices, thus helping a minority to transfer itself into an artificial majority."

Add at the end of the motion:

"but regrets that what the Governor calls the 'reconstitution' of the Planning Board is, in fact, the abolition of a set up which had been recommended by the Administrative Reforms Commission as necessary for all the States."

Add at the end of the motion:

"but regrets that the Governor's description of the way, in which the Kerala Land Reforms (Amendment) Act is sought to be implemented is, at variance with the facts, and that on the other hand, Government machinery is used against the Kudikidappukars and tenants who are the exercising the rights confirmed on them by the Act."

Add at the end of the motion:

"but regrets that the Government has unleashed a reign of terror under the garb of maintaining law and order and that the notorious practice of lock-up beatings has been revived and is being resorted to on a wide scale."

Mr. Speaker: Amendment No. 18 by Shri P. N. Chandrasenan, amendment Nos. 21 and 22 by Shri E. K. Imbichi Bava and amendment No. 23 by Shri V. V. Dakshinamoorthy being amendments to the Governor's Address and not to the motion of thanks, are not admissible.

Amendment No. 17 by Shri Camalias Moraes, amendment No. 19 by Shri K. K. Aboo and amendment No. 20 are in Malayalam. Since they do not fit in with the motion of thanks, they are not in order.

ശ്രീ. എം. രാമുണ്ണി: സർ, അങ്ങു ഞാൻ കൊടുത്തിട്ടുള്ള ഭേദഗതിയെപ്പററി എന്തോ പറഞ്ഞു. അതെന്താണെന്ന് എനിക്കു് മനസ്സിലായില്ല.

മി: സ്പീക്കർ: ഇംഗ്ലീഷിൽ മൂവു ചെയ്തിരിക്കുന്ന മോഷന് മലയാളത്തിൽ ഭേദഗതി അവതരിപ്പിച്ചാൽ എങ്ങനെ?

ശ്രീ. എം. രാമുണ്ണി: സർ, എനിക്കൊരു സബ്മിഷനുണ്ടു്. കേരളത്തിൽ ഔദ്യോഗികഭാഷ മലയാളത്തിലായിരിക്കണമെന്നുള്ളതിന് ഇവിടെ ഒരു ബിൽതന്നെ അവതരിപ്പിച്ചിട്ടുണ്ടു്. മാത്രമല്ല ഞങ്ങളുടെ പാർട്ടിയുടെ തീരുമാനം അനുസരിച്ച് എല്ലാം മലയാളത്തിൽ ആയിരിക്കണമെന്ന് നിർബന്ധവുമുണ്ടു്.

മി: സ്പീക്കർ: സാധാരണ ഇവിടെ പ്രമേയം ഇംഗ്ലീഷിൽ അവതരിപ്പിച്ചാൽ അതിന് ഭേദഗതികളും ഇംഗ്ലീഷിലായിരിക്കും. അതു് മലയാളത്തിൽ വേണമെന്നു് പറഞ്ഞാൽ എങ്ങിനെ ശരിയാകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. രാമുണ്ണി: ഞങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാം മലയാളത്തിലായിരിക്കണമെന്നുള്ളതു് നിർബന്ധമാണു്.

മി: സ്പീക്കർ: ഇവിടെ ഇതുവരെ നടന്നിട്ടുള്ള പതിവനുസരിച്ച് നോക്കുകയാണെങ്കിൽ എല്ലാ ഭേദഗതികളും ഇംഗ്ലീഷിലാണു്.

ശ്രീമതി കെ. ആർ. ഗൗരി:, അങ്ങനെയാണെങ്കിൽ മലയാളം അറിഞ്ഞുകൂടാത്ത ആളുകൾ ഇവിടെ വരാൻ പാടില്ലല്ലോ?

മി: സ്പീക്കർ: ഇതിനുമുമ്പു ഇവിടെ നടന്നുവരുന്ന പതിവാണ് ഞാൻ പറഞ്ഞതു്. അല്ലാതെ ഞാനിപ്പോൾ പുത്തനായി കണ്ടുപിടിച്ചതൊന്നുമല്ല.

ശ്രീമതി കെ. ആർ. ഗൗരി: നിയമസഭാനടപടികൾ ഈ റൂൾ പ്രകാരമാണ് നിയന്ത്രിക്കുന്നതു്. ഈ റൂളിൽ അങ്ങിനെയൊന്നും തന്നെ പറഞ്ഞിട്ടില്ല.

ശ്രീ. എം. രാമുണ്ണി: എന്തായാലും ഈ അമെൻറുമെൻറുകൾ ഞങ്ങൾക്ക് മൂവു ചെയ്യണം. അത് റിക്കാർഡിൽ വരികയും വേണം.

മി: സ്പീക്കർ: എല്ലാം മലയാളത്തിൽതന്നെ വേണമെന്നുള്ള അഭിപ്രായക്കാരനാണു് ഞാൻ. പക്ഷേ മലയാളത്തിൽ ഇതുവരെ ഈ സഭയിൽ വന്നിട്ടില്ല.

ശ്രീ. എം. രാമുണ്ണി: എന്തായാലും ഞങ്ങൾ കൊടുത്തിട്ടുള്ള അമെൻറുമെൻറുകൾ മലയാളത്തിൽതന്നെ മൂവു ചെയ്യാൻ അനുവദിക്കണം.

മി: സ്പീക്കർ: മലയാളത്തിൽ മൂവുചെയ്യാൻ അനുവദിക്കാം.

ശ്രീ. എം. രാമുണ്ണി: ഞാൻ അമെൻറുമെൻറു മൂവു ചെയ്യുന്നു.

നന്ദിപ്രമേയത്തിൻെറ അവസാനഭാഗത്ത് ''എന്നാൽ ഹരിജനക്ഷേമത്തിന് ഈ ഗവൺമെൻറിൻെറ നയമെന്താണെന്നു വ്യക്തമാക്കാത്തതിൽ ഖേദിക്കുന്നു'' എന്നു കൂട്ടിച്ചേർക്കുക.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: സർ, എനിക്ക് പറയുവാനുള്ളത് ഞാൻ രണ്ടാമതും പറയുകയാണു്. ഒരു പ്രസിഡണ്ടുഭരണം നിലനിന്ന കേരളത്തിൽ സദുദ്ദേശത്തെ മുൻനിർത്തിക്കൊണ്ട് ഒരു ഗവൺമെൻറു രൂപീകരിക്കുകയും ആ ഗവൺമെൻറു രണ്ടരക്കൊല്ലക്കാലം ഇവിടെ ഭരണം നടത്തുകയും ചെയ്തു. അതിനുശേഷം ഏതൊരു സദുദ്ദശത്തിൻെറ പശ്ചാത്തലത്തിലാണോ അന്നു് അധികാരസ്ഥാനത്ത് വന്ന ഗവൺമെൻറിനെ ഊട്ടിവളർത്തുന്നതിന് രൂപവൽകൃതമായ ഐക്യമുന്നണിയെയും സംരക്ഷിച്ചുവോ ആ സദുദ്ദേശത്തേയും കളഞ്ഞുകുളിച്ചുകൊണ്ടു് രാജ്യത്താകെ അസുഖകരമായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടും ഐക്യമുന്നണിയുടെ താൽപര്യത്തിനുവേണ്ടി നിലനിന്ന ജനങ്ങളുടെ നെഞ്ചിൽ കനത്തകഠാരി ഓങ്ങാൻ ഐക്യമുന്നണിയിലെ ചില കക്ഷികളും അവരുമായി അംഗീകാരം പുലർത്തുന്ന മററുള്ളവരും ശ്രമിച്ചു. അവരിൽനിന്നും മാറിനിന്ന മററുള്ള കക്ഷികളുടെ നേതൃത്വങ്ങൾ കേരളത്തിലെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം നിറവേററുന്നതിനും കേരളത്തിലെ ജനാധിപത്യത്തെ രക്ഷിക്കുന്നതിനുംവേണ്ടി അതിരററ ജിജ്ഞാസയോടുകൂടി ഇന്നത്തെ ഗവൺമെൻറു അധികാരത്തിൽ വന്നു. ഇതു് പറയുവാനുള്ള കാരണം

LIBRARY ARCHIVES Kerala Legislative Assembly

ആദ്യത്തെ ഗവൺമെൻറു് അധികാരം ഏറെറടുത്തതിനുശേഷം ഇന്നത്തെ പ്രതിപക്ഷനേതാവായ ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിൻെറ ഭാഷയിൽ തന്നെ പറയുകയാണെങ്കിൽ ഒരു ഗവർണറുടെ പ്രസംഗം നിലനിൽക്കുന്ന ഗവൺമെൻറിൻെറ ആശയങ്ങളുടെ പ്രതിഫലനം ചെയ്യുന്നുവെന്നാണു് കരുതിപ്പോരുന്നതു്. അങ്ങിനെയാണെങ്കിൽ അന്നത്തെ ഗവൺമെൻറിൻെറ നയവിശേഷങ്ങൾ പൂർണ്ണമായ കർത്തവ്യങ്ങൾക്കു് പാത്രീഭവിച്ച മൂന്നു് പ്രസംഗങ്ങളുടെ ഉള്ളടക്കത്തിനു് എന്തു് വിലകൊടുക്കാൻ സാധിക്കുമോയെന്നു് നോക്കിയാൽ ഇന്നത്തെ പ്രസംഗത്തിൻെറ വില നവരത്നങ്ങളിലാണെങ്കിൽ അതു ചില്ലിക്കാശിനുപോലും വിലയില്ലാത്തതാണെന്നു് കാണാവുന്നതാണു്. ഇന്നത്തെ പ്രതിപക്ഷനേതാവു് അന്നത്തെ ഗവൺമെറിൻെറ കഴുത്തു് ഞെരിച്ചതു് അത്ര വിശദീകരിക്കാൻ ഇന്നത്തെ ഗവർണർ തയാറായില്ലെങ്കിലും അതിൻെറ സൂചനയോടുകൂടി പ്രസ്താവിച്ചിട്ടുണ്ടു്. അക്കാര്യം വളരെ ശ്രദ്ധേയമായി ചിന്തിക്കണം. ഗവൺമെൻറിൻെറ പ്രവർത്തനത്തെപ്പററിയും ഭാവി നയങ്ങളെപ്പററിയും കഴിഞ്ഞകാല പ്രവർത്തനങ്ങളുടെയും കഴിവിൻെറയും നയങ്ങളെപ്പററിയും ഉള്ള വിശദീകരണം ഗവർണറുടെ പ്രസംഗത്തിൽ ഉൾക്കൊള്ളണമെന്നാണു് വെപ്പു്. ഇന്നു് അംഗീകരിക്കാൻ ഞാനിവിടെ അവതരിപ്പിച്ച പ്രമേയത്തിനു പാത്രീഭവിച്ച ഗവർണറുടെ പ്രസംഗം മഹത്തേറിയ സത്യസന്ധമായ വസ്തുതകൾ ഉൾക്കൊള്ളുന്നതാണെന്നു് മുഖവുരയായി പറയാൻ ഞാനാഗ്രഹിക്കുന്നു. ഗവർണറുടെ പ്രസംഗത്തിൽ എന്താണ് പറഞ്ഞിട്ടുള്ളത്? അത് വളരെ ചിന്തിക്കേണ്ട ഒരു വസ്തുതയാണ്. മുമ്പുള്ള ഐക്യമുന്നണി മന്ത്രിസഭ രാജിവെച്ചത് വിവിധ കക്ഷികൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസംമൂലമാണ്. പ്രയാസങ്ങളിൽ പെട്ടിട്ടുണ്ടെങ്കിലും ഐക്യമുന്നണി ഉണ്ടാക്കിയത് ഒരു ടീംപോലെ ഒരുമിച്ചു നിന്നും പ്രവർത്തിക്കുന്നതിനും കാര്യങ്ങളെല്ലാം ഒതുക്കിതീർക്കുന്നതിനും സാധിക്കുമെന്നുള്ള പ്രതീക്ഷയിലാണ്. എന്നാൽ അതിനു സാധിച്ചില്ല. ഇതിനുമുൻപും ഇന്നത്തെ പ്രതിപക്ഷനേതാവിൻെറ നേതൃത്വത്തിൽഉണ്ടായിരുന്ന ഗവൺമെൻറിൻെറ കാലത്ത് ഗവർണർ പ്രസംഗിച്ച വാക്കുകളിലേക്കു് ഈ സഭയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്.

''ഇതിനു് മുന്നോടിയായി ആവശ്യം വേണ്ടതു് ഒരു ഉറച്ച ഗവൺമെൻറു നിലനിൽക്കുക എന്നതാണു്. അവരുടെയിടയിൽ എല്ലാവരും അറിയുന്നതുപോലെ അഭിപ്രായവ്യത്യാസങ്ങൾ നിസംശമായും ഉണ്ടായിരുന്നിട്ടുകൂടി, എൻെറ മന്ത്രിസഭ, ഈ സംസ്ഥാനത്തു്, കഴിഞ്ഞപത്തുമാസമായി ഉറച്ച ഒരു ഗവൺമെൻറു ഉണ്ടാക്കിയിട്ടുണ്ടു് എന്നു കാണുന്നതിൽ എനിക്കു് സന്തോഷമുണ്ടു്.''

പത്തുമാസം തുടരുന്നതിനുമുമ്പുതന്നെ അഭിപ്രായവ്യത്യാസം ഉണ്ടായിയെന്നു് പരസ്യമായി ഗവർണറെക്കൊണ്ടു് കുററസമ്മതം ചെയ്തുവെന്നു ഇവിടെ അംഗീകരിച്ചിരിക്കുകയാണു്. കൂട്ടത്തിൽ അഭിപ്രായവ്യത്യാസം പരിഹരിച്ച് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനു് ഒരു ടീംപോലെ മുന്നോട്ടു പോകുമെന്നും ഗവർണറുടെ പ്രസംഗത്തിൽ പറഞ്ഞിരുന്നതാണു്. ഐക്യമുന്നണിയെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കുമെന്നു് തെക്കോട്ടു തിരിഞ്ഞുനിന്നു് സത്യം ചെയ്ത ശ്രീ. നമ്പൂതിരിപ്പാടു് വടക്കോട്ടു തിരിഞ്ഞുനിന്നു് ആ കൃഷ്ണമണിയെ കുത്തികൊല്ലാൻ ശ്രമിച്ചതിൻെറ വ്യക്തമായ തെളിവല്ലേ ഈ ഗവൺമെൻറു് അധികാരത്തിൽ വന്നതിൻെറ പശ്ചാത്തലം. അതിൽനിന്നും ഒഴിഞ്ഞുമാറാൻ ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിന് സാദ്ധ്യമല്ല. അന്നു് ഐക്യമുന്നണിയിൽ അസുഖകരമായ അഭിപ്രായവ്യത്യാസമുണ്ടായി, അഭിപ്രായവ്യത്യാസങ്ങളുടെ സംഘട്ടനം ഉണ്ടായി. എന്തായിരുന്നു അന്നുണ്ടായിരുന്ന അസുഖകരാവസ്ഥ? ഇന്നത്തെ പ്രതിപക്ഷനേതാവു് ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടും അദ്ദേഹത്തിൻെറ സഹപ്രവർ

LIBRARY ARCHIVES Kerala Legislative Assembly

ത്തകാര്യം, അദ്ദേഹം ഉൾക്കൊള്ളുന്ന രാഷ്ട്രീയനേതാക്കൻമാരും ഇവിടെ ഉണ്ടായ തർക്കങ്ങളൊന്നും ഐക്യമുന്നണിയോ, ഐക്യമുന്നണിക്കമ്മിററിയോ കൈകാര്യം ചെയ്തുകൂടെന്ന നിലപാടാണു് എടുത്തിരുന്നതു്. എന്നാൽ പശ്ചിമബംഗാളിലെ ഡെപ്യൂട്ടിമുഖ്യമന്ത്രിയും ശ്രീ. നമ്പൂതിരിപ്പാടിൻെറ സഹപ്രവർത്തകനുമായ ശ്രീ. ജ്യോതിബാസു ഇപ്പോൾ പറയുന്നതെന്താണു്? അവിടത്തെ മുഖ്യമന്ത്രി ശ്രീ. അജയ്മുക്കർജി സഹനസമരം നടത്തിയതു് ശരിയായില്ലെന്നും തർക്കം വല്ലതുമുണ്ടായിരുന്നുവെങ്കിൽ അതു് ഐക്യമുന്നണിയിൽ സമർപ്പിക്കുകയായിരുന്നു വേണ്ടതെന്നാണു് ജ്യോതിബാസു പറയുന്നതു്. അതിനു് മുതിരാതെ തർക്കങ്ങൾ പരസ്യമാക്കിയ ശ്രീ. അജയ്മുക്കർജിയുടെ നടപടി വഞ്ചനയും കൊള്ളരുതായ്മയും ആയിരുന്നുവെന്നാണു് ശ്രീ. ജ്യോതിബാസു പറയുന്നതു്. അതുപോലെ ഐക്യമുന്നണിയിൽ വല്ല അഭിപ്രായവ്യത്യാസവുമുണ്ടായിരുന്നുവെങ്കിൽ അതു് ജനങ്ങളോടല്ല, പത്രക്കാരോടല്ല ഐക്യമുന്നണിക്കമ്മിററിയിലോ ക്യാബിനററിലോ ആയിരുന്നു പറയേണ്ടിയിരുന്നത്. അതു് ചെയ്യാതെ ശ്രീ. നമ്പൂതിരിപ്പാടു് കാണിച്ചതു് വിരോധാഭാസമാണു്, വഞ്ചനയാണു്. ഞാൻ ആദ്യം പറഞ്ഞ വാക്കു് പറയുന്നുവെങ്കിലും വഞ്ചനയാണെന്നുള്ള വാക്കു ഉപയോഗിക്കുന്നില്ല. അതു് അസ്പഷ്ടമായി നിൽക്കുകയാണു്. ഐക്യമുന്നണിരൂപം കഴിഞ്ഞയുടനെ തന്നെ അഭിപ്രായവ്യത്യാസങ്ങളുടെ സംഘട്ടനമുണ്ടായെന്നു് ഗവർണ്ണറെ കൊണ്ടു് പറയിപ്പിക്കാൻ ധൈര്യപ്പെട്ട അന്നത്തെ ഗവൺമെൻറിന് ഇന്നത്തെ ഗവർണ്ണറുടെ പ്രസംഗത്തെപ്പററി എന്തുതന്നെ പറഞ്ഞുകൂടാ. സഹപ്രവർത്തകൻെറ സുഖദു:ഖങ്ങളിൽ പങ്കാളിയാകേണ്ട ശ്രീ. നമ്പൂതിരിപ്പാടു് അന്നത്തെ വ്യവസായ മന്ത്രി ശ്രീ. ടി. വി. തോമസു് ചതിചെയ്തിരിക്കുന്നു, വഞ്ചന ചെയ്തിരിക്കുന്നുവെന്നു് പരസ്യമായി പത്രപ്രതിനിധികളെ വിളിച്ചിരുത്തി പറയുകയുണ്ടായി. എന്നാൽ ഇന്നു് അദ്ദേഹത്തിൻെറ സമകാലീനനായ ജ്യോതിബാസു അവിടത്തെ മുഖ്യമന്ത്രിയുടെ നടപടിയെ എതിർക്കുകയാണു്. അന്നു് ഇവിടെ ക്യാബിനററും ഐക്യമുന്നണികമ്മിററിയും ഉണ്ടായിരുന്നില്ലേ? ഇനിയെങ്കിലും ശ്രീ. ഇ: എം. ശങ്കരൻനമ്പൂതിരിപ്പാടിന് ബോധമുണ്ടാകട്ടെ. ശ്രീ. ജ്യോതിബാസു പറയുന്നരീതിയിലുള്ള വഞ്ചനയല്ലേ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു് ഈയിടെ കാണിച്ചതു്. അങ്ങാണു് ആദ്യമായിട്ടു് ഐക്യമുന്നണിയെ നശിപ്പിക്കാൻ വാൾ ഓങ്ങിയതു്. കൈയിലെടുത്ത ആ വാളുകൊണ്ടു് നമ്പൂതിരിപ്പാടു് പല ആളുകളേയും വെട്ടാൻ ഓങ്ങി. ദൗർഭാഗ്യമെന്നുപറയട്ടെ അങ്ങയുടെ നേതൃത്വത്തിലും സ്വേച്ഛാധിപത്യത്തിലും നിലനിന്നുവന്ന അങ്ങയുടെ നേർക്കുതന്നെ ആ കത്തിവീണു. ഈ ഗവർമ്മെൻറു് വഞ്ചനാഗവർമ്മെൻറാണു് പോലും, ഭരിക്കാൻ അർഹതയില്ല പോലും. അധികാരത്തിൻെറ കുത്തകസംഘടിപ്പിച്ചു് രൂപപ്പെടുത്തേണ്ട ഉരുക്കുകട്ട മാർക്സിസ്ററുപാർട്ടിയുടെ തലച്ചോറിലാണെന്നു് പറയുന്നതു് ശരിയല്ല. കേരളത്തിന് ആവശ്യം പ്രസിഡൻറു് റൂൾ ആണെങ്കിൽ നിയമസഭ പിരിച്ചു് വിടൂയെന്നു് പറയാനുള്ള പൗരുഷം ഉപയോഗിക്കാനുള്ള ധീരത എന്തുകൊണ്ടു് അദ്ദേഹത്തിനു് ഉണ്ടായില്ല. ഈ ഗവർമ്മെൻറു് എന്തുചെയ്യണം മെന്നു്, ഇവിടെ തെരഞ്ഞെടുക്കുന്ന നിയമസഭാസാമാജികൻമാർ നേതൃത്വം വഹിക്കുന്ന സഭയുടെ സ്വഭാവം എന്തായിതീരണമെന്നും ഭാവി ജനാധിപത്യത്തിൻെറ പോക്കു് എങ്ങനെയായിരിക്കണമെന്നുള്ള നിർദ്ദേശം കൊടുക്കാനുള്ള ഉത്തരവാദിത്വം ഉണ്ടായിരുന്നില്ലേ? അതിനുള്ള ബാദ്ധ്യതയുണ്ടായിരുന്നില്ലേ? ഈ കേരളത്തിലെ ജനാധിപത്യം എങ്ങനെ മുന്നോട്ടു് കൊണ്ടുപോകണമെന്നു് അഭിമാനത്തോടുകൂടി ആഗ്രഹിക്കുന്ന കേരളത്തിലെ ജനങ്ങൾ പ്രസിഡൻറു് റൂൾ ഒഴിവാക്കുന്നതിനുവേണ്ടി ഒരു ഗവർമ്മെൻറു രൂപീകരിക്കാൻ തയ്യാറായി. ഇവിടെ നിയമസഭ പിരിച്ചു വിട്ടിട്ടു പ്രസിഡൻറു് ഭരണം നടപ്പിലാക്കണമെന്നായിരുന്നുവെങ്കിൽ എന്തുകൊണ്ടു് പ്രസിഡൻറു് ഭരണം നടപ്പിലാക്കണമെന്നു് പറയാനുള്ള പൗരുഷം ഇന്നത്തെ പ്രതിപക്ഷനേതാവിനു് ഉണ്ടായില്ല.

LIBRARY ARCHIVES Kerala Legislative Assembly

പ്രസിഡൻറ് റൂൾ ക്ഷണിച്ചുവരുത്തുന്നതിന്റെ പങ്കാളിയാകാതിരിക്കുകയും വേണം. പ്രസിഡൻറ് റൂൾ ക്ഷണിച്ചുവരുത്തണമെന്ന് ഉള്ളിൽ ആഗ്രഹവുമുണ്ട്. പ്രസിഡൻറ് റൂൾ വരേണ്ട എന്നു ആഗ്രഹമുണ്ടെങ്കിൽ, ഒരു ജനാധിപത്യ ഗവൺമെൻറ് നിലനിൽക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ ഈ ഗവൺമെൻറ് ചെയ്യുന്ന നല്ലകാര്യങ്ങളെ അനുകൂലിക്കുകയല്ലേ വേണ്ടത്? ശ്രീ. നമ്പൂതിരിപ്പാട് രാജിവച്ചിറങ്ങിപ്പോയപ്പോൾ തന്റെ കൂടെയുണ്ടായിരുന്ന സഹപ്രവർത്തകരുടെ മുൻപിൽ ഇനി എന്തു വേണമെന്നുള്ളതിനെക്കുറിച്ച് പ്രായോഗികമായ നിർദ്ദേശം വയ്ക്കാതിരുന്നത് ബോധപൂർവ്വകമാണെന്നു കരുതിക്കൂട്ടിയുള്ള അപകടകരമായ അനീതിയാണെന്നു ഞാൻ പറയുകയാണ്. നിയമസഭ പിരിച്ചുവിടണമെന്ന് അദ്ദേഹത്തിന്റെ ഉള്ളിൽ ആഗ്രഹമുണ്ട്. അങ്ങാടിയിൽ പോകണം, ആനപ്പുറത്തു പോകാനാണ് ആഗ്രഹം, അതു പകലേതന്നെ പോകുകയും വേണം, ആരും കാണരുതേ ഈശ്വരാ എന്നു പറഞ്ഞതു പോലെ പ്രസിഡൻറ് റൂൾ തന്നെ വരണം, നിയമസഭ പിരിച്ചുവിടണം എന്നു ഉള്ളിൽ ആഗ്രഹമുണ്ട്. പക്ഷേ താൻ അതു പറഞ്ഞതായിട്ട് വരരുതേ ഈശ്വരാ എന്നു വിശ്വസിക്കുന്ന ഈശ്വരവിശ്വാസമില്ലാത്തവരും ഇവിടെ കാണും. ആ നിലയിലാണ് ശ്രീ. നമ്പൂതിരിപ്പാട് പെരുമാറിയത്. പക്ഷേ ഇവിടെ എന്തു ഉണ്ടായി? ഒരു ഗവൺമെൻറ് വന്നു. എങ്ങനെയാണ് ആ ഗവൺമെൻറ് ഉണ്ടായത്? നിലവിലിരുന്ന ഗവൺമെൻറ് രാജിവച്ചിട്ട് ഒളിച്ചോടിപ്പോകുന്ന ഒരു സുപ്രഭാതത്തിൽ കേരളം അനാഥമായി പോകരുതെന്നു വിചാരിച്ച് ജനാധിപത്യ വിശ്വാസികൾ ചേർന്ന് ഒരു പുതിയ ഗവൺമെൻറ് രൂപീകരിച്ചു. മുൻപത്തെ ഗവൺമെൻറ് പാസാക്കിയ ഭൂനയ ബിൽ ഈ ഗവൺമെൻറ് നടപ്പിലാക്കാൻ തുടങ്ങി. ഭൂനയ ബിൽ നടപ്പിലാക്കാൻ തുടങ്ങിയപ്പോൾ മുൻപത്തെ റവന്യുമന്ത്രി പറയുകയാണ്, അത് ഞങ്ങൾ പാസാക്കിയ ബില്ലാണ്, ഞങ്ങൾ കൊണ്ടുവന്ന ബില്ലാണ്, നിങ്ങൾക്കാർക്കും അതിനെക്കുറിച്ച് പറയാൻ അവകാശമില്ല. ശ്രീ. ജേക്കബ്ബിന് പറയാൻ അവകാശമില്ല, പി. ആർ. കുറുപ്പിന് മിണ്ടാൻ പാടില്ല. ചന്ദ്രശേഖരന് ഉരിയാടിക്കൂടാ, ഈ രാജ്യത്ത് ആർക്കും പറയാൻ പാടില്ല. ഭൂപരിഷ്കരണനിയമമാകുന്ന സ്വന്തം കുഞ്ഞിനെ, അതു എന്തെങ്കിലും ആയിക്കൊള്ളട്ടെ, അതിനെ കാക്കത്തൊട്ടിയിൽ വലിച്ചെറിയാനുള്ള നടപടി എന്തിനു സ്വീകരിച്ചു? ആ കുഞ്ഞിനെ ആരെങ്കിലും വളർത്തട്ടെ, ശ്രീ. ജേക്കബ്ബ് കൈപിടിച്ച് വളർത്തട്ടെ, ശ്രീ. അച്യുതമേനോൻ വളർത്തട്ടെ, പക്ഷേ എന്തിന് ആ കുഞ്ഞിനെ കാക്കത്തൊട്ടിയിൽ എറിഞ്ഞു. വളരെക്കാലം ആററുനോററു കിട്ടിയ ആ കുഞ്ഞിനെ പത്തുമാസം കഷ്ടപ്പെട്ടു ചുമന്ന് അവസാനം വലിയ പ്രസവവേദന സഹിച്ച് എല്ലാവരുടേയും വെറുപ്പോടുകൂടി സമ്പാദിച്ച ആ കുഞ്ഞിനെ കാക്കത്തൊട്ടിയിൽ എറിയാനുള്ള നടപടി തന്റെ നേതാവ് ശ്രീ. നമ്പൂതിരിപ്പാട് എന്തിനു സ്വീകരിച്ചു എന്നു ഞാൻ ചോദിക്കുകയാണ്. ആ കുഞ്ഞ് എവിടെയെങ്കിലും വളർന്നുകൊള്ളട്ടെ ഈ ഗവൺമെന്റിന്റെ സ്നേഹപുരസ്സരമായ പരിചാരത്തോടെ വളർന്നു വരട്ടെ എന്നല്ലേ ആ അമ്മ വിചാരിക്കേണ്ടത്? ഏതായാലും അതിനെ നശിപ്പിച്ചേ തീരൂ, അതിനെ കൊന്നേതീരൂയെന്നുള്ള പ്രവണത അംഗീകരിച്ചത് നിർഭാഗ്യകരമായിപ്പോയി. ജനാധിപത്യ മര്യാദയനുസരിച്ച് ഈ ഗവൺമെൻറ് അധികാരസ്ഥാനത്ത് വരാതെ ജനങ്ങളുടെ താൽപര്യങ്ങൾ വിജയിക്കുകയില്ലെന്ന വാദമാണ് ഇവിടെ പിന്നീട് ഉന്നയിച്ചു കേട്ടത്. ജനങ്ങളുടെ താൽപര്യങ്ങൾ വിജയിപ്പിക്കേണ്ട ബാധ്യത പ്രതിപക്ഷത്ത് നിൽക്കുന്ന കക്ഷികൾക്കുമുണ്ട്. എല്ലാ നിയമസഭാസാമാജികൻമാർക്കും അതിനുള്ള ഉത്തരവാദിത്വമുണ്ട്. തിരഞ്ഞെടുപ്പിന് നിൽക്കുമ്പോൾ നമ്മുടെ മുൻപിലുണ്ടായിരുന്ന ശക്തിയേറിയ മുദ്രാവാക്യം കാൺഗ്രസ് വിരുദ്ധശക്തിയായി മുന്നോട്ട് പോകുകയെന്നുള്ളതായിരുന്നു. ആ മുദ്രാ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വാക്യത്തോടു് കൂടി ഐക്യമുന്നണി സംഘടിപ്പിച്ച ഒരു പ്രധാനരാഷ്ട്രീയ കക്ഷി പ്രതിപക്ഷത്തു മാറിനിന്നു് ഈ ഗവൺമെൻറിനെ അട്ടിമറിക്കാൻ സംഹാരരുദ്രതയോടുകൂടി കഠാരി ഓങ്ങുകയാണു് ചെയ്യുന്നതു്. ഇതാണു് ഇന്നത്തെ നില. ഈ ഗവൺമെൻറിനെ പിരിച്ചുവിടണം. പ്രസിഡൻറു് റൂൾ വരുത്തണം; പൊതുതെരഞ്ഞെടുപ്പു നടത്തണം ഇതാണോ ആ കക്ഷി ആഗ്രഹിക്കുന്നതു്. അതു തുറന്നു് പറയാൻ എന്തിന് മടി കാണിക്കണം. ജനാധിപത്യമര്യാദയനുസരിച്ചു് ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടു് അധികാരം കൈവശം കിട്ടിയാൽ അവർ മുഴുവൻ ജനങ്ങളുടെ പ്രതിനിധിയാണു്. ഐക്യമുന്നണി പാർട്ടിയെന്നു വച്ചാൽ ബഹുമാനപ്പെട്ട ചേർത്തലമെമ്പറുടെ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി വിചാരിക്കുന്നതു്, മാർക്സിസ്റ്റുകാരൊഴിച്ചു് മററു് കക്ഷിക്കാരെല്ലാം സിങ്കപ്പൂരിലോ സിലോണിലോ പോകണമെന്നാണോ? ഇവിടെ ഒരു ഗവൺമെൻറു് ഇല്ലാതായപ്പോൾ ഈ നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെ ആഗ്രഹാഭിലാഷപ്രകാരമാണു് ശ്രീ. സി. അച്യുതമേനോൻെറ നേതൃത്വത്തിൽ ഒരു ഗവൺമെൻറു് ഉടലെടുത്തതു്. പ്രസിഡൻറു് റൂൾ വേണമെന്നു് ശ്രീ. നമ്പൂതിരിപ്പാടു് ഗവർണ്ണറോടു് പറയാൻ ധൈര്യപ്പെട്ടില്ല. പക്ഷേ ഉള്ളിൽ ആഗ്രഹമുണ്ടായിരുന്നു. ഉള്ളിലുള്ളതു പലതും പുറത്തു് പറയാൻ ചിലർക്കു് മടി കാണും. അതുകൊണ്ടു് അദ്ദേഹം പറഞ്ഞില്ല. പ്രസിഡൻറു് റൂളിൽ നിന്നു് കേരളത്തെ രക്ഷപ്പെടുത്താൻ വേണ്ടി ഒരു പുതിയ ഗവൺമെൻറു് രൂപീകരിച്ചപ്പോൾ ശ്രീ. നമ്പൂതിരിപ്പാടു് പറയുകയാണു്, ഈ ഗവൺമെമ്പൻറിനു് ഭൂരിപക്ഷമുണ്ടെന്നു ബോദ്ധ്യപ്പെടുത്താത്തതുകൊണ്ടു് ഭരിച്ചുകൂടെങ്കിൽ ഭാവിയിൽ എന്തുചെയ്യണമെന്നു ബോധ്യപ്പെടുത്താതെ രാജിവച്ച അന്നത്തെ മുഖ്യമന്ത്രി കേരളത്തിലെ ലക്ഷക്കണക്കായ പൊതുജനങ്ങളെ പരസ്യമായി വഞ്ചിച്ചിരിക്കുകയാണു്, ജനാധിപത്യത്തെ വഞ്ചിച്ചിരിക്കുകയാണെന്നു് ഞാൻ പറയും. ഈ രീതിയിലുള്ള പ്രചരണങ്ങൾക്കു് എന്തു ഉത്തരം പറയാൻ കഴിയും. ഈ ഗവൺമെൻറു് അധികാരത്തിൽ വന്നതു് കേരളത്തിലെ ജനാധിപത്യത്തെ രക്ഷിക്കാനാണ്. കേരളത്തിലെ ജനങ്ങളുടെ ഏററവും വലിയ ആഗ്രഹമായ ഒരു ജനാധിപത്യ ഗവൺമെൻറ് ഉണ്ടാക്കുകയെന്നുള്ള ആശയത്തെ സഫലീകരിക്കുകയാണു് ഈ ഗവൺമെൻറു് ചെയ്തിട്ടുള്ളതു്. ഇപ്പോൾ പല വിമർശനങ്ങളും ഉണ്ട്. ഈ ഗവൺമെൻറിന് ഭൂരിപക്ഷമുണ്ടെന്നുള്ളതു് തെളിയിക്കുന്നതിനുവേണ്ടി നിയമസഭ വിളിച്ചുകൂട്ടുന്നതില്ലെന്നു് പരാതിപ്പെട്ടു. നിയമസഭ വിളിച്ചുകൂട്ടി. നിമസഭ വിളിച്ചുകൂട്ടിയപ്പോൾ ഗവർണ്ണറെ പ്രസംഗിക്കാൻ അനുവദിക്കാതെ അദ്ദേഹത്തിൻെറ പ്രസംഗം എന്തിനു് തടസ്സപ്പെടുത്തി. ഗവർണ്ണറോടു് വിരോധമില്ലെന്നാണു് പറയുന്നതു്. അതു ഞങ്ങളോടുള്ള സമരപരിപാടിയായിരിക്കാം. ഏതായാലും കാൺഗ്രസിൻെറ സഹായത്തോടു് കൂടിയെ ഞങ്ങൾക്കു് ഭരിക്കാൻ സാധിക്കുകയുള്ളുയെന്നു പറയുന്ന സുഹൃത്തുക്കളോടു് എനിക്കു് ഒന്നേ പറയാനുള്ളു. കാൺഗ്രസിലെ രണ്ടു വിഭാഗവും വളരെ വ്യക്തമായി കേരളത്തിലെ ജനങ്ങളോടു് പറഞ്ഞു. നല്ല കാര്യങ്ങൾ ചെയ്യാൻ ഇന്നത്തെ ഗവൺമെൻറ് തയ്യാറുള്ളടത്തോളം കാലം ഞങ്ങളുടെ പിൻതുണ ഉണ്ടായിരിക്കും, ഞങ്ങൾ ഈ ഗവൺമെൻറിനെ നശിപ്പിക്കാൻ ആഗ്രഹിക്കുന്നില്ലെന്നു്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു് പാർട്ടി കൈയിൽ കഠാരയുമായി ഈ ഗവൺമെൻറിനെ നശിപ്പിക്കാൻ സിൻഡിക്കേററിൻെറ സഹായം തേടിയിട്ടു് എന്താണു് ഉണ്ടായതെന്നുള്ള കാര്യം നമുക്കറിയാം. കാൺഗ്രസിലെ രണ്ടു വിഭാഗവും പറയുന്നതു് നല്ലകാര്യങ്ങൾ ചെയ്താൽ ഞങ്ങൾ സഹായിക്കുമെന്നാണു്.

ശ്രീ. കെ. രാമുണ്ണി: മെമ്പർ കാൺഗ്രസുകാരുടെ വക്താവായിട്ടാണോ ഇവിടെ നിന്നു സംസാരിക്കുന്നതു്?

<u>ശ്രീ. പി. രാമുണ്ണിക്കുറുപ്പു്.:</u> കാൺഗ്രസുകാരുടെയും മററു് പാർട്ടികളുടെയും നിത്യബന്ധം വഹിക്കുന്ന രാഷ്ട്രീയ കക്ഷികഠം ഇവിടെ വേറെയുണ്ടു്. അവർ അതു ചെയ്തുകൊള്ളും. പിൻതിരിപ്പൻ ശക്തികളോടു് കൂട്ടുചേർന്നു ഭരണകൂടത്തിൽ എത്തിക്കൊള്ളാമെന്നു പ്രഖ്യാപിച്ച രാഷ്ട്രീയകക്ഷിയുടെ ചരിത്രം പത്രത്തിലുണ്ടു്. ഇവിടെ വേറെയുണ്ടു്. അതു എസ്. എസ്. പി. യാണെന്നു് ഞാൻ പറയുന്നില്ല. കാരണം അതിൽ അവർക്കു് വേദന തോന്നും.

കാൺഗ്രസുകാർ പറയുന്നതു് ഇങ്ങനെയാണു്. നല്ല കാര്യങ്ങഠം ചെയ്യുന്നതിനെ തങ്ങഠം അനുകൂലിക്കുമെന്നാണു്. നമ്മുടെ പ്രതിപക്ഷ നേതാവായ ഇ. എം. എസ്. നമ്പൂതിരിപ്പാടിൻെറയും, ശ്രീ. എ. കെ. ഗോപാലൻെറയും പഴവങ്ങാടി പ്രസംഗം ഒന്നു ശ്രദ്ധിച്ചാൽമതി കാര്യങ്ങഠം മനസ്സിലാക്കാൻ. നല്ലതു ചെയ്യുന്നുയെന്നുള്ളതുകൊണ്ടുമാത്രം ഒരു ഗവൺമെൻറിനെ നിലനിറുത്താൻ പാടില്ലെന്നാണു് അവർ പറയുന്നതു്. ഇതു് വായിച്ചാൽ ഇടയ്ക്കിടയ്ക്കു് ചിലതെല്ലാം ചീത്തയും കൂടി ചെയ്താലേ ഗവൺമെൻറിനു് നിലനിൽക്കാൻ കഴിയുകയുള്ളുവെന്നു്. മാർക്സിസ്ററു് കമ്മ്യൂണിസ്ററു്കാർക്കു് മാത്രമേ ഈ രാജ്യം ഭരിക്കാൻ പാടുള്ളു, അവർക്കു് മാത്രമേ അദ്ധ്വാനിക്കുന്നവരുടെ ഗവൺമെൻറു് ഉണ്ടാക്കാൻ സാധിക്കുകയുള്ളു, എന്നാണു്. ഏതായാലും മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയിലെ രണ്ടു ഉന്നതരായ അഖിലേൻഡ്യാ നേതാക്കഠം ഈ ഗവൺമെൻറ് നല്ലകാര്യങ്ങഠം ചെയ്യുന്നുയെന്നുള്ള അഭിപ്രായപ്രകടനം നടത്തിയതിൽ വളരെ സന്തോഷമുണ്ട്. അങ്ങനെ ഈ ഗവൺമെൻറ് നല്ല കാര്യങ്ങഠം ചെയ്യുന്നുയെന്നു് മാർക്സിസ്ററ് കമ്മ്യൂണിസ്ററുപാർട്ടിപോലും സമ്മതിച്ചിരിക്കുന്ന ഈ അവസരത്തിൽ അവരുടെ അനുയായികഠം നശീകരണബുദ്ധിയോടുകൂടി കൈയിൽകഠാരയുമായി നേതൃത്വത്തിൻെറ സമ്മതത്തോടുകൂടി ഈ ഗവൺമെൻറിനെ വധിക്കാൻ മുന്നോട്ടുവരുന്ന പശ്ചാത്തലത്തിൽ നല്ലതു ചെയ്യുന്ന ഈ ഗവൺമെൻറിനെ സഹായിക്കാൻ കാൺഗ്രസു് പാർട്ടിയിലെ രണ്ട് ഗ്രൂപ്പും തയാററായി മുന്നോട്ടുവന്ന് അതു പരസ്യമായി പറയുന്നതു് കുറെക്കൂടി മര്യാദയുള്ള പ്രവർത്തിയാണെന്നു് ഞാൻ പറയുകയാണ്. കാൺഗ്രസുകാർ സ്വീകരിച്ച നിലപാടു് നല്ലതു ചെയ്യുന്ന ഭരണകൂടത്തെ സഹായിക്കുകയെന്നുള്ളതാണ്. ആ ഒരു നിലപാടു് ഈ രാജ്യത്തെ ജനാധിപത്യവാദികഠം സ്വീകരിക്കുമെന്നു് ഞാൻ വിശ്വസിക്കുകയാണു്.

<u>ശ്രീ. പി. രാമുണ്ണിക്കുറുപ്പ്:</u> ഇപ്പോഠം പറയുന്നത് കാലു മാററത്തിൻെറ വൈഷമ്യമാണ്. കാലുമാറിയ വ്യക്തികഠം ആരെല്ലാമാണെന്ന് ഞാൻ
10 A. M. ഇപ്പോഠം പറയുന്നില്ല. ഈ ഗവൺമെൻറ്അധികാരത്തിൽ വന്നശേഷമാണോ കാലുമാററം തുടങ്ങിയത്. ആര് ആരെ പിടിച്ചു എന്നുള്ളതാണ് പ്രശ്നം. ഒരു പ്രമേയത്തിൻെറ ചർച്ച ഈ നിയമസഭയിൽ വന്ന കാലത്ത് കാലിച്ചാക്കുമായി ആരാണ് മുന്നോട്ടു പോയത്. ബഹുമാനപ്പെട്ട മെമ്പർ ചന്ദ്രസേനനെ ചാക്കിൽ കയററിയതിൻെറ ഉൽഘാടനകർമ്മം നിർവ്വഹിച്ച മാർക്സിസ്ററ് പാർട്ടിയുടെ ഉപനേതാവായ ഗൗരിക്ക് ഞാൻ നന്ദി പറയുകയാണ്. അതുകൊണ്ട് കാലുമാററത്തിൻെറ കാര്യം പറയുന്നതിൽ വലിയ അർത്ഥമില്ല. ഭൂനയബിൽ നടപ്പിലാക്കുകയില്ലെന്ന് ആദ്യം പറഞ്ഞു. ഭൂനയബില്ല് നടപ്പിലാക്കിയപ്പോഠം സമരം തുടങ്ങി. ഇപ്പോഠം കൈയേററത്തിൻെറ സമരം ആണ്. ഇത് പറഞ്ഞപ്പോഠം ഒരു തമാശ ഓർമ്മവരികയാണ്. ബസ് കണ്ടക്ടറൻമാർ ബസ്[illegible]നകത്തിരുന്നാണ് എഴുതുന്നത്. അയാഠക്ക് പെൻഷൻപററി വീട്ടിൽ ചെന്നപ്പോഠം മേശപ്പുറത്തുവച്ച് എഴുതുവാൻ സാധിക്കുന്നില്ല. മൂത്ത മകനെ വിളിച്ച് മേശ കുലുക്കാൻ പറഞ്ഞു. അപ്പോഠം മാത്രമേ അയാഠക്ക് എഴുതുവാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിച്ചുള്ളു. അതുപോലെയാണ് നിയമപ്രകാരം ഭൂമികൊടുക്കാൻ തയാറായാലും കൈയേറാതെ സാധിക്കുക ഇല്ലെന്നുള്ള നിർബന്ധമുള്ളത്. അത് സ്വാഗതാർഹമല്ല, അഭികാമ്യമല്ല. ഇപ്പോഴം പ്രതിപക്ഷ നേതാവ് പറയുന്നത് 9-ാം തീയതി ഈ ഗവൺമെൻറ് പൊളിയുമെന്നാണ്. കേരളത്തിൽ രണ്ടു തവണ മുഖ്യമന്ത്രിയായിരുന്ന ഒരു ബഹുമാന്യ ദേഹമാണ് ഇത് പറയുന്നത്. എന്നാൽ ഇപ്പോഴം ആ പറച്ചിലിൽ കുറച്ച് വ്യത്യാസം വരുത്തിയിട്ടുണ്ട്. ഈ ഗവൺമെൻറ് രണ്ടു മൂന്നു മാസത്തിലധികകാലം നിലനിൽക്കുകയില്ലെന്നാണ് അദ്ദേഹം പറയുന്നത്. അദ്ദേഹം അതിന് പറഞ്ഞ കണക്കിൻെറ കാര്യമൊന്നും ഞാനിവിടെ പറയുന്നില്ല. കണക്കെടുക്കേണ്ടത് നിയമസഭയാണ്. മറെറാന്നാം ഗവർണ്ണറുടെ പ്രസംഗത്തെ സംബന്ധിച്ചിടത്തോളം നന്ദി പ്രമേയത്തിൽ മേലുള്ള വോട്ടെടുപ്പു നടക്കുന്നുണ്ട്. ഈ ഗവൺമെൻറിനെ അനുകൂലിക്കുന്ന ജനാധിപത്യവാദികളെല്ലാം നന്ദി പ്രമേയത്തെ അനുകൂലിച്ച് വോട്ടുചെയ്യും. അപ്പോഴം ഈ ഗവൺമെൻറിനുള്ള ഭൂരിപക്ഷത്തെപ്പററി മനസ്സിലാവും. ഏതായാലും ഇത്തരം പരസ്പരവിരുദ്ധമായ അഭിപ്രായങ്ങൾ പറയുന്ന ഒരു കക്ഷിയായി മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി രൂപാന്തരപ്പെട്ടിരിക്കുകയാണ്.

ഗവർണറുടെ പ്രസംഗം ഇവിടെ നടക്കുമ്പോഴം പ്രതിപക്ഷ പാർട്ടി സ്വീകരിച്ച നയം മിക്കവാറും ''കലഹിനയമാണ്''. എല്ലായ്പ്പോഴും കലഹം കൂട്ടുക, എല്ലാ കാര്യങ്ങളേയും എതിർക്കുകഎന്നുള്ളതാണ് കലഹിനയം. കലഹി ഒരവതാരമാണ്. പുരാണത്തിലെ അവതാരമാണ്. രാമായണത്തിൽ അത് മന്ഥരയായി അവതരിച്ച് മഹാഭാരതത്തിൽ കുബ്ജയും കൂനിയുമാണ്. എന്തു പറഞ്ഞാലും എതിരെ ചെയ്യുകയുള്ളു. കാലു കഴുകണമെന്നു പറഞ്ഞാൽ മുഖം കഴുകും. ഊണിനു കഞ്ഞിവേണമെന്നുപറഞ്ഞാൽ ചപ്പാത്തിയെ കൊടുക്കുകയുള്ളു. ഈ ഒരു നയം ശ്രീമതി ഗൗരിയുടെ നേതൃത്വത്തിലുള്ള മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി ഇപ്പോഴം അംഗീകരിച്ചിരിക്കുന്നതിൽ വേദനയുണ്ട്. ഈ നയം മാററിയിട്ട് നിർമ്മാണപരമായ ഒരു നയം സ്വീകരിക്കണം. നല്ലതിനെ അനുകൂലിക്കുക, ചീത്തയായതിനെ എതിർക്കുക അങ്ങനെയുള്ള ഒരു നയം സ്വീകരിക്കുന്നതിൽ വിരോധമില്ല.

മാർക്സിസ്ററ് കമ്മ്യൂണിസ്ററു പാർട്ടി പശ്ചിമ ബംഗാളിൽ രസകരമായ ഒരു നയമാണ് സ്വീകരിച്ചിട്ടുള്ളത്. അവിടുത്തെ നയവും ഇവിടുത്തെ നയവും തമ്മിൽ ഒരു പൊരുത്തവുമില്ല. ഇരട്ടത്താപ്പുനയം സ്വീകരിച്ച മാർക്സിസ്ററു കമ്മ്യൂണിസ്ററ് പാർട്ടിയുടെ നിലയെന്താണെന്ന് നോക്കണം. അവിടത്തെ മുഖ്യമന്ത്രിക്ക് ഒരു അധികാരവുമില്ലെന്നാണ് പറയുന്നത്. പല കക്ഷികളും കൂട്ടുചേർന്നുള്ള ഒരു ഐക്യമുന്നണി ഗവൺമെൻറിലെ മുഖ്യമന്ത്രിയാണ് ശ്രീ. അജയ്കുമാർ മുക്കർജി. ആ ഐക്യമുന്നണി കക്ഷിയിലെ മുഖ്യമന്ത്രിക്ക് യാതൊരധികാരവും പാടില്ലെന്നാണ് അവിടെത്തെ ഉപമുഖ്യമന്ത്രിയും മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി നേതാവുമായ ശ്രീ. ജ്യോതിബാസു പറയുന്നത്. എന്നാൽ ഇവിടത്തെ ഐക്യമുന്നണി കക്ഷിയിലെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. നമ്പൂതിരിപ്പാടിന് സർവ്വാധികാരവും വേണമെന്നാണ് ഇവിടുത്തെ മാർക്സിസ്ററുകാർ പറഞ്ഞത്. ഇതെന്തുവിരോധാഭാസമാണ്. മന്ത്രിമാർക്ക് പോലീസ് കാവൽ സ്ട്രോംഗ് ആക്കിയതിന് അത് ജനാധിപത്യത്തിൻെറ കൊലകയറാണെന്ന് ഇവിടെ സൂചിപ്പിച്ചുകേട്ടു. സി. ആർ. പി.യെ ഇവിടെ കൊണ്ടുവന്നതിനു് കാൽമുതൽ തലവരെ എതൃത്തിട്ടുണ്ട്. പശ്ചിമ ബംഗാളിൽ പട്ടാളം വേണമെന്നുള്ളത് മാർക്സിസ്ററുകാർക്ക് നല്ലതാണ്. പക്ഷിയെ വെടിവച്ചുകൊല്ലുന്നമാതിരി പശ്ചിമ ബംഗാളിൽ തൊഴിലാളികളേയും കർഷകരേയും, വിദ്യാർത്ഥികളേയും കൊല്ലുന്നതിന് അനുകൂലിക്കുന്ന ജനങ്ങളല്ല കേരളത്തിലുള്ളത്. ഇവിടെ സി. ആർ. പി.യെ കൊണ്ടുവന്നതിന് ആക്ഷേപിക്കുന്ന മാർക്സിസ്ററുകാർ കാസർകോട്ട്

LIBRARY ARCHIVES Kerala Legislative Assembly

വെടിവച്ചത് ആരുടെ കാലത്താണെന്നുള്ളത് ഒന്നു ചിന്തിക്കണം. പുന്നപ്രയിലും കുളമാവിലും വെടിവച്ചത് ആരുടെകാലത്താണ്? ആ സംഭവം ഉണ്ടായ കാലത്തു് ഒരു മന്ത്രിയേയും കൊല്ലാൻ അന്ന് ആരും ആസിഡ് ബാംബുമായി പോയില്ല. അന്നത്തെ പ്രതിപക്ഷം ബലഹീനമായിരുന്നു. പക്ഷേ ആ പ്രതി പക്ഷം കത്തിയോ, കഠാരിയോ, ആസിഡ് ബാംബുമായോ ആരേയും ആക്രമിക്കുവാൻ തുനിഞ്ഞില്ല.

ശ്രീ. ബേബിജോൺ: അന്നത്തെ വെടിവയ്പ്പുകളെല്ലാം അന്നത്തെ ഗവൺമെൻറിനെ അപമാനിക്കുവാൻ വേണ്ടി ഉദ്യോഗസ്ഥൻമാരും കേന്ദ്രഗവൺമെൻറും കൂടി ഗൂഢാലോചന നടത്തിയതിൻെറ ഫലമായിട്ടല്ലേ—മെമ്പർക്കറിയാമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ആണെന്ന് ശ്രീ. എ. കെ. ഗോപാലനും അല്ലെന്ന് നമ്പൂതിരിപ്പാടും അങ്ങനെ പറഞ്ഞതായി കണ്ടിട്ടുണ്ട്. ബേബി ജോണിൻെറ അഭിപ്രായം അറിയില്ല. യാതൊരു കടന്നാക്രമണവും ഉണ്ടാകാത്ത കാലത്ത് കണ്ടമാനം തൊഴിലാളികളേയും വിദ്യാർത്ഥികളേയും വെടിവെച്ചു കൊല്ലാൻ ഇ. എം. എസ്. ൻെറ പോലീസ് ശ്രമിച്ചു എന്നു പറഞ്ഞാൽ ഇന്നു ആമാതിരിയുള്ള സംഭവങ്ങളുടെ കണക്ക് പരിശോധിച്ചുനോക്കാൻ എളുപ്പമാണ്. ഇന്ന് എന്താണ് നടക്കുന്നത്. സാഹചര്യത്തിൻേറയും നിയമങ്ങളുടേയും പ്രയോഗത്തിൻേറയും മുഷ്കല്ലേ? മാർക്സ്സിറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അഴിച്ചുവിട്ടിരിക്കുന്ന സമരം ഈ ഗവൺമെൻറിനെ അട്ടിമറിക്കുവാനുള്ള താണെന്ന് വ്യക്തമാക്കിയില്ലേ? അന്ന് പ്രതിപക്ഷത്തുനിന്നുണ്ടായ സഹകരണ മനോഭാവത്തെ ശ്രീ. നമ്പൂതിരിപ്പാട് അഭിനന്ദിക്കുകയാണ് ഉണ്ടായത്. ഇവിടെ നിരോധാജ്ഞ ഏർപ്പെടുത്തിയതിനെപ്പററിയും, ശവംകൊണ്ട് ഘോഷയാത്ര നടത്തിയതിനെ നിരോധിക്കുന്നതിനെപ്പററിയും പറയുന്നത്കേട്ടു. അതിൻെറയൊക്കെ കണക്കുനോക്കിയാൽ സ്വന്തം മന്തുകാൽ മണലിൽ പുതച്ചുവച്ചിട്ട് മററുള്ളവരുടെ വിരലിലെ വീക്കത്തെക്കണ്ട് പുഛിക്കുവാൻ ശ്രമിക്കാതിരിക്കുന്നത് ഇത്തരം നന്ന് എന്നാണ് എനിക്കു പറയാനുള്ളത്. നമ്പൂതിരിപ്പാട് അധികാരസ്ഥാനത്ത് ഇരുന്നപ്പോൾ വെടിവച്ചത് ആരുടെ മേലാണ്? തൊഴിലാളികൾതമ്മിൽ പരസ്യമായ സംഘട്ടനമാണ് ഇവിടെ നടന്നത്. കുട്ടനാട്ടും പാലക്കാട്ടും തൊഴിലാളികൾ തമ്മിൽത്തല്ലി തലകീറി. തൊഴിലാളികളെ പോലീസ് വെടിവച്ചുകൊന്ന് ഒതുക്കും. ആ രീതിയിലാണ് കാര്യങ്ങൾ നടന്നതെന്ന് നമുക്ക് അറിയാം. ഇന്ന് കൈയിൽ കനത്ത മാരകായുധം വച്ചുകൊണ്ട് വ്യക്തികളെ കശാപ്പുചെയ്യാൻ മാർക്സിസ്ററുപാർട്ടിയുടെ അനുഗ്രഹാശിസുകളോട് വ്യക്തികൾ മുന്നോട്ട്വരുകയാണ്. ആഭ്യന്തരമന്ത്രി ശ്രീ. സി. എച്ച്. മുഹമ്മദ്കോയയെ വധിക്കാനുള്ള ശ്രമം നടന്നു. അദ്ദേഹത്തിൻെറ മുഖത്ത് ആസിഡ്ബോംബ് എറിഞ്ഞു. അദ്ദേഹം അതിൽനിന്നു രക്ഷപ്പെട്ടു. ഒരു ആഭ്യന്തരമന്ത്രിയുണ്ടാകും. അദ്ദേഹത്തെ വധിക്കുവാനുള്ള ശ്രമം ജാഗ്രതയോടെ തടഞ്ഞില്ലായിരുന്നെങ്കിൽ കേരളത്തിലെ നല്ലൊരു പ്രശോഭിത നക്ഷത്രം കെട്ടുപോകുമായിരുന്നു. ജാഗ്രത പുലർത്തിയതുകൊണ്ട് അത് നടന്നില്ല. അതുകൊണ്ട് രാഷ്ട്രീയ പ്രവർത്തകരെ കരുതിക്കൂട്ടി നശിപ്പിക്കാൻ വേണ്ടി സമരം നടത്തുന്ന ഈ കാലഘട്ടത്തിൽ സമഗ്രമായ കരുതൽ നടപടികൾ ആവശ്യമാണ്. ശ്രീ. സി. എച്ച്. മുഹമ്മദ്കോയ അക്കാര്യത്തിൽ ചൂളിപ്പോകേണ്ട ആവശ്യമില്ല. കേരളത്തിലെ ജനാധിപത്യവാദികൾ കൂടെയുണ്ട്.

ഇവിടെ കഴിഞ്ഞ ദിവസം നടന്നത് എന്തായിരുന്നു. ഹനുമാൻ ലങ്കയിൽ പോയി ഉദ്യാനങ്ങളും കെട്ടിടങ്ങളും മററും നശിപ്പിച്ചു. ദൂതനായിവന്നതല്ലേ നീ എന്തിന് ഉദ്യാനം നശിപ്പിച്ചു, നീ എന്തിനാ കെട്ടിടം നശിപ്പിച്ചത് എന്നു ചോദിച്ചപ്പോൾ "വാനരജാതി പ്രകൃതി ഗുണം വിഭോ" എന്നു പറഞ്ഞതുപോലെ മാത്രമേ ഇവിടെ നടന്ന സംഭവങ്ങളെക്കുറിച്ച് പറയാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ഗവർണ്ണറുടെ പ്രസംഗത്തിൽ ധനാഗമമാർഗ്ഗങ്ങൾ കമ്മിയാണെന്നു് പറഞ്ഞിട്ടുണ്ടു്. ആ കമ്മി നികത്താൻ നല്ല പരിപാടികൾ സ്വീകരിക്കണം. പുതിയ ധനാഗമമാർഗം കണ്ടുപിടിച്ചു് ഈ കമ്മി നികത്താനുള്ള പരിപാടി ഗവൺമെൻറു് ആസൂത്രണം ചെയ്യേണ്ടതാണു്.

അരിവില ചുരുങ്ങിയതു് ചെക്കുപോസ്ററു് എടുത്തു കളഞ്ഞതുകൊണ്ടാണെന്നു് ഞാൻ വിശ്വസിക്കുന്നു. അക്കാര്യത്തിൽ ഞാൻ റവന്യൂമന്ത്രിയെ അഭിനന്ദിക്കുകയാണു്. കാരണം ഗവർണ്ണറുടെ കഴിഞ്ഞ പ്രസംഗത്തിനു മറുപടി പറയുമ്പോൾ ചെക്കുപോസ്ററുകൾ എടുത്തുകളഞ്ഞാലുണ്ടാകുന്ന ദോഷവശങ്ങളെപ്പററി പ്രസംഗിക്കേണ്ട ആവശ്യമില്ലെന്നു് അദ്ദേഹം പറയുകയുണ്ടായി. ചെക്കുപോസ്ററുകൾ എടുത്തുകളഞ്ഞതുകൊണ്ടു് ആകാശം പൊട്ടിത്തെറിക്കും എന്നു്. ഇപ്പോൾ ആകാശം പൊട്ടിത്തെറിച്ചില്ല. അരിവില കുറഞ്ഞുവെന്നുള്ളതാണു് വാസ്തവം. ഞങ്ങളെപ്പോലെയുള്ള ആളുകൾക്കു് കുറഞ്ഞ വിലക്കു് അരി കിട്ടുന്നുണ്ടു്.

ഗവർണ്ണറുടെ പ്രസംഗത്തിൽ വസ്തുനിഷ്ഠമായി പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ടു്. ഇതിലേറെ ഒരു ഗവൺമെൻറിനും ഇത്ര ചുരുങ്ങിയ സമയത്തിനുള്ളിൽ മുന്നോട്ടു് പോകാൻ സാധിക്കുകയില്ല. മാർക്സിസ്ററു് കമ്മ്യൂണിസ്ററു് പർട്ടി ഈ നിയമസഭയിൽ ചെയ്ത പ്രസംഗങ്ങളോടു് പൂർണ്ണമായി യോജിച്ചുകൊണ്ടു് എസ്. എസ്. പി. യിലെ സ്നേഹിതൻമാരും പ്രവർത്തിച്ചു. പക്ഷേ പിറെറ ദിവസം ഈ പോക്കത്ര പററിയതല്ലയെന്നു് മനസിലാക്കി അവർ കുറച്ചു് അകലെയാണെന്നു് പറഞ്ഞിട്ടുണ്ടു്. ഏതായാലും അചിരേണ ആ പാർട്ടി കാര്യങ്ങൾ മനസിലാക്കുമെന്നു് ഇനി പ്രതീക്ഷിക്കാം. മിച്ചഭൂമി കൈയേററത്തെ സംബന്ധിച്ചിടത്തോളം ഇവിടെ പറഞ്ഞു. ശ്രീ. സി. ബി. സി. വാര്യർക്കു് കൂടുതൽ ഭൂമിയുണ്ടോയെന്നു് അറിയില്ല, ഉണ്ടെങ്കിൽ ഇതിനു് മുമ്പു് വിട്ടുകൊടുത്തിട്ടുണ്ടാവും. ശ്രീ. എ. കെ. ഗോപാലനു് മിച്ച ഭൂമിയില്ലേ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർക്കു് മിച്ചഭൂമിയൊന്നുമില്ല.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: അങ്ങനെ കൊടുത്തിട്ടുള്ളവരാണെങ്കിൽ ചുണയുള്ളവരാണു്. അവർ കൊടുക്കാതിരിക്കുകയില്ല. ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ കൊടുത്തില്ലെങ്കിൽ ശ്രീ. ടി. കെ. രാമകൃഷ്ണൻ വെറുതെ വിടുകയില്ലെന്നാണു് എന്റെ വിശ്വാസം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞാൻ മുമ്പു് പറഞ്ഞതു് അങ്ങു് ഓർക്കുമായിരിക്കും. അതു കൊടുപ്പിക്കാനുള്ള നടപടികൾ ഞങ്ങൾക്കുതന്നെ വിട്ടുതരിക. ഏക പക്ഷീയമായിത്തന്നെ കൊടുക്കാനുള്ള നടപടികൾ എടുക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : ഏകപക്ഷീയമായി കൊടുക്കുക എന്നു പറഞ്ഞാൽ സ്വന്തം അളിയനും അമ്മാവനും വിതരണം ചെയ്യുക എന്ന സംപ്രദായമായാൽ മിച്ചഭൂമി കൊടുക്കേണ്ടവർക്കു കൊടുക്കാൻ കാണുകയില്ല.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: കാസർകോട്ടു് കിസാൻ കർഷകസംഘം സെക്രട്ടറി ശ്രീ. കെ. എം. കുഞ്ഞിരാമൻനമ്പ്യാർക്കു് എത്ര ഭൂമിയുണ്ടു്. എനിക്കു് ശ്രീ. രാമകൃഷ്ണനെ വിശ്വാസമാണു്. അദ്ദേഹം ജനാധിപത്യപരമായി കാര്യങ്ങൾ നടക്കണമെന്നാഗ്രഹിക്കുന്ന ആളാണു്. കെ. എം. കുഞ്ഞിരാമൻനമ്പ്യാർക്കു് മിച്ചഭൂമിയുണ്ടോ; ഉണ്ടെങ്കിൽ അതു വിതരണം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാൻ ഗവൺമെന്റിനു് സറണ്ടർ ചെയ്യുമോ? ഈ നിയമം ശ്രീ. അച്യുതമേനോൻ കൊണ്ടുവന്ന നിയമമല്ല. മഹാനേതാവായ ശ്രീമതി ഗൗരിയമ്മ കൊണ്ടുവന്ന നിയമമാണു്. പിന്നെ കാസർകോട്ടു് കമ്മ്യൂണിസ്റ്റുപാർട്ടി സെക്രട്ടറി രാമണ്ണറേക്കു് വില പിടിച്ച ധാരാളം ഭൂമിയുണ്ടു്. അദ്ദേഹം മിച്ചഭൂമി കൊടുക്കാൻ തയ്യാറാകുമോ? വേറൊരു വിരോധാഭാസം മിച്ചഭൂമി പിടിച്ചെടുക്കാൻ പോകുന്ന ആളുകൾ കുടികിടപ്പു് നിലനിർത്താൻ ശ്രമിക്കുന്ന ആളുകൾ മററുള്ളവരുടെ കുടികിടപ്പു് അനുവദിക്കാനും മിച്ചഭൂമി കൊടുക്കാനും തയ്യാറാകാത്തവരാണു്. കാസർകോട്ടു് മിച്ചഭൂമിപിടിച്ചെടുക്കാൻ സമരം ചെയ്ത തോമസ് എന്നയാളുടെ കൈയിലുള്ള ഭൂമിയുടെ പരിധി കണക്കിലധികമാണു്. അയാൾ സമരസേനാനിയാണു്. കുടികിടപ്പുകാർക്കു് ഭൂമിപിടിച്ചെടുക്കണം മാർക്സിസ്റ്റുകാർ അല്ലാത്തവരിൽനിന്നു്. അതു നടക്കുകയില്ല. മാർക്സിസ്റ്റുകാർ അല്ലാത്തവരുടെ ഭൂമി പിടിച്ചെടുക്കുക, മാർക്സിസ്റ്റുപാർട്ടിയുടെ ഭൂമി അവർതന്നെ വിതരണം ചെയ്യുക എന്നു പറയുന്നതു് ഒരു ജാതി സ്വാർത്ഥതയോ വിവേചനാബോധമോ ഏകപക്ഷീയമോ ആയ സ്വഭാവമാണു്. അതു ജനാധിപത്യലോകത്തു് സാധ്യമല്ല. എ. വി. കുഞ്ഞമ്പുവിനറിയാം കോസർകോട്ടുള്ള ഭൂമി.

ശ്രീ. എ. വി. കുഞ്ഞമ്പു: കുഞ്ഞിരാമൻനമ്പ്യാർക്കു് പരിധിയിൽ കൂടുതൽ ഭൂമിയുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: ശ്രീ. നമ്പൂതിരിപ്പാടു് കഴിഞ്ഞ വർഷം അദ്ദേഹത്തിന്റെ കണക്കു് പ്രസിദ്ധപ്പെടുത്തിയപ്പോൾ തന്നെ ഭൂമി വിററ വകയിൽ 21000 രൂപ കിട്ടിയെന്നുപറഞ്ഞു. വളരെമുമ്പു് സ്വത്തെല്ലാം പാർട്ടിക്കു് വിററതായും പറഞ്ഞു. ചരിത്രം ഓർക്കുമ്പോൾ ഇപ്പോൾ മിച്ചഭൂമി കാണുകയില്ലെന്നു് എ. വി. കുഞ്ഞമ്പു പറയും എന്നു് എനിക്കു് അറിയാം. ഏതായാലും ശരി ഇതുമാതിരി കൈയേററങ്ങൾ സ്വന്തം ആളുകളോടു ചെയ്യാതെ മററുള്ളവരോടു് ചെയ്യുന്ന പ്രവണത, സ്വന്തം ആളുകളുടെ ഭൂമി പൂഴ്ത്തിവെയ്ക്കാനുള്ള ഏകപക്ഷീയ പ്രവണത സാധ്യമല്ല. അതു് ഈ ജനാധിപത്യയുഗത്തിൽ പ്രായോഗികമല്ല. ജനാധിപത്യസംരക്ഷണം പൊതുസമാധാനം സമുദായ ഭേദമെന്യേ വ്യക്തിഭേദമെന്യേ എല്ലാവർക്കും ഒരുപോലെ സിദ്ധിക്കുന്ന ഒരു നിലപാടു് അംഗീകരിക്കണമെന്നു് ഞങ്ങളുടെ നേതാവായ ശ്രീ. അച്യുതമേനോന് നിർബന്ധമുണ്ടു്. അതു ഈ ഗവൺമെന്റ് അംഗീകരിക്കുമെന്നുള്ളതുകൊണ്ടു് കൈയേററത്തേയും പിടിച്ചുപറിയേയും കർശനമായി നേരിടുകയും നീതിപൂർവമായി ഭൂമി വിതരണം ചെയ്യാനുള്ള മെഷീനറി ഏർപ്പെടുത്തുകയും ചെയ്തു. ഉൽപ്പതിഷ്ണസ്വഭാവമുള്ള ഏററവും ധീരമായ നടപടി ഇത്രയും നല്ല ഒരു അംഗീകരണപരിപാടി രണ്ടുമാസംകൊണ്ടു് ഞങ്ങൾ ചെയ്തതിൽ രണ്ടരക്കൊല്ലം ഭരിച്ചിട്ടും ഒന്നുംചെയ്യാൻ കഴിയാത്ത കക്ഷിക്കു് ആക്ഷേപങ്ങളുണ്ടായതു് സ്വാഭാവികമാണു്. നല്ല ഭരണം ഉൾക്കൊള്ളുന്ന ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപനപ്രസംഗത്തിനുള്ള ഈ പ്രമേയം ഏകകണ്ഠമായി പാസാക്കിത്തരുമെന്നു വിശ്വസിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ചാത്തുണ്ണിമാസ്റ്റർ: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണു്. ഈ ഗവൺമെന്റു് അധികാരത്തിൽ വന്നതു് ഒരു വലിയ തട്ടിപ്പിൽ കൂടിയാണു്, ഒരു വഞ്ചനയിൽകൂടിയാണ്. ഈ തട്ടിപ്പും വഞ്ചനയും എല്ലാ കാര്യത്തിലും ആവർത്തിക്കുകയാണു് ചെയ്യുന്നതെന്നു് ഇപ്പോൾ പ്രമേയം അവതരിപ്പിച്ചുകൊണ്ടുള്ള പ്രസംഗം കേട്ടപ്പോൾ തോന്നി. ചെളിയിൽ മുളച്ചതു ചെളിയിൽ ജീവിക്കുന്നു എന്നുപറഞ്ഞതുപോലെ തട്ടിപ്പിലും വഞ്ചനയിലും

LIBRARY ARCHIVES Kerala Legislative Assembly

കൂടി അധികാരത്തിൽ വന്നിട്ടുള്ള ഈ ഗവൺമെൻറിനുവേണ്ടി പ്രസംഗിക്കുന്ന, ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗമായാലും, അതിന് നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ടു് ശ്രീമാൻ പി. ആർ. കുറുപ്പ് ചെയ്ത പ്രസംഗമായാലുമെല്ലാം തട്ടിപ്പുതന്നെ. അതിൻെറ എല്ലാ ഭാഗങ്ങളിലേക്കും ഞാൻ കടക്കുന്നില്ല. ഇതിനകംതന്നെ വളരെ പ്രസിദ്ധമായിത്തീർന്നിട്ടുള്ള നമ്മുടെ കാർഷിക പരിഷ്ക്കരണബില്ലിനെപ്പററി ഈ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള ഭാഗത്തെപ്പററിമാത്രമേ ഞാൻ പരാമർശിക്കുന്നുള്ളൂ. ഈ പ്രസംഗത്തിൻെറ 6-ാം പേജിൽ അവസാനത്തെ ഖണ്ഡികയിൽ കേരള ഭൂപരിഷ്ക്കരണനിയമം നടപ്പിൽവരുത്താനുള്ള എല്ലാ നടപടികളും കൈക്കൊണ്ടുകഴിഞ്ഞിട്ടുണ്ടെന്നാണു് പറഞ്ഞിട്ടുള്ളതു്. ഇതൊരു തികഞ്ഞ തട്ടിപ്പും വഞ്ചനയുമാണെന്നു ഇതു നടപ്പിൽവരുത്തിയതിനുശേഷം ഈ ഗവൺമെൻറു തുടരുന്ന നടപടി എടുത്തുപരിശോധിച്ചാൽ മാത്രംമതി. ഭൂപരിഷ്ക്കരണനിയമം നടപ്പിൽ വരുത്തുക എന്നു പറഞ്ഞാൽ എന്താണു് അതിൻെറ അർത്ഥം. ഈയിടെ ഇൻഡ്യാഗവൺമെൻറിൻെറ ആഭ്യന്തര ഡിപ്പാർട്ടുമെൻറു്, ആഭ്യന്തര ഡിപ്പാർട്ടുമെൻറു് എന്നു പറഞ്ഞാൽ നമ്മുടെ സാക്ഷാൽ ചവാൻെറ ഡിപ്പാർട്ടുമെൻറാണല്ലോ. ഈ ഡിപ്പാർട്ടുമെൻറു് ഭൂപരിഷ്ക്കരണനിയമം നടപ്പിൽവരുത്തുന്നതിൻെറ പരാജയവും ആ പരാജയത്തിൻെറ പ്രത്യാഘാതത്തേയുംപററി ഒരു റിപ്പോർട്ടു് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതു് ചില മലയാള പത്രങ്ങളിൽ വന്നതിൻെറ തലക്കെട്ടുമാത്രം ഞാൻ വായിക്കാം. മാതൃഭൂമി പത്രത്തിൽ വന്നതിങ്ങനെയാണു്. ''ആഭ്യന്തര വകുപ്പിൻെറ മുന്നറിയിപ്പു്.'' ഗ്രാമങ്ങളിൽ കലാപം ഉണ്ടാവും. ഭൂപരിഷ്ക്കരണം ഒററപോംവഴി എന്നാണു് വമ്പിച്ച തലക്കെട്ടിൽ മാതൃഭൂമി പ്രസിദ്ധപ്പെടുത്തിയതു്. നമ്മുടെ ഇന്നത്തെ ഭരണകക്ഷിയിലെ പ്രധാനപ്പെട്ട ഒരു കക്ഷിയായ അല്ലെങ്കിൽ മുഖ്യമന്ത്രിയുടെതന്നെ പാർട്ടിയുടെയായിട്ടുള്ള ജനയുഗത്തിൽ കൊടുത്തിട്ടുള്ള തലക്കെട്ടു് കാണേണ്ട ഒന്നാണു്. 'സത്വരമായ ഭൂപരിഷ്ക്കരണം ഉണ്ടായില്ലെങ്കിൽ ആപത്തു്' ''നാട്ടിൻ പുറങ്ങളിലെ സ്ഫോടകമായ അന്തരീക്ഷം കാണണം''. പിന്നെ ഒരു ദേശാഭിമാനിയുണ്ടു്, കൈയ്യേററക്കാരുടെ പത്രം. 'ഇൻഡ്യ ഒരു പൊട്ടിത്തെറിയുടെ വക്കിൽ' ഇതാണു് അതിലെ തലക്കെട്ടു്. പത്രങ്ങളുടെ ഭാവനാമൂല്യങ്ങൾ ഇങ്ങനെ പോകുന്നു. കാർഷിക പരിഷ്ക്കരണം നടപ്പിൽ വരുത്തുക എന്നു് പറഞ്ഞാൽ എന്താണു അർത്ഥം. മൂന്നാം വായന കഴിഞ്ഞു് പാസാക്കുക, പിന്നീടു് പ്രസിഡൻറിൻെറ അനുമതി കിട്ടുക, ധീരമായിനോട്ടിഫിക്കേഷൻ മുഖേന നടപ്പിൽ വരുത്തുക ഇതാണു് ഇന്നത്തെ റവന്യുമന്ത്രി പറയുന്ന മാതിരിയുള്ള കർശനമായ ധീരമായ നടപടികൾ. എന്നാൽ കാർഷികപരിഷ്ക്കരണനിയമം നടപ്പിൽ വന്നതിൻെറ ഗുണങ്ങളാണ് ആഭ്യന്തരഡിപ്പാർട്ടുമെൻറിൻെറ റിപ്പോർട്ടിലുള്ളതു്. ഇങ്ങനെയുള്ള ധീരമായ നടപടികൾ എത്രകൊല്ലംമുതൽക്കു് ഈ രാജ്യത്തു് കേട്ടതാണു്. പണ്ഡിററു് നെഹ്റുവിനേക്കാൾ ഈ കാര്യത്തിൽ ധീരമായ നടപടികൾ കൈക്കൊള്ളാൻ നമ്മുടെ റവന്യൂമന്ത്രി ശ്രീ. കെ. ടി. ജേക്കബിനു സാധിക്കുമെന്നു അദ്ദേഹം വിശ്വസിച്ചാൽ ആ മനോഭാവത്തെപ്പററി എന്താണു് പറയാനുള്ളതു്. തികഞ്ഞ തട്ടിപ്പും വഞ്ചനയും നടത്താൻ തയ്യാറായവർക്കല്ലാതെ ഈ മനോഭാവം പ്രകടിപ്പിക്കാൻ സാധ്യമല്ല. ഈ ഭൂപരിഷ്ക്കരണനിയമങ്ങൾ നടപ്പിൽ വരുത്തുന്നത് കഴിഞ്ഞ 22 കൊല്ലക്കാലമായി കണ്ടതാണ്. നിയമംമൂലം നടപ്പിൽ വരുത്തി? എത്ര നടപ്പിൽ വരുത്തി? ആർക്കു വാരിക്കോരിക്കൊടുത്തു? ഏട്ടിലെ പശുവിനെപ്പോലെയാണു്. ഇൻഡ്യാരാജ്യത്തു് എവിടെയെങ്കിലും നടപ്പിൽ വരുത്തിയിട്ടുണ്ടോ? വഞ്ചനയും തട്ടിപ്പും നടപ്പിൽ വരുത്തിയിട്ടുണ്ടാവും.

അതുപോലെതന്നെ ശ്രീ. ഹാജി പറഞ്ഞു, ഇവിടെ ലക്ഷക്കണക്കിനു ചട്ടിണിപോലെ ഫോറങ്ങൾ കൊടുക്കുന്നുണ്ടെന്നു്. ഇതു് പത്രങ്ങളിൽ കൂടി കൊടുക്കുന്നുണ്ടു് എന്നെല്ലാം അദ്ദേഹം പറയുകയുണ്ടായി. എന്നിട്ടും

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്റ്റു പാർട്ടിയിലെ ഒരാൾക്കു് ഈ ഫോറത്തിനു് മൂന്നരരൂപ കൊടുക്കേണ്ടിവന്നു എന്നു്. ഇതുപോലുള്ള കള്ളത്തരം പറയുന്നതു്, അസംബന്ധം പറയുന്നതു ശരിയല്ല. ചട്ടണിപോലെ ഈ രാജ്യത്തു് ഫോറങ്ങൾ കൊടുക്കുന്നുണ്ടെന്നുപറയുന്നു. ഇങ്ങനെയുള്ള തട്ടിപ്പും വഞ്ചനയുമാണു്. ഇങ്ങനെ ഭൂപരിഷ്ക്കരണനിയമം നടപ്പിൽ വരുത്തുക എന്നു പറഞ്ഞാൽ അതിൽ പറഞ്ഞിട്ടുള്ള അവസരങ്ങളും അവകാശങ്ങളും ഈ രാജ്യത്തെ കർഷകനും കുടികിടപ്പുകാരനും കിട്ടുന്നുണ്ടോ എന്നാണു്. അങ്ങനെ കിട്ടുന്നില്ലെന്നു മാത്രമല്ല ഈ നിയമം നടപ്പിൽ വരുത്തപ്പെട്ടു എന്നു പറയുന്നതുതന്നെ ശുദ്ധ ഭോഷ്ക്കാണു്; അസംബന്ധമാണു് എന്നാണു് കഴിഞ്ഞ ഒന്നാംതീയതിക്കു ശേഷം ഈ രാജ്യത്തു നടക്കുന്ന സംഭവങ്ങൾ തെളിയിക്കുന്നതു്. ഒന്നാം തീയതിക്കുശേഷം സർ, ജൻമിയുടെയും കുടികിടപ്പുകാരൻെറയും അവകാശം ഗവൺമെൻറിൽ നിക്ഷിപ്തമാകുന്നു എന്നാണ് പറയുന്നത്, അങ്ങനെയാണ് കൊട്ടി ഘോഷിക്കുന്നത്. ഈ രാജ്യത്തുള്ള ജൻമിയുടെ വസ്തുവിൻെറ അവകാശവും കുടികിടപ്പിൻെറ അവകാശവും ഗവൺമെൻറിൽ നിക്ഷിപ്തമായിട്ടുണ്ടെങ്കിൽ കുടികിടപ്പുകാർക്ക് കിട്ടിയിട്ടുള്ള അവകാശം സ്വന്തമാകാൻ വേണ്ടി കുടികിടപ്പുകാരൻ ആരംഭിച്ചിട്ടുള്ള സമരത്തിൻെറ ഭാഗമായി ആ 10 സെൻററ് ഒന്ന് വളച്ചുകെട്ടിയാൽ ഈ ഗവൺമെൻറ് എന്തിന് ചുണ്ണാമ്പുകലത്തിൽ വീണ ചേരയുടെമാതിരി വെപ്രാളം കാണിക്കുന്നത്. കുടികിടപ്പുകാരൻെറ മുഴുവൻ അവകാശവും ഗവൺമെൻറിൽ നിക്ഷിപ്തമായാൽ അതിൻെറ അവകാശം കുടികിടപ്പുകാരനും കർഷകർക്കും ഉള്ളതാണ്. നിയമത്തിൽ നിർണ്ണയിച്ചിട്ടുള്ള അവകാശം സ്ഥാപിച്ചുകിട്ടാൻവേണ്ടി ഒരു സൂചനയായി അവകാശപ്പെട്ട സ്ഥലത്ത് ഒരു വേലി കെട്ടിയാൽ, വളച്ചുകെട്ടിയാൽ, അനുഭവമെടുത്താൽ ഈ ഗവൺമെൻറ് എന്തിന് ചുണ്ണാമ്പിൽ വീണ ചേരയുടെ മാതിരി വെപ്രാളം കാണിക്കുന്നു. ഞാൻ ചോദിക്കട്ടെ, കുടികിടപ്പുകാരനല്ലെ 10 സെൻറിൻെറ അവകാശം. ഈ രാജ്യത്തെ കൃഷിക്കാരനല്ലേ ഭൂമിയുടെ അവകാശം. കുടികിടപ്പുകാരനും ജൻമിക്കും പ്രതിഫലം കൊടുക്കേണ്ടത് ഗവൺമെൻറാണ്. ഇപ്പോൾ കുടികിടപ്പുകാരെ ഉടമസ്ഥൻമാരാക്കി കൊടുക്കാൻ വേണ്ടി സി. ആർ. പി. യെ അയയ്ക്കുന്നു. സി. ആർ. പി. എന്നല്ല സി. എച്ച്. ആർ. പി. എന്നാണ് ആളുകൾ പറയുന്നത്. ഈ രാജ്യത്ത് ഭൂപരിഷ്ക്കരണ നിയമം നടപ്പിൽ വരുത്തുന്നതിൽ ഈ ഗവൺമെൻറ് പരാജയപ്പെട്ടു എന്ന പറഞ്ഞാൽ ഈ വകുപ്പിൽ പറഞ്ഞിട്ടുള്ള ആനുകൂല്യങ്ങൾ കുടികിടപ്പുകാർക്കും കർഷകർക്കും കിട്ടുന്ന കാര്യത്തിൽ കൊടുക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടു എന്നാണ് അർത്ഥം. ഇതു മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഈ നിയമം നടപ്പിൽ വരുത്തണമെങ്കിൽ ഈ രാജ്യത്ത് ഈ നിയമത്തിൻെറ ആനുകൂല്യം ആർക്കെങ്കിലും കിട്ടുന്നുവോ അവർ രംഗത്ത് ഇറങ്ങാതെ അവർ സമരം ചെയ്യാതെ ഈ ആനുകൂല്യങ്ങൾ കിട്ടുകയില്ല. എന്നു പറയാൻ കാരണം നമ്മുടെ കേരളകൗമുദി പത്രമുണ്ട്, ഞങ്ങളുടെ വിപ്ലവത്തേയും ഞങ്ങൾ തുടങ്ങിയ പ്രസ്ഥാനത്തോടുമൊന്നും വലിയ അനുഭാവമൊന്നും പ്രകടിപ്പിച്ചിട്ടില്ലാത്ത ഒരു പത്രമാണ്. സന്ദർഭവശാൽ ആ പത്രത്തിൽ ഒരു മുഖപ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കാര്യം ഓർമ്മിക്കുകയാണ്. "സ്ഥാപിത താൽപ്പര്യക്കാർ അവരുടെ സ്വത്തവകാശം കൈവിടാൻ സ്വമേധയാ തയ്യാറാവുക പതിവില്ല. സ്വത്തവകാശം സനാതനമാണെന്നാണ് അവരുടെ വിശ്വാസം. ഇതു തെററാണ്. ഒരു കാലത്ത് പരുശുരാമക്ഷേത്രത്തിലെ ഭൂമിയുടെ മുക്കാൽ പങ്കും ജൻമിമാരുടെ പക്കലായിരുന്നു. മഴുവെറിഞ്ഞുപിടിച്ച ഭൂമിയുടെ നാലിൽ മൂന്നുഭാഗവും ഏതാനും ജൻമിമാരുടെ വകയായിരുന്നു. കുടിയാൻമാർക്ക് യാതൊരു വിധമായ സ്ഥിരതാവകാശവും അവർ കൃഷിചെയ്യുന്ന ഭൂമിയിലില്ലായിരുന്നു. പ്രയത്നം കുടിയാനും പ്രയത്ന ഫലം ജൻമിക്കുമായിരുന്നു. പരമ്പരാഗതമായി കൃഷിക്കാർ നടത്തിയ വേദനാനിർഭരമായ സമരങ്ങളും യാതനാപൂർണ്ണമായ സമരങ്ങളും

2/3001 MC

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ചാത്തുണ്ണി മാസ്ററർ]
കൊണ്ടാണ് ഈ നിയമം പൊളിച്ചെഴുതിയത്. ഇങ്ങനെയാണ് കേരളകൗമുദിയിൽ എഴുതിയത്. അന്നേവരെയുണ്ടായിരുന്ന നിയമം പൊളിച്ചെഴുതി.

കുടിയാൻമാരുടേയും കുടി കിടപ്പുകാരുടേയും യാതനാപൂർണ്ണമായ സമരങ്ങൾ കൊണ്ടാണ് മാററിയിട്ടുള്ളത്. അതേസമയം ഒരു ഭരണഘടനയും നോക്കിയിട്ടില്ല. ഈ രാജ്യത്ത് മാററങ്ങളുണ്ടായിട്ടുള്ള, നിർണ്ണായകമായ മാററങ്ങൾ ഉണ്ടായിട്ടുള്ള ഏതുസമരമാണ് ഭരണഘടന നോക്കി നടന്നിട്ടുള്ളത്. സ്വാതന്ത്ര്യസമരം ഏതു ഭരണഘടനാപ്രകാരം ഏതു കോടതിയുടെ വിധി പ്രകാരമാണ് നടത്താമോ എന്നു നോക്കിയത്? സർ. സി. പി.യുടെ കിരാത ഭരണവും നാടുവാഴിത്തവും എല്ലാം പോയി. ഏതു നിയമപ്രകാരമാണ് ഈ പരിവർത്തനങ്ങളെല്ലാം ഉണ്ടായിട്ടുള്ളത്. ഈ പറയുന്ന ആളുകളോട് ഞാൻ ചോദിക്കുന്നു, സ്വാതന്ത്ര്യത്തിനും ഉത്തരവാദഭരണത്തിനും എതിരായി രാജവാഴ്ച്ച അവസാനിപ്പിക്കുവാനും ഉള്ള സമരങ്ങൾ ഏതു ഭരണഘടന നോക്കിയാണ് ചെയ്തിട്ടുള്ളത്? മുസ്ലീം ലീഗുകാരോട് ഞാൻ ചോദിക്കുന്നില്ല. കാരണം അവർക്ക് ഇത്തരം കാര്യങ്ങൾക്കുവേണ്ടി ഒരു തുള്ളി വിയർപ്പുപോലും ചെലവാക്കേണ്ടിവന്നിട്ടില്ല. അച്ചുതമേനോനെപ്പോലെയുള്ളവരോട് ചോദിക്കുന്നു. വലതു കമ്മ്യൂണിസ്ററുകാരോട് ചോദിക്കുന്നു, സ്വാതന്ത്ര്യസമരം നടത്തിയത് ഏതു ഭരണഘടന നോക്കിയിട്ടാണ്, ഏതു ഫാറം പൂരിപ്പിച്ചിട്ടാണ് എന്ന്. ഏതു ഭരണഘടന നോക്കിയിട്ടാണ് ഇന്നത്തെ റവന്യൂമന്ത്രി സ്വാതന്ത്ര്യസമരം നടത്തിയിട്ടുള്ളത്. ചട്ടിണി ഫാറത്തിലോ? സർ. സി. പി. യുടെ കിരാതവാഴ്ച അവസാനിപ്പിച്ചത് ഏതു നിയമം നോക്കിയാണ്. ഈ രാജ്യത്ത് നിലനിൽക്കുന്ന ജൻമിത്വം അവസാനിപ്പിക്കുവാൻ ഈ രാജ്യത്തിലെ കൃഷിക്കാർക്ക് പൊരുതാൻ അവകാശമില്ലെന്നു പറയുന്ന നിങ്ങൾ ജനാധിപത്യക്കാരാണോ? നിങ്ങൾ എന്താണ് സാധനം എന്ന് നിങ്ങൾതന്നെ നിർവചിച്ചാലും മനസ്സിലാക്കാൻ പ്രയാസമാണ്. ജൻമിത്വം അവസാനിപ്പിക്കുവാൻ നിയമം പാസാകുന്നതുവരെ എന്തുകൊണ്ട് കാത്തിരുന്നു എന്ന് ചോദിക്കാം. അത് ഈ നിയമത്തിന് പുരപ്പുറത്തുകയറി പിൻതുണ നൽകിയിട്ടുള്ള ആളുകളുടെ യഥാർത്ഥരൂപം എന്താണെന്ന് ഈ രാജ്യത്തിലെ ജനങ്ങളെ മനസ്സിലാക്കാൻവേണ്ടിയാണ്. നിയമം പാസായി ആ നിയമത്തിൽ എന്ത് ആനുകൂല്യം നിശ്ചയിച്ചോ ആ ആനുകൂല്യം തരണം, ആ ആനുകൂല്യം അനുഭവിക്കാനുള്ള അവകാശമുണ്ട് എന്നുപറഞ്ഞാൽ എന്തിന് സി.എച്ച്.ആർ.പി.യെ അയയ്ക്കുന്നു. നിയമത്തെ പിൻതാങ്ങുന്നു, നിയമത്തിനു പിൻതുണ പുരപ്പുറത്തുകയറി പിൻതുണ പറയുന്ന ആളുകൾ എന്തിന് ഇതെല്ലാം ചെയ്യുന്നു, സർ? കുടികിടപ്പുകാരന് ആനുകൂല്യം കിട്ടണമെന്ന് പറയുമ്പോൾ കുടികിടപ്പുകാരനെ കള്ളക്കേസിൽ, കവർച്ചക്കേസിൽ പ്രതിയാക്കിയും ലാത്തിച്ചാർജ് നടത്തിയും മിച്ച ഭൂമി ഉടമസ്ഥൻമാരെ രക്ഷിക്കാൻ, ജൻമിമാരെ രക്ഷിക്കാൻ പോകുന്ന നിങ്ങളല്ലേ പുരപ്പുറത്തുകയറി പിൻതുണ നൽകി എന്നു പറയുന്നത്? അതുകൊണ്ട് നിയമം പാസായാലും ഈ സമരത്തിന് അപ്പുറത്തിരിക്കുന്നവരുടെ ആത്മാർത്ഥമായ പിൻതുണയുണ്ടോ, ഇല്ലയോ എന്നുള്ളത് ഇപ്പോഴാണ് തെളിഞ്ഞത്. ഇത് ഈ ഗവൺമെൻറിനെതിരായ ഒരു അട്ടിമറി യുദ്ധമാണെന്ന് ശ്രീ. പി. ആർ. കുറുപ്പ് പറയുകയുണ്ടായി. ഗവൺമെൻറിനെതിരായി എന്തിനു സർ, അട്ടിമറിയുദ്ധം? നിയമത്തിലെ വകുപ്പുകൾ നടപ്പിലാക്കാൻവേണ്ടി ഈ രാജ്യത്തു നടക്കുന്ന ഏററവും ശരിയായ സമരമാണ്. ഈ ഗവൺമെൻറിനെ എന്തിനു മറിച്ചിടണം? ഇതിനകം തന്നെ ഈ സമരത്തെ ചാത്തുണ്ണി വിപ്ലവമെന്ന് പറഞ്ഞ് പരിഹസിച്ചു. ഏതു കാലത്താണ്? ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായി ഇവിടെ ഇരിക്കുന്ന കാലത്തുതന്നെ, ശ്രീമതി ഗൗരിയമ്മ റവന്യൂ മിനിസ്ററായി ഇരിക്കുന്ന സമയത്തുതന്നെ ഈ സമരം പ്രഖ്യാപിച്ചിട്ടുണ്ട്. എന്താ കാരണം.

LIBRARY ARCHIVES Kerala Legislative Assembly

ഇ. എം. എസ് ഭരിച്ചാലും, ഗൗരിയമ്മ ഭരിച്ചാലും മറ്റാരു ഭരിച്ചാലും ഇന്നത്തെ ജനാധിപത്യ വ്യവസ്ഥയിൽ ഈ നിയമം നടപ്പിലാകണമോ കൃഷിക്കാരും കുടികിടപ്പുകാരും രംഗത്തിറങ്ങി പൊരുതണം. നിയമം മാത്രം കൊണ്ട് ഈ രാജ്യത്ത് ഇന്നുവരെ ഒരു ഭൂ പരിഷ്ക്കരണവും ആരും ചെയ്തിട്ടില്ലെന്ന്, ചെയ്യാൻ നിവൃത്തിയില്ലെന്ന് 22 കൊല്ലത്തെ അനുഭവം കൊണ്ട് തെളിഞ്ഞിട്ടുണ്ട്. ഇതാണ് ഇൻഡ്യാ ഗവൺമെന്റിന്റെ ആഭ്യന്തര വകുപ്പുതന്നെ പറഞ്ഞിട്ടുള്ളത്. എന്നിട്ട് ഈ ഗവൺമെന്റിനോടുള്ള പ്രതികാരം വീട്ടാനാണെന്നു പറയുന്നു.

സർ, ഒരു കാര്യംകൂടിമാത്രമേ പറയാനുള്ളു. ഭരണഘടന ഇത്തരം കാർഷിക പരിഷ്ക്കരണ നിയമങ്ങൾക്ക് തടസ്സം നിൽക്കുന്നതിൽ വലിയൊരു പങ്കു വഹിച്ചിട്ടുണ്ട്. ഇതൊരു ശപിക്കപ്പെട്ട ചരിത്രമാണ്. ഈ നിയമം നടപ്പിലാക്കാൻവേണ്ടി ഗവൺമെന്റു ചെയ്തിട്ടുള്ള ഏറ്റവും വലിയ ഒരു കാര്യം ഭരണഘടന ഭേദഗതി ചെയ്യാൻ ആവശ്യപ്പെട്ടു എന്നുള്ളതാണ്. ഭരണഘടന ഭേദഗതി ചെയ്യാൻവേണ്ടി ആവശ്യപ്പെട്ടു എന്ന ഒരു വലിയ കാര്യമാണു ചെയ്തിട്ടുള്ളത്. ഭേദഗതി ചെയ്യാൻ കഴിയുമോ ഇല്ലയോ അതിനുള്ള മൂന്നിൽരണ്ടു ഭൂരിപക്ഷം കിട്ടുമോ ഇല്ലയോ എന്നുള്ളതെല്ലാം മററു കാര്യങ്ങളാണ്. ഭേദഗതി ചെയ്താലും അവസാന വ്യാഖ്യാനം ഭേദഗതി ചെയ്തവരാണോ നടത്തുന്നത്? അല്ല. സുപ്രീം കോടതിയാണ് നടത്തുന്നത്. അവർ ഇന്നുവരെ കാർഷിക പരിഷ്ക്കരണ നിയമങ്ങൾ നടപ്പിലാക്കുന്നതിന് എതിരായിട്ടുള്ള തീരുമാനങ്ങളാണെടുത്തിട്ടുള്ളത്. ഇത് കോടതിയോടുള്ള അനാദരവുകൊണ്ടു പറയുകയല്ല. ഭരണഘടന ഈ രാജ്യത്തെ കാർഷിക പരിഷ്ക്കരണ നിയമങ്ങളെ തടസ്സപ്പെടുത്തിയിട്ടുള്ളതിനെക്കാൾ മറ്റൊന്നാണു സർ. ഇതു നടപ്പിലാക്കുന്നതിനു കൂടുതൽ ആപൽക്കരമായിട്ടുള്ളത്. അതാണ് ഈ ഗവൺമെന്റു ചെയ്യുന്നത്. ഈ രാജ്യത്തെ നിയമത്തിൽ നിശ്ചയിച്ചിട്ടുള്ള ആനുകൂല്യങ്ങൾ അവകാശങ്ങൾ നേടിയെടുക്കാൻ ന്യായമായ മാർഗ്ഗത്തിൽക്കൂടി സമരത്തിന് ഇറങ്ങിയിട്ടുള്ള കുടികിടപ്പുകാരെയും കൃഷിക്കാരെയും അടിച്ചമർത്താൻ വേണ്ടി പോലീസിനെ അയയ്ക്കുന്നതാണ് ഭരണഘടനയെക്കാൾ ആപൽക്കരമായി ഈ നിയമത്തെ പരാജയപ്പെടുത്തുന്നത്. ഈ ഗവൺമെന്റു തന്നെ അതാണ് ചെയ്യുന്നത്. നിയമത്തിൽ എന്തു നിശ്ചയിച്ചാലും ആ നിയമം നിശ്ചയിച്ച കാര്യങ്ങൾ ന്യായമായി നേടിയെടുക്കാൻ വേണ്ടിയുള്ള സമരമാർഗ്ഗങ്ങളിൽക്കൂടി മുന്നോട്ടുപോയാൽ അതടിച്ചമർത്താൻ വേണ്ടി, ഭൂസ്വാമികളെയും കുടികിടപ്പു ഉടമസ്ഥൻമാരെയും രക്ഷിക്കാൻവേണ്ടി ഈ ഗവൺമെന്റിന്റെ പോലീസ് മുഴുവൻ മതിയാകാതെ സി. ആർ. പി. യെയും അതുപോലെയുള്ള അർധസൈനിക ഏർപ്പാടുകളെയും കൂടി ശക്തിപ്പെടുത്തുന്ന ഈ ഭരണമാണ് കാർഷികപരിഷ്ക്കരണ നിയമത്തിന്റെ ഒന്നാംനമ്പർ ശത്രു. ഭരണഘടനയെക്കാൾ ഗവൺമെന്റിന്റെ ഈ നയം മാറ്റുക എന്നുള്ളതാണ് സർവ്വപ്രധാനം. ഈ സമരത്തോടുള്ള സമീപനം—അതു മാറ്റാത്ത കാലത്തോളം ഈ ഗവൺമെന്റും ഈ ഗവൺമെന്റ് എടുക്കുന്ന നടപടികളും ഇൻഡ്യാരാജ്യത്ത് ഇന്നുവരെ കാർഷികപരിഷ്ക്കരണ നിയമത്തിനെതിരായി ഉയർന്നിട്ടുള്ള ഇരുട്ടിന്റെ ശക്തികളുടെ കൂട്ടത്തിൽ ഒന്നാംസ്ഥാനത്ത് ഉണ്ടായിരിക്കുമെന്നു ഈ രാജ്യത്തിലെ കൃഷിക്കാർ മനസ്സിലാക്കും, കുടികിടപ്പുകാർ മനസ്സിലാക്കുമെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ബഹുമാനപ്പെട്ട സ്പീക്കർ സർ, എനിക്ക് ആദ്യമായി പറയാനുള്ളത് ഈ നിയമസഭയിൽ കഴിഞ്ഞ 9–ാം തീയതി നടത്തിയ വൃത്തികേടും അതിനു രണ്ടുമൂന്നു മാസങ്ങൾക്കു മുമ്പ് ആളുകൾ കൂവുകയും ചെയ്തിട്ടുള്ളത് കണ്ടാൽ ഈ നിയമസഭയുടെ സ്റ്റാൻഡേർഡ് വളരെ

LIBRARY ARCHIVES Kerala Legislative Assembly

താഴ്ന്നുപോയി എന്നു പറയേണ്ടിയിരിക്കുന്നു. ഈ നിയമസഭയുടെ സ്റ്റാൻഡേർഡ് ഉയർത്തുന്നതിനുവേണ്ടിയിട്ട് മെമ്പറൻമാർക്ക് ഒരു റിഫ്റഷർ കോഴ്സ് വച്ചു് പത്തുപതിനഞ്ചു മെമ്പറൻമാർ വീതം കോഴ്സ് നടത്തിയിട്ട് തിരിയെ വന്നാൽ നല്ലതായിരിക്കും. ചില കൊച്ചു പിള്ളേർനിയമസഭയിൽ ഇത്തവണ വന്നിട്ടുണ്ട്. കണ്ടുപരിചയമില്ലാത്തതുകൊണ്ട് അവർ ചില വൃത്തികേടുകൾ കാണിക്കുന്നുണ്ട്. അതു മാററത്തക്കവണ്ണം ഒരു കോഴ്സ് ഏർപ്പെടുത്തി പരിശീലിപ്പിച്ച് നിയമസഭയുടെ സ്റ്റാൻഡേർഡ് പഴയ രീതിയിൽ എത്തിക്കുന്നതിനു ശ്രമിക്കണമെന്നാണ് എനിക്ക് ആദ്യമായി അഭ്യർത്ഥിക്കുവാനുള്ളത്.

<u>ശ്രീ. ടി. കെ. കൃഷ്ണൻ:</u> കൊച്ചുപിള്ളേർ വന്നിട്ടുണ്ടെന്നുള്ള പരാമർശം നീക്കം ചെയ്യണം.

<u>ഡെ: സ്പീക്കർ:</u> അതു ചാഴികാടന്റെ ഭാഷയിലാണ് കൊച്ചുപിള്ളേർ സാരമില്ല.

<u>ശ്രീ. ജോസഫ് ചാഴികാട്ട്:</u> ഇവിടെ സപ്തമുന്നണി എന്നൊരു ഗവൺമെൻറ് 1967 മുതൽ 1969 ഒക്ടോബർമാസം 24-ാം തീയതിവരെ ഭരിച്ചു. ഈ സപ്തമുന്നണിയെന്നു പറഞ്ഞാൽ അതിനെസംബന്ധിച്ച് എന്റെ മുറിയിൽ ഒരു പടം ഞാൻ ഉണ്ടാക്കിവച്ചിട്ടുണ്ട്. അതിൽ മെമ്പറൻമാരെയെല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ ഒരാന, ഒരു കടുവാ, ഒരു സിംഹം, ഒരു കുരങ്ങ്, ഒരു കഴുത, ഒരു പാമ്പ്, ഒരു ചീങ്കണ്ണി ഇങ്ങനെ ഏഴെണ്ണത്തിനെ സപ്തമുന്നണിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സപ്തമുന്നണി ഏകദേശം രണ്ടര കൊല്ലക്കാലം ഭരിച്ചു. അങ്ങനെ ഭരിച്ചിട്ടുള്ളതിന്റെ ഫലമായിട്ട് അവർക്കുതന്നെ തോന്നി, ഞങ്ങളെക്കൊണ്ട് ഈ രാജ്യം ഭരിക്കാൻ കൊള്ളുകില്ല, ഞങ്ങളുടെ ഭരണം ഈ രാജ്യത്തിലെ ജനങ്ങൾക്ക് തൃപ്തിയില്ലാതായിരിക്കുന്നു, രാജ്യത്തെല്ലായിടത്തും അരാജകത്വവും അക്രമവും പൊട്ടിപ്പുറപ്പെടുന്നു എന്നെല്ലാം മനസ്സിലാക്കിയിട്ടുള്ളതിന്റെ ഫലമായി നല്ലവനായ ശ്രീമാൻ നമ്പൂതിരിപ്പാട് രാജിവച്ച് ഇറങ്ങിപ്പോയി. സപ്തമുന്നണിയെയുംകൊണ്ട് ഭരിക്കാൻ കഴിയുകയില്ലെന്നും ബോദ്ധ്യമായ ആ മനുഷ്യൻ എന്തു ചെയ്തു? നെപ്പോളിയൻ ഒരിക്കൽ പറഞ്ഞിട്ടുണ്ട്, Able was I ere I saw Elba (എൽബായിൽ പോയിവരുന്നതുവരെ ഞാൻ ചെയ്തതെല്ലാം ശരിയായിരുന്നു.) എൽബായിൽനിന്നും ഞാൻ തിരിയെ വന്നതിനുശേഷം ചെയ്യുന്നതെല്ലാം തെററായിപ്പോയി എന്നു നെപ്പോളിയൻ പറഞ്ഞിട്ടുണ്ട്. മുമ്പോട്ടും പിറകോട്ടും ഒരു പോലെ വായിക്കാവുന്ന ഒരു വാചകമാണത്. അതുപോലെ നമ്പൂതിരിപ്പാട് ഇവിടെ ഈ കുഴപ്പമെല്ലാം കണ്ടിട്ട്പൊയ്ക്കളയാം ജർമ്മനിക്ക് എന്നു വിചാരിച്ച് അങ്ങു പോയി. ജർമ്മനിക്കു പോയി അവിടത്തെ കാലാവസ്ഥയിൽ ഒന്നുരണ്ടുമാസം താമസിച്ചിട്ട് തിരിയെ വന്നപ്പോൾ കാര്യങ്ങൾ മോശമായി. തിരിച്ചുവന്നപ്പോൾ ചെയ്തതെല്ലാം തെററാണെന്നു തോന്നി. നമ്പൂതിരിപ്പാട് തിരിയെ വന്നിട്ട് രാജിവച്ചുകളഞ്ഞു. Able was Namboodiripad ere he saw Jermany. എന്നാണ് എനിക്കു പറയുവാനുള്ളത്. ജർമ്മനിക്കു പോകുന്നതിനു മുൻപ് നമ്പൂതിരിപ്പാടിനു കുഴപ്പമൊന്നുമില്ലായിരുന്നു. വന്നതിനുശേഷം ചെയ്തതെല്ലാം കുഴപ്പമായിരുന്നു. ഈ രാജ്യത്തു ശരിയായ ഭരണമല്ല നടക്കുന്നത്, നീതി നടക്കുന്നില്ല, ജനങ്ങൾക്കു രക്ഷയില്ല, അക്രമവും അഴിമതിയും ധാരാളമുണ്ട്, അതുകൊണ്ട് രാജിവച്ചു പൊയ്ക്കളയാമെന്നു വിചാരിച്ചു രാജിവച്ചു. ഞാൻ നമ്പൂതിരിപ്പാടിനോടു് ഇപ്പോൾ ചോദിക്കുന്നു, വല്ലവരും അദ്ദേഹത്തിന്റെപേരിൽ അവിശ്വാസപ്രമേയം കൊണ്ടുവന്നോ, ഇറങ്ങിപ്പോകാൻ പറഞ്ഞോ? ഒന്നുമില്ല. സ്വന്തം മനസ്സാലെ

LIBRARY ARCHIVES Kerala Legislative Assembly

ഇറങ്ങിപ്പോയിട്ട് ഇപ്പോൾ വെളിയിൽനിന്നുകൊണ്ട് ഈ കൊള്ളയും കൊലയും ഉണ്ടാക്കുകയും അക്രമങ്ങൾ നടത്തുകയും അനാവശ്യങ്ങൾ പറയുകയും മററും ചെയ്യുന്നത് ശരിയല്ല. രണ്ടരക്കൊല്ലക്കാലം നിങ്ങൾ ഭരിച്ചു. അതിനു ശേഷം വേറൊരു ഗവൺമെൻറു വന്നു. അവർ ഭരിക്കുന്നതുകാണട്ടെ. അതു സ്വസ്ഥമായി നോക്കിക്കാണുകയാണു നിങ്ങൾ ചെയ്യേണ്ടത്. നിങ്ങളോട് ഇറങ്ങിപ്പോകാൻ ആരും പറഞ്ഞില്ല. തനിയേ ഇറങ്ങിപ്പോയതാണ്. നിങ്ങൾ തന്നെ മടുത്ത് ഇറങ്ങിപ്പോയതാണ്. ഈ ഭരണംകൊണ്ട് എന്തെങ്കിലും പഠിക്കാനുണ്ടെങ്കിൽ അതു പഠിക്കുകയും നല്ലതു നല്ലതാണെന്നു പറയുകയും ശരിയല്ലാത്തതിനെ വിമർശിക്കുകയും ചെയ്യുന്നതിൽ കുഴപ്പമൊന്നുമില്ല. അതിനുപകരം മേശപ്പുറത്തിടിച്ചു ബഹളം കൂട്ടുന്നതു നിയമസഭാസാമാജികൻമാർക്കു ചേർന്നതല്ല. നിയമസഭയിൽ പെരുമാറുന്നതിനു എല്ലാ മെമ്പറൻമാരും പഠിക്കേണ്ടിയിരിക്കുന്നു.

ഇപ്പോൾ സപ്തമുന്നണി ഗവൺമെൻറ് പോയതിൻെറ സ്ഥാനത്താണ് പഞ്ചാംഗ ഗവൺമെൻറു വന്നിട്ടുള്ളത്. പഞ്ചാംഗം. എന്നു പറഞ്ഞാൽ നക്ഷത്രം, തിഥി, പക്കം തുടങ്ങിയ അഞ്ചെണ്ണം ചേർന്നിട്ടുള്ളത്. ഇന്നി വിടെയുള്ളത് പഞ്ചാംഗ ഗവൺമെൻറാണ്. അതായത് ഐ. എസ്. പി., ആർ. എസ്. പി., മുസ്ലീംലീഗ്, വലതുകമ്മ്യൂണിസ്ററു പാർട്ടി, കേരളാ കോൺഗ്രസ്സ്.

<u>ശ്രീമതി കെ. ആർ. ഗൗരി:</u> വലതുകമ്മ്യൂണിസ്ററു പാർട്ടിയെന്നു പറഞ്ഞാൽ അതു അൺപാർലമെൻററിയാണ്.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്:</u> ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടി. നിങ്ങളെ ഇടതെന്നു പറയാമോ?

<u>ശ്രീമതി കെ. ആർ. ഗൗരി:</u> പറയാം.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്:</u> ഇടതുണ്ടെങ്കിൽ വലതും ഉണ്ട്. ഇടതില്ലെങ്കിലേ വലതില്ലാതിരിക്കൂ. വലതു കമ്മ്യൂണിസ്ററു പാർട്ടി, മുസ്ലീംലീഗ്, ഐ. എസ്. പി., ആർ. എസ്. പി., കേരളാ കോൺഗ്രസ് ഇങ്ങനെ പഞ്ചാംഗപാർട്ടികളാണ് ഇപ്പോൾ ഭരിക്കുന്നത്. പഞ്ചാംഗം എന്നു പറഞ്ഞാൽ അഞ്ചംഗം ഉള്ള എന്നാണ്.

<u>ഡെ: സ്പീക്കർ:</u> ശ്രീ. തോമസിൻെറ പാർട്ടിയുംകൂടിയുണ്ട്.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്:</u> അപ്പോൾ ആറാകും. ആറായാലും തോടായാലും തരക്കേടില്ല. ഈ പഞ്ചാംഗ ഗവൺമെൻറ് 1969 നവംബർ 1—ാം തീയതിയാണ് ഭരണമേറെറടുത്തിട്ടുള്ളത്. മൂന്നുമാസം തികയാൻ പോകുന്നതേയുള്ളു. രണ്ടരമാസമേ ആയിട്ടുള്ളു. അതേപ്പററി ഗവർണ്ണർ പറയുന്നുണ്ട്. ഇതിനകം അനേകം കാര്യങ്ങൾ ഈ നാട്ടിലെ നൻമയ്ക്കു വേണ്ടി പെട്ടെന്നു ചെയ്തിട്ടുണ്ട്. പെട്ടെന്നു നിയമങ്ങളുണ്ടാക്കി ഓർഡിനൻസായി പാസ്സാക്കി നടപ്പിലാക്കിയിട്ടുണ്ട്. അങ്ങനെ നടപ്പിൽവരുത്തിക്കൊണ്ടിരിക്കുന്ന കാര്യങ്ങൾ ക്രമശ്ശ മുന്നോട്ടു കൊണ്ടുപോകുകയും പ്രതിബന്ധം ഉണ്ടാക്കാതെ ഈ രാജ്യത്തെ ജനങ്ങൾക്ക് രക്ഷ കിട്ടത്തക്ക വണ്ണം നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിൽ അതിനെ നല്ല കുഴൽക്കണ്ണാടി വച്ച് നോക്കി മനസ്സിലാക്കുന്നതിനു പകരം കാലത്തും അകാലത്തും എതിർത്തുകൊണ്ടിരിക്കുന്നത് രാജ്യത്തിനും ജനങ്ങൾക്കും ദോഷം ചെയ്യുകയാണ് എന്നു നിങ്ങൾ ഒന്നു ധരിച്ചാൽ കൊള്ളാം. നിങ്ങൾ രണ്ടരക്കൊല്ലം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

ഭരിച്ചില്ലേ. രണ്ടരക്കൊല്ലം മിച്ചമുണ്ട്. ആ ബാക്കി ഈ ഗവൺമെന്റു ഭരിക്കട്ടേ. നിങ്ങൾക്കു കാണാമല്ലോ. അവർ ചെയ്യുന്നതു ശരിയല്ലെങ്കിൽ അവർ രാജിവയ്ക്കും അല്ലെങ്കിൽ അവരെ ഇറക്കിവിടാം. ജനങ്ങളുടെ അഭിപ്രായം ശക്തിയായി എതിരായി വരികയാണെങ്കിൽ ഡെമോക്രസിയിൽ അതു പ്രബലപ്പെടുകയും രാജിവച്ച് ഇറങ്ങിപ്പോകേണ്ടിവരുകയും ചെയ്യും. ഞാൻ അപ്പുറത്തിരുന്നുകൊണ്ടുതന്നെ പറഞ്ഞിട്ടുണ്ട്; ഗോപാലൻ ഐ. ജി. പോലീസിനെക്കൊണ്ട് ശരിയായി ഭരിക്കുന്നില്ല, രാജിവച്ച് ഇറങ്ങിപ്പോകണം എന്ന്. അന്നത്തെ പോലീസ് എന്നു പറഞ്ഞാൽ ചുമ്മാ കൈയും കെട്ടി നിന്നുകൊള്ളണം. ആരെയെങ്കിലും തല്ലിക്കൊല്ലുകയാണെങ്കിൽ കൊന്നതിനു ശേഷം പോലീസുകാർചെന്ന് മഹസർ എഴുതും. ആരെങ്കിലും വിളിച്ച് അറസ്ററു ചെയ്യേണ്ട എന്നു പറഞ്ഞാൽ പിന്നെ അറസ്ററു ചെയ്യുകയുമില്ല.

അങ്ങനെ ഒരു അവസ്ഥയായിരുന്നു ആ കാലത്ത് ഇവിടെ ഉണ്ടായിരുന്നത്. പുതിയ ഗവൺമെന്റ് വന്നശേഷം പോലീസ് എന്നൊന്ന് ഈ രാജ്യത്തുണ്ടെന്നും ജനങ്ങളുടെ ജീവനേയും സ്വത്തിനെയും രക്ഷിക്കേണ്ട അവസരം വരുമ്പോൾ പോലീസ് ജനങ്ങളെ സഹായിക്കുന്നു............

(പല അംഗങ്ങളും ചോദ്യം ചോദിക്കാൻവേണ്ടി എഴുന്നേററു നിന്നു).

ചുമ്മാതിരിക്കൂ. ജനങ്ങളെ രക്ഷിക്കേണ്ട അവസരം ഉണ്ടാകുമ്പോഴും ആപത്തുണ്ടാകുമെന്ന് തോന്നുമ്പോഴും പോലീസുകാർ ഇപ്പോൾ സ്ഥലത്തു വരുന്നുണ്ട്. ഞാൻ ഈ കുട്ടനാട്ടിൽനിന്നും വരുന്ന ആളുകളോട് എങ്ങനെ ഇരിക്കുന്നു എന്നു ചോദിച്ച അവസരത്തിൽ പോലീസ് ഉണ്ടെന്നുള്ള ബോധം ഉണ്ടായിട്ടുണ്ടെന്നു പറഞ്ഞു. ഞാൻ പോലീസ് മന്ത്രിയോട് ഒരു കാര്യം പറയുന്നു. ഈ രാജ്യത്ത് മററു രാജ്യങ്ങളെ അപേക്ഷിച്ച് പോലീസ് വളരെ കുറവാണ്. ഇൻഡ്യാഗവൺമെൻറിന്റെ ഒരു റിപ്പോർട്ട് അനുസരിച്ച് ആന്ധ്രാ, മദ്രാസ് മുതലായ സ്റേററുകളിൽ 10 ആളുകൾക്ക് ഒരു പോലീസുണ്ട്. അതിനെ അപേക്ഷിച്ച് ഇവിടെ പോലീസുകാരുടെ എണ്ണം വളരെ കുറവാണ്. അതുകൊണ്ട് ആയിരം രണ്ടായിരം ആളുകളെക്കൂടി പോലീസിൽ എടുക്കാനും ട്രെയിനിംഗ്കൊടുക്കാനും വേണ്ട ഏർപ്പാടുചെയ്യണം. ആവശ്യത്തിന് പോലീസ് ഇല്ലാതെയാണിരിക്കുന്നത്. അതുകൊണ്ട് പൊലീസിന്റെ ശക്തിവർദ്ധിപ്പിച്ച് പോലീസ് ഈ രാജ്യത്തെ ജനങ്ങളെ സേവിക്കുന്നതിനുവേണ്ടതെല്ലാം ചെയ്യണം. ഇതുവരെ, ഈ രണ്ടരമാസക്കാലം പോലീസ് മന്ത്രി ചെയ്ത നല്ല കാര്യങ്ങൾക്ക് അദ്ദേഹത്തെ അഭിനന്ദിക്കുന്നു. ഇതിനുമുമ്പ് ഐ. ജി. രാജിവച്ച് ഇറങ്ങിപ്പോകണമെന്ന് പറഞ്ഞുവെങ്കിലും ഇപ്പോൾ അദ്ദേഹം പ്രവർത്തനം നന്നാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ കീഴിലുള്ള പോലീസുകാരെക്കൊണ്ട് ഇങ്ങനെ പ്രവർത്തിപ്പിക്കുന്നു എന്നുകാണുന്നതിൽ ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നത് അദ്ദേഹത്തിന്റെ ഡ്യൂട്ടി ശരിക്കു ചെയ്യാനുള്ള സാഹചര്യവും സൗകര്യവും മുമ്പില്ലായിരുന്നുവെന്നാണ്. ഇപ്പോൾ അദ്ദേഹം അദ്ദേഹത്തിന്റെ ഡ്യൂട്ടി ശരിക്കു ചെയ്യുന്നുണ്ട്.

വിദ്യാഭ്യാസത്തെപ്പററികൂടി ഒരുവാക്കു പറയാനുണ്ട്. വിദ്യാഭ്യാസത്തിനുവേണ്ടി ഈ രാജ്യത്തു ചെലവാക്കിക്കൊണ്ടിരിക്കുന്ന സംഖ്യ ഈ രാജ്യത്തിന്റെ കോശസ്ഥിതിക്ക് വളരെക്കൂടുതലായിട്ടുള്ളതാണ്. അതുകൊണ്ട് ഈ കാര്യം വളരെഗൗരവമായിട്ട് ഈ ഗവൺമെന്റ് ആലോചിക്കണം. അഞ്ചാംക്ലാസ്സു മുതൽ 10-ാം ക്ലാസ്സുവരെ പ്രതിമാസം 500 രൂപയിൽക്കൂടുതൽ വരുമാനമുള്ള കാരണവൻമാരുടെ രക്ഷകർത്താക്കളുടെ കുട്ടികൾക്ക് പഠിക്കാൻ രണ്ടുരൂപയോ മൂന്നുരൂപയോ ഫീസ് ചുമത്തണമെന്ന് ഞാൻ ഈ ഗവൺമെൻറി

LIBRARY ARCHIVES Kerala Legislative Assembly

നോട് ആവശ്യപ്പെടുന്നു. മുഹമ്മദുകോയയുടെ പിള്ളേർക്ക് ഫീസുകൊടുക്കാതെ പഠിക്കാം. ഇവിടെ ഒരു വിദ്യാഭ്യാസസെസ് ഏർപ്പെടുത്താൻ പോകുന്നുവെന്ന് കേട്ടു. അങ്ങനെയൊന്നും ഏർപ്പെടുത്താൻ പാടില്ല. കുറച്ചുപേർക്ക് ഫീസുകെടുക്കണമെന്നും മററു ചിലർക്ക് ഫീസുകൊടുക്കേണ്ടെന്നും വരുന്നത് ശരിയല്ല. എല്ലാവരും ഫീസുതരണം. ഫീസില്ലാത്തതുകൊണ്ട് എന്താണ് കുഴപ്പമുണ്ടായിരിക്കുന്നതെന്നറിയാമോ? കുത്തഴിഞ്ഞ പുസ്തകം പോലെയായി വിദ്യാഭ്യാസം. പെൻസിലും പുസ്തകവും വാങ്ങിച്ചുകൊടുക്കുമ്പോഴെങ്കിലും അച്ഛൻ മക്കളുടെ വിദ്യാഭ്യാസത്തെപ്പററി അന്വേഷിക്കും. വല്ലതും പഠിക്കുന്നുണ്ടോയെന്ന് അന്വേഷിക്കും. പിള്ളാരുടെ മുലകുടിമാറുന്നതിനുമുമ്പു അടുത്ത കുഞ്ഞിനുവേണ്ടി നോക്കുന്നതല്ലാതെ അവനെ നോക്കുകയില്ല. അപ്പോൾ കുട്ടികളെ നന്നാക്കുന്നതിനുവേണ്ടി ഡിസിപ്ലിൻ ഉണ്ടാക്കാൻ വേണ്ടി ക്ലാസ്സിൽ ഫീസ് ഏർപ്പെടുത്തേണ്ടതാണ്. അതിന് ഗവൺമെൻറു ശ്രദ്ധിക്കേണ്ടതാണ്. അസംബ്ലിയിൽവേണമെങ്കിൽ അതിന് ഒരു റസല്യൂഷൻ സമർപ്പിക്കാൻ ഞാൻതയ്യാറാണ്.

പിന്നെ ഗവൺമെൻറിൽനിന്നും കുറി ഏർപ്പെടുത്തുവാൻ പോകുന്നു എന്നുകേട്ടു. ഗവൺമെൻറു കുറി ഏർപ്പെടുത്തിക്കൊണ്ട് മററു ജനങ്ങൾക്ക് കുറി ഏർപ്പെടുത്താൻ പാടില്ലാത്ത വിധത്തിൽ നിയമമുണ്ടാക്കാൻ പാടില്ല. കുറി ഏർപ്പാടുകൊണ്ട് ആയിരക്കണക്കിനു ജനങ്ങൾ ജീവിച്ചു വരുന്നു. ജനങ്ങൾക്ക് കുറി ഏർപ്പെടുത്താനുള്ള സ്വാതന്ത്ര്യമുള്ളതുപോലെ ഗവൺമെൻറും കുറി ഏർപ്പെടുത്തണം. അങ്ങനെ വരുമ്പോൾ ഗവൺമെൻറിൻെറത് സക്സസ്ഫുൾ ആണെങ്കിൽ ഗവൺമെൻറിൻേറതു വിജയിക്കും, ഗവൺമെൻറിൻേറത് ഫെയിലിവറാണെങ്കിൽ മററുള്ളവരുടേത് വിജയിക്കും.

ചെക്ക്പോസ്ററുകൾ എടുത്തുകളഞ്ഞപ്പോൾ എൻെറനാട്ടിൽ പത്തു രൂപാ വിലയുണ്ടായിരുന്ന നെല്ലിന് ഇപ്പോൾ ആറുരൂപാ മാത്രമേ വിലയുള്ളൂ. ഇന്ന് ആറുരൂപായായിട്ടു താഴ്ന്നിട്ടുണ്ട്. ഇന്നത്തെ നെല്ലിൻെറ വില കൊണ്ട് നെൽക്കൃഷി കുറക്കേണ്ടിവരും. ചെക്ക്പോസ്ററുകൾ എടുത്തുകളഞ്ഞതിൻെറ ഫലമായിട്ടും വിളവു വർദ്ധിച്ചതിൻെറ ഫലമായിട്ടും ആണ് ഇങ്ങനെ വില കുറഞ്ഞത്. കുട്ടനാടൻ പ്രദേശങ്ങളിൽ ഇന്ന് കൃഷിയുടെ ചെലവു കണക്കാക്കുമ്പോൾ നെല്ലിൻെറ വില ഇടിയുന്നത് അപകടമാണ്. എങ്കിലും സാധുക്കളെസംബന്ധിച്ചിടത്തോളും അത് നല്ല ഒരുകാര്യമാണ്

പാവപ്പെട്ടവർക്ക് ഭൂമി കൊടുക്കുന്നകാര്യത്തിൽ ഈ ഗവൺമെൻറ് വളരെയധികം മുന്നോട്ടുപോയിട്ടുണ്ട്. പതിനായിരക്കണക്കിന് ആളുകൾക്ക് ഭൂമികൊടുത്തുയെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ കാണുന്നുണ്ട്. ഗവർണ്ണറുടെ പ്രസംഗത്തിന് ഞാൻ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

<u>ശ്രീ. പി. പി. ജോർജ്ജ്:</u> സർ, ബഹുമാനപ്പെട്ട കരുണാകരൻ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ഗവർണ്ണറുടെ പ്രസംഗത്തിൽ ഗവൺമെൻറിൻെറ ഇന്നത്തെ ഘടനയിൽ ഉണ്ടായ മാററത്തെസംബന്ധിച്ചു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രതാപത്തിൻെറയും പ്രശസ്തിയുടെയും ഉച്ചകോടിയിലായിരുന്നു 1967—ൽ ശ്രീമാൻ ഇ. എം. എസ്. ഭരണഭാരം ഏറെറടുത്തത്. വളരെ അന്തസ്സായരീതിയിലായിരുന്നു അതിൻെറ തുടക്കം. പക്ഷെ സർവ ജനനിന്ദിതമായ ഒരു അന്ത്യമാണ് അതിനുണ്ടായത്. ഐക്യമുന്നണി അനൈക്യമുന്നണിയായിത്തകർന്നു. ഭരണകർത്താക്കളിൽ തന്നെ ഭിന്നിപ്പാട്ടും അപസ്വരങ്ങളുമുണ്ടായി. വോട്ടുചെയ്തവർക്കെല്ലാം തട്ടു കിട്ടി. അങ്ങനെ ഒരു ഗ്രീക്കു ട്രാജഡിപോലെ അതിൻെറ കഥ അവസാനിച്ചു. അതിൻെറ പ്രധാനകാരണം ഭരണകക്ഷിയിലെ അന്നത്തെ പ്രധാന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. പി. ജോർജ്ജ്]

ഘടകമായിരുന്ന മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഒരുതരത്തിലുള്ള സിൻറിക്കറ്റ് മനോഭാവമാണെന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: സിൻറിക്കററു് എന്നു പറഞ്ഞാൽ എന്താണെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂട, അതുകൊണ്ട് അതൊന്നു പറഞ്ഞു മനസ്സിലാക്കിത്തന്നാൽ കൊള്ളാം.

ശ്രീ. പി. പി. ജോർജ്ജ്: അറിയുന്നകാര്യം ചോദിക്കരുത്.

ശ്രീമതി കെ. ആർ. ഗൗരി: മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയെ അങ്ങനെ പറയാൻ പാടില്ല. ഒന്നുകിൽ അതു വ്യക്തമാക്കണം. അല്ലെങ്കിൽ അതു പിൻവലിക്കണം.

ശ്രീ. പി. പി. ജോർജ്ജ്: ശ്രീമാൻ ഇ. എം. എസ്സിന് അറിയാം. ചോദിച്ചാൽ മതി.

ശ്രീമതി കെ. ആർ. ഗൗരി: മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയെപ്പററി സിൻഡിക്കേററു മനോഭാവമെന്നു പറയുന്നത് എന്താണെന്ന് വ്യക്തമാക്കണം................

ശ്രീ. പി. പി. ജോർജ്ജ്: സർ, ഞാൻ വഴങ്ങുന്നില്ല. എന്തായാലും ഈ ഭരണത്തിൽ ഈ രാജ്യത്തെ ജനങ്ങൾ ആശ്വാസം കാണുകയാണ്. ജനങ്ങൾ നെടുവീർപ്പോടുകൂടി ഈ ഭരണത്തെ നോക്കിക്കൊണ്ടിരിക്കുകയാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഞങ്ങൾ പോയാൽ ഇവിടെ അരാജകത്വഭരണമാണെന്നു ബ്രിട്ടീഷുകാർ പറഞ്ഞപ്പോൾ ഞങ്ങളെ അരാജകത്വത്തിലേക്കു വിട്ടിട്ട് നിങ്ങൾ ഇൻഡ്യവിടൂ എന്നു ഗാന്ധിജി അവരോടു് പറയുകയുണ്ടായി. അതുപോലെ ഈ രാജ്യത്തെജനങ്ങൾ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയോടും പറഞ്ഞു. ജനങ്ങളുടെ വിശ്വാസങ്ങൾക്കും അഭിലാഷങ്ങൾക്കും അനുസൃതമായ രൂപത്തിൽ ഭരണഭാരമേറെറടുക്കാൻ ഘടക കക്ഷിയിലെ ചിലർ മുന്നോട്ടുവന്നു. പ്രസിഡൻറു ഭരണത്തിൻെറ പാപഭാരംപേറി നടക്കാൻ തയ്യാറില്ലെന്ന് കാൺഗ്രസ്സിലെ രണ്ടുഗ്രൂപ്പുകളും തറപ്പിച്ചു പ്രഖ്യാപിച്ചു. എന്നാൽ ഒരുകാര്യം ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. മുൻഗവൺമെൻറിൻെറ കാലടിപ്പാടുകളെ പിൻതുടരുകയെന്നുള്ള ഒരു മനോഭാവത്തോടുകൂടി ഇന്നത്തെ ഭരണാധികാരികളിൽ ചിലർ സംസാരിക്കുന്നുണ്ടോ എന്ന് എനിക്കു സംശയം തോന്നിപ്പോവുകയാണ്. അതാണ് നിങ്ങളുടെ ഏററവും വലിയ ദൗർബല്യമെന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഈ ധാരണ, ഈ മനോഭാവം മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയെ ശക്തിപ്പെടുത്തുകയാണ്. മന്ത്രിമാരെയും ഘടക കക്ഷിയിലെ പാർട്ടി നേതാക്കളേയും അത് അപഹാസ്യരാക്കുന്നുവെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയെന്നുപറഞ്ഞാൽ ഘടകകക്ഷിയിൽപ്പെട്ട ചിലർ ഇപ്പോഴും ഭയത്തോടുകൂടി കഴിഞ്ഞുകൂടുന്നു എന്നുള്ളതു സത്യമാണ്. കൊല്ലാനുള്ള അമർഷമുണ്ടെങ്കിലും കൈയുയർത്താനുള്ള തൻേറടമില്ലാത്തതുകൊണ്ട് അങ്ങനെ ഭയന്നു കഴിഞ്ഞുകൂടുകയാണ്. കാൺഗ്രസ്സിൻെറ പിൻതുണ വേണ്ടെന്നു പറയുന്നത് മാർക്സിസ്റ്റു പാർട്ടിയോടുള്ള ഭയത്തിൻെറ ലക്ഷണമായിട്ടുകാണാൻ അങ്ങനെ വ്യാഖ്യാനിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഈ ധൈര്യമില്ലാത്ത സ്ഥിതി, ഈ മനോഭാവം ഒരുതരത്തിലുള്ള ഭീരുത്വമായിട്ടു ഞാൻ കാണുകയാണ്. ഈ ഭീരുത്വം മനസ്സിൽവച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ ഭീരുത്വത്തോടുകൂടിയുള്ള ഈ നടപടി സ്വീകരിച്ചുകൊണ്ട് ഇവിടത്തെ ഭരണകക്ഷിക്കാർക്ക് ഭരണം മുന്നോട്ടുകൊണ്ടുപോകുവാൻ സാധിക്കുമോയെന്ന് ഞാൻ സംശയിക്കുന്നുണ്ട്. അതുകൊണ്ട് തന്റേടമില്ലായ്മയുടെ തടങ്കൽ പാളയത്തിൽനിന്നും ചാടിക്കടന്ന് സോഷ്യലിസത്തിന്റെ തീപ്പന്തങ്ങളുമായി മുന്നോട്ടുനീങ്ങാൻ ഇവിടത്തെ ഭരണാധികാരികൾക്കു ശക്തിയുണ്ടായെന്ന് ഞാൻ ചോദിക്കുകയാണ്.

സർ, ഈ സംസ്ഥാനത്തെ നിയമസമാധാനസ്ഥിതിയെ സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ ഗവൺമെന്റ് അങ്ങേയററം ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഡിസമ്പർ ഒന്നാം തീയതി ഇവിടെ ഒരു സമരം നടന്നു. നിയമസഭ വിളിച്ചുകൂട്ടാൻവേണ്ടിയാണ് സമരം നടത്തിയതെന്നു പറഞ്ഞിരുന്നെങ്കിലും അതിനല്ല. വിളിച്ചുകൂട്ടിയാൽ വിളിച്ചുകൂവുന്നതിനുവേണ്ടിയിട്ടായിരുന്നു സമരം നടത്തിയതെന്നു നമുക്ക് മനസ്സിലായി. എന്തായാലും നവമ്പർ ഒന്നാം തീയതി കുറെപ്പേരെ ബലികൊടുക്കാൻ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിക്കു സാധിച്ചു എന്നുള്ളതിൽ അവർ ആഹ്ളാദിക്കുന്നുണ്ടാകുമെന്നാണ് എന്റെ ധാരണ. സർ, അധികാരത്തിൽനിന്നും ഇറങ്ങിയ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിക്ക് അമർഷമുണ്ട്. അവർ ക്രുദ്ധരാണ്. അതുകൊണ്ടാണ് അവർ ഇതെല്ലാം ചെയ്യുന്നത്. കണ്ണപുരത്ത് റയിൽവേ പാലങ്ങൾ തകർത്തു, ടെലിഫോൺ കമ്പികൾ മുറിച്ചു. തടസ്സം നീക്കാൻ ചെന്ന പോലീസുകാരെ അടിച്ചു. കുററ്യാടി പോലീസ് സ്റേറഷൻ ആക്രമിച്ചു. ഒരു സബ്ഇൻസ്പെക്ടർക്കു പരിക്കു പററി. വിദ്യാഭ്യാസമന്ത്രിയുടെനേരെ ആസിഡു ബൾബെറിഞ്ഞു. ഇങ്ങനെ ആസിഡുബൾബെറിഞ്ഞും ബാംബെറിഞ്ഞും പ്രത്യക്ഷസമരപരിപാടികൾ നടത്തുന്നത് അവസാനിപ്പിക്കാൻ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി തയ്യാറുണ്ടോ എന്ന് ഞങ്ങൾക്കറിയണം. അല്ലെങ്കിൽ അതിനെ നിർദ്ദാക്ഷിണ്യം നേരിടുമെന്നു പ്രഖ്യാപിക്കാൻ ഗവൺമെന്റു തയ്യാറാണോയെന്ന് ഞങ്ങൾക്ക് അറിയേണ്ടതുണ്ട്.

സർ, ഈ ഗവൺമെന്റ് അധികാരമേറെറടുത്ത ഉടനെ പ്ലാനിംഗ് ബോർഡ് പിരിച്ചുവിട്ട് ഒരു നടപടിയെടുക്കുകയുണ്ടായിയെന്നുള്ളതിൽ ഞാൻ സന്തോഷിക്കുന്നു. ഈ പ്ലാനിംഗ്ബോർഡ് ഒരു മുഖംമൂടിയായിരുന്ന. നമുക്കറിയാം നാലുലക്ഷം ഉറുപ്പിക വർഷംതോറും അതിനു ചെലവു വന്നുകൊണ്ടിരുന്നു. എന്നാൽ അതു പിരിച്ചുവിട്ട് ഇപ്പോൾ 51 പേരുള്ള ഒരു പ്ലാനിംഗ് അഡൈ്വസറി കൗൺസിൽ രൂപീകരിക്കാൻപോകുന്നതായി കേൾക്കുന്നു. എന്താണ് അതിന്റെ ആവശ്യമെന്ന് എനിക്കു മനസ്സിലാകുന്നില്ല. രാഷ്ട്രീയാഭയാർത്ഥികളുടെ ഒരു സങ്കേതമായി പ്ലാനിംഗ് ബോർഡിനെ മാററാതിരിക്കുന്നതിനെ ഈ ഗവൺമെന്റ് പരിശ്രമിക്കുണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ട്രാൻസ്പോർട്ടു കാർപ്പറേഷനിലെ നിയമനം പബ്ലിക് സർവ്വീസ് കമ്മിഷന് വിട്ടുകൊടുത്തുകൊണ്ട് നടപടിയെടുക്കുകയുണ്ടായി. വളരെ നല്ല കാര്യം. എന്നാൽ മററു കാർപ്പറേഷനുകളിലെ നിയമനകാര്യം എന്തുകൊണ്ട് സൗകര്യപൂർവ്വം വിസ്മരിച്ചു എന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അഗ്രോ ഇൻഡസ്ട്രീസ് കാർപ്പറേഷൻ, ഖാദിബോർഡ്, പ്ലാന്റേഷൻ കാർപ്പറേഷൻ, ചിട്ടി—കുറി കാർപ്പറേഷൻ, ഹാൻറുലൂം കാർപ്പറേഷൻ, ടൂറിസ്ററുകാർപ്പറേഷൻ, കാഷ്യോ—കയർ കാർപ്പറേഷൻ ഇവയിലെ നിയമ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾകൂടി പി. എസ്. സി. യെ ഏൽപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് ഇപ്പോൾ നിയമനം നടത്തുന്ന ഏർപ്പാടു് അവസാനിപ്പിക്കണമെന്ന് ഞാൻ പറയുകയാണ്.

സർ, നമ്മുടെ സംസ്ഥാനത്തെ ഭീഭൽസമായി തുറിച്ചുനോക്കുന്ന ഒരു പ്രശ്നമാണ് തൊഴിലില്ലായ്മ. ഈ പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി പുതുതായി വല്ല പരിപാടിയും ഗവർണ്ണറുടെ പ്രസംഗത്തിൽ ഞാൻ കാണുന്നില്ല. എല്ലാം പഴകി ജീർണ്ണിച്ച ചില നിർദ്ദേശങ്ങൾ മാത്രമാണ്. ഏതാണ്ട് 15 ലക്ഷം തൊഴിലില്ലാത്ത ആളുകൾ നമ്മുടെ രാജ്യത്തുണ്ട്. അതിൽ 9 ലക്ഷം പുരുഷൻമാരും 6 ലക്ഷം സ്ത്രീകളുമാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ നമ്മെ വളരെയധികം ബുദ്ധിമുട്ടിക്കുന്നുണ്ട്. എസ്. എസ്. എൽ. സി. പാസ്സായവർ 3 ലക്ഷം ഉണ്ട്. ട്രേഡു സർട്ടിഫിക്കററു പാസ്സായവർ 30000 പേർ. എഞ്ചിനീയറിംഗ് ഡിപ്ലോമാ പാസ്സായവർ 12000 പേരുണ്ട്. എഞ്ചിനീയറിംഗ് ഡിഗ്രി പാസ്സായവർ 5000 പേരുണ്ട്. 600 ഡാക്ടറൻമാരുണ്ട്. ഈ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യാൻ വെല്ലുവിളിയോടുകൂടി ഏറെറടുത്തു നടത്താൻ ഗവൺമെൻറു മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. ഇ. ബാലാനന്ദൻ: സർ, ശ്രീ പി. ആർ. കുറുപ്പിൻെറ വികാരത്തോടും അദ്ദേഹത്തിൻെറ പ്രസംഗചാതുരിയോടും യോജിക്കാൻ നിർഭാഗ്യവശാൽ എനിക്കു നിവൃത്തിയില്ലാതെവന്നതിൽ ഞാൻഖേദിക്കുന്നു. രണ്ടു
11 A. M. മാസങ്ങൾക്കും അൽപം ദിവസങ്ങൾക്കുമിടയ്ക്ക് അത്ഭുതകരമായ ഒട്ടേറെ സംഗതികൾ ഈ കേരളത്തിൽ നടപ്പാക്കി എന്നുള്ള കാര്യം ഗവർണ്ണർ അവർകളുടെ പ്രഖ്യാപനത്തിലുണ്ട്, പ്രസിദ്ധീകരണങ്ങളിലുമുണ്ട്. ഞങ്ങളുടെനാട്ടിൽ കേരളത്തിലെ ചില അപൂർവ്വസംഭവങ്ങളെക്കുറിച്ച് ചിലപ്പോൾ ചില പരാമർശങ്ങൾ ഉണ്ടാകാറുണ്ട്. അതായത് പൊതുവേയുള്ള കാര്യമല്ല. ചില സ്ത്രീകളെ കല്യാണം കഴിച്ചാൽ 7-ാം ദിവസം പ്രസവിക്കാറുണ്ട്. അങ്ങനെ ഏഴാം ദിവസം പ്രസവിക്കുമ്പോൾ അവരുടെ ഭർത്താവായിത്തീരുന്ന ഭാഗ്യവാൻ തനിക്ക് 7 ദിവസം കൊണ്ട് കുട്ടിയുണ്ടായി എന്ന് മേനി പറഞ്ഞാൽ അത് എൻെറ നാട്ടിൽ അത്രയധികം മാനിക്കപ്പെടുന്ന സംഗതിയല്ലെന്ന് ഞാൻ പറയേണ്ടതില്ല. നമ്മുടെ ഗവൺമെൻറിൻെറ റവന്യൂമന്ത്രി സാക്ഷാൽ കെ. റി. ജേക്കബ് അവർകൾ ഇത്രയും ദിവസം കൊണ്ട് ഇരുപതിനായിരം പേർക്ക് പട്ടയം കൊടുത്തുകളഞ്ഞു എന്നുള്ള ഖ്യാതി ശക്തിയായി, സ്വന്തമായി അവകാശപ്പെടുമ്പോൾ അതിൻെറ പിന്നിലുള്ള അധ്വാനത്തിൻെറ ഉടമസ്ഥൻമാരെ സംബന്ധിച്ച് അൽപ്പമെങ്കിലും ഓർക്കാൻ അദ്ദേഹത്തിന് സമയമില്ലാതെ പോയത് ഞാൻ ആദ്യം പറഞ്ഞ 7-ാം ദിവസത്തെ പ്രസവത്തിൻെറ കാര്യം പോലെയാണ്. ഇങ്ങനെ പറയേണ്ടി വന്നതിൽ എനിക്ക് സംസ്കൃതത്തിൻേറയോ സംസ്ക്കാരത്തിൻേറയോ കുറവ് ഉണ്ടെങ്കിൽ ക്ഷമിച്ചുകൊള്ളണമെന്ന് ഞാൻ പറയുകയാണ്. ശ്രീ. ചാഴിക്കാടൻ അവർകൾ ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ രാജ്യത്ത് ഇപ്പോൾ ഒരു ഭരണം ഉണ്ടെന്ന് എല്ലാവർക്കും തോന്നുന്നു. അദ്ദേഹം സാധാരണഗതിയിൽ ഉള്ളത് പറയുന്ന ആളാണ്. ഭരണം എന്നുവച്ചാൽ രാജ്യത്ത് പോലീസ് ശക്തിയായി ഭരിക്കുന്നു. കേരളത്തിൽ പോലീസ് ഉണ്ടെന്ന് ബോധ്യം വന്നിരിക്കുന്നു. പോലീസുകാരൻ ഉയർത്തെഴുന്നേററ് ശക്തിയായി ഈ രാജ്യം ഭരിക്കുന്നു. നമ്മുടെ രാജ്യത്ത് ഭരണം വന്നു എന്നുള്ളതിൽ ബഹുമാനപ്പെട്ട ചാഴിക്കാടന് അഭിമാനിക്കാം. പ്രിയപ്പെട്ട ചാഴികാടനും അപ്പുറത്ത് കഷ്ടിച്ച് ഭരണത്തിൻെറ ഭാരവും പേറിയിരിക്കുന്ന പ്രിയപ്പെട്ട സ്നേഹിതൻമാരും പോലീസുകാരുടെ ഭരണത്തിൻെറ ഭാരം ഈ രാജ്യത്ത് ആർക്കെതിരായി പതിയുമെന്നുള്ളത് ആലോചിച്ചുനോക്കണം. നിയമം, ക്രമം, സമാധാനം:

ചങ്ങനാശ്ശേരിക്കടുത്ത് പരേൽ എന്ന സ്ഥലത്ത് നൂറിലധികം വീടുകൾ പട്ടാപ്പകൽ ചുട്ടെരിച്ചു. ഈ നാട്ടിലെ ഉഗ്രപ്രതാപനായ പോലീസ് വീട് ചുട്ടെരിക്കാൻ കാവൽനിന്നു എന്നുള്ള നഗ്നസത്യം ബഹുമാനപ്പെട്ട ചാഴിക്കാടന് അറിവുണ്ടോ എന്ന് എനിക്കറിയുകയില്ല. അദ്ദേഹത്തിന്റെ പാർട്ടിക്ക് സോഷ്യലിസം, ജനാധിപത്യം, കമ്മ്യൂണിസം ഇത്യാദികാര്യങ്ങളിലൊന്നും വിശ്വാസമില്ല. അദ്ദേഹത്തിന്റെ പാർട്ടിയുടെ അഭിപ്രായം എന്താണെന്നുവച്ചാൽ 'അധ്വാനിക്കുന്നവൻ കൂലി ചോദിക്കരുത്''. കൂലിചോദിച്ചാൽ കൈയും കാലും കെട്ടി റോഡിലിട്ട് അടിക്കാനും ചന്തയിൽപോയി ചട്ടമ്പിചമയാനും ചെണ്ടകൊട്ടിനടക്കാനുമുള്ള സ്വാതന്ത്ര്യം വേണം. ആ സ്വാതന്ത്ര്യം അനുവദിച്ചില്ലെങ്കിൽ താടി വളർത്തും. അതുകൊണ്ട് ചാഴിക്കാടൻ ഈ കാര്യങ്ങൾ മനസ്സിലാക്കിയെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

മറ്റൊരുകാര്യം: ഈ അടുത്തദിവസം തൈക്കാട്ടുശ്ശേരിയിൽ പള്ളിയിൽ മണിയടിച്ച് ആളുകളെവരുത്തി 200 വീടുകൾ ചുട്ടെരിച്ചു. അവിടെയും ഉഗ്രപ്രതാപനായ പോലീസിന്റെ മർദ്ദനത്തിൽ പോലീസുകാർ എത്തിയില്ല. എത്തിയത് സി. ആർ. പി. യാണ്. എത്തിയതോ ജന്മിമാരെ സഹായിക്കാൻ. എന്റെ പ്രസംഗത്തിൽ ബഹുമാനപ്പെട്ട ഗവർണറുടെ പ്രഖ്യാപനത്തിൽ വന്ന തൊഴിൽ കാര്യങ്ങളെക്കുറിച്ച് അൽപ്പമൊന്ന് പരാമർശിക്കണമെന്നാണ് ഉദ്ദേശിച്ചത്. അതിന് മുഖവുര പറഞ്ഞു എന്നുമാത്രമേയുള്ളു. തൊഴിൽകാര്യങ്ങൾ വളരെ ഭംഗിയായി നടത്തണമെന്ന് ബഹുമാനപ്പെട്ട രവീന്ദ്രൻ ആഗ്രഹിച്ചാൽപ്പോലും അതു സാധ്യമല്ലാത്ത സ്ഥിയാണ് ഇന്നുള്ളത് എന്ന് ആലോചിച്ചുനോക്കിയാൽ മനസ്സിലാക്കാൻ സാധിക്കും. അദ്ദേഹത്തിന്റെ 'പുന്നാരഭരണം'—ശ്രീമാൻ ജോർജിന്റെ പ്രസംഗം കേട്ടപ്പോൾ ''ഞങ്ങളെ ഒന്ന് പിൻതാങ്ങാൻ അനുവദിക്കൂ'' എന്ന് ആവശ്യപ്പെടുന്നതുപോലെ തോന്നി. അച്യുതമേനോൻ ബാംഗ്ളൂരിൽവച്ച് പറഞ്ഞു എല്ലാവരും ഞങ്ങളെ പിൻതാങ്ങുമെന്ന്. നിയമസഭ വിളിച്ചുകൂട്ടുമ്പോൾ ആളുകളെ തേടിയും ചാക്കിൽക്കയറിയും മററും മററും എല്ലാവരും ഉണ്ടെന്ന് പരസ്യമായി പറയുന്ന സംപ്രദായം ന്യായമായ ഏർപ്പാടല്ല. അതുപോകട്ടെ. എന്തായാലും തൊഴിൽക്കാര്യങ്ങളെപ്പററി പരാമർശിക്കുമ്പോൾ എനിക്കോർമ്മവരുന്നത് കാർത്തികപ്പള്ളിയിലെ കാര്യമാണ്. അവിടത്തെ തൊഴിലാളികൾ ഒരു രൂപാ ശമ്പളം വാങ്ങിക്കുന്നവരും എട്ടണ ശമ്പളം വാങ്ങിക്കുന്നവരുമാണ്. കഴിഞ്ഞ ഭരണം വന്നകാലത്ത് ഒരു ചെറിയ അബദ്ധം ചെയ്തുപോയി. ഒരുരൂപാശമ്പളം മാററി രണ്ടുരൂപായാക്കി, എട്ടണ ശമ്പളം മാററി ഒരുരൂപയാക്കി. ഇപ്പോഴത്തെ കേന്ദ്രീകൃതപരിപാടിയെക്കുറിച്ചും യാന്ത്രികയുഗത്തെക്കുറിച്ചും സുന്ദരമായി പണ്ഡിതൻമാരായ ആളുകൾ പ്രസംഗിക്കുമ്പോൾ ആ പ്രദേശങ്ങളിൽ 240 മണൽത്തൊഴിലാളികളുടെ ജോലി ഇല്ലാതാക്കുന്ന അവസ്ഥമാററാൻ വേണ്ടി ഇരുപത്തയ്യായിരം തൊഴിലാളികൾ പണിമുടക്കിപ്പോയി. വലിയ അപരാധം! ഈ പണിമുടക്ക് പൊളിക്കാൻവേണ്ടി 12 പോലീസ് ക്യാമ്പും. സർ സി. പി. യുടെ കാലത്തിനുശേഷം തൊഴിലാളിസമരങ്ങൾ പൊളിക്കാൻവേണ്ടി ആദ്യമായി പോലീസ് ക്യാമ്പ് തുറക്കുന്നത് ശ്രീ. രവീന്ദ്രൻ മന്ത്രിയായപ്പോഴാണെന്ന് പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. കാഞ്ഞിരപ്പള്ളി താലൂക്കിൽ സ്ത്രീകൾ കുളിക്കുന്ന കുളത്തിൽ അവരോടൊത്ത് കുളിക്കണമെന്ന് ഒരിക്കൽ പോലീസ് യജമാനൻമാർക്ക് മോഹം വന്നു. അപ്പോൾ അവിടത്തെ തൊഴിലാളികൾ അതിന് സാധ്യമല്ലെന്ന് പറഞ്ഞതിന് വാസുവിനോടും കൂട്ടുകാരോടും പ്രവർത്തിച്ച കാര്യമൊന്നും ഞാനിവിടെ പ്രസംഗിക്കുന്നില്ല. തൊഴിലാളിവർഗ്ഗത്തിന് നിങ്ങൾ ഉണ്ടാക്കുന്ന നിയമത്തിന്റെ ഓമനപ്പേരല്ല ആവശ്യം. അവരുടെ പ്രധാനമായ ആവശ്യം സംഘടിക്കാനും സമരം ചെയ്യാനും നിയന്ത്രണമില്ലാത്ത അവകാശമാണ്. അതുണ്ടെങ്കിൽ മാത്രമേ ഘോരമായ ഈ

LIBRARY ARCHIVES Kerala Legislative Assembly

പ്രഭാഷണങ്ങൾക്ക് എന്തെങ്കിലും അർത്ഥം ഉണ്ടാവുകയുള്ളു എന്ന് ഞാൻ പറയേണ്ടതാവശ്യമില്ല. ഈ അടുത്ത കാലത്ത് കളമശ്ശേരിയിൽ മറെറാരു സംഭവമുണ്ടായി. നമ്മുടെ ഗവൺമെൻറിനോട് താത്പര്യമുള്ള, മാർക്സിസ്ററുകാരല്ലാത്ത സാക്ഷാൽ ടി . സി. എൻ. മേനോൻ, സി. എം. സ്ററീഫൻ എസ്. സി. എസ്. മേനോൻ തുടങ്ങിയ മാന്യൻമാർ ചേർന്ന് പണിമുടക്ക് നടത്തി. പണിമുടക്കു നടത്തിയതൊന്നുമല്ല, ബോണസ്‌വേണം, കൂലി കൂടുതൽ വേണം, ഇത്യാദി കാര്യങ്ങൾ. കഴിഞ്ഞ വർഷം 70 ലക്ഷം രൂപയുടെ ലാഭമുണ്ടായിരുന്നു ഈ കമ്പനിയിൽ. ഇത്രയും ശക്തൻമാരായ ആളുകൾ പണിമുടക്കു നടത്തിയപ്പോൾ എന്ത് സംഭവിച്ചു? ആരുമാരുമറിയാതെ 5 പേരെ കൊണ്ടുവന്ന് കമ്പനിക്ക് അകത്തു കയററാൻ പോലീസുകാർ ശ്രമിച്ചു. അപ്പോൾ അവിടെയുള്ള ആളുകൾ പറഞ്ഞു, ഇവർ ഇവിടത്തെ പണിക്കാരല്ല അതുകൊണ്ട് അവരെ കമ്പനിയ്ക്കകത്ത് കയററാൻ പാടില്ല; കയററണമെന്ന വാശിയാണെങ്കിൽ ദയവായി ഞങ്ങളെ അറസ്ററ് ചെയ്തിട്ട് കയററിക്കോളൂ എന്ന്. അപ്പോൾ 'അറസ്ററിൻെറ കാലം കഴിഞ്ഞെടാ' എന്ന് പറഞ്ഞുകൊണ്ട് പോലീസുകാർ അവരെ അടിക്കുകയുണ്ടായി. ഇതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ നമുക്കെല്ലാവർക്കുമറിയാം. മുസ്ലീം മദ്രസായിൽ കൊച്ചു കുഞ്ഞുങ്ങളെ പഠിപ്പിച്ചുകൊണ്ടിരുന്ന അധ്യാപകൻമാർ അടികൊണ്ടോടി. അടിക്കുന്ന കാര്യത്തിൽ സോഷ്യലിസമായിരുന്നു. കോൺഗ്രസ്കാരെന്നില്ല, മുസ്ലീംഗളെന്നില്ല, ആകെ സോഷ്യലിസം. മലബാറിൽ ഒരു പത്രമുണ്ട്, നവജീവൻ. ആ പത്രം പറഞ്ഞു അടിക്ക് ഉത്തരവാദികൾ മാർക്സിസ്ററ്കാരാണെന്ന്. മററാരും പറഞ്ഞില്ലെന്ന് തോന്നുന്നു. അതുപോലെതന്നെ മറെറാരു സമരത്തെക്കുറിച്ചുകൂടി സൂചിപ്പിച്ചുകൊള്ളട്ടെ. എറണാകുളത്ത് ഒരു ഹോട്ടലുണ്ട്—വുഡ്‌ലാൻസ് ഹോട്ടൽ. അവിടത്തെ തൊഴിലാളികളുടെ സംഖ്യ 53 ആണ്. അവർ പണിമുടക്ക് നടത്തുമെന്ന് അറിഞ്ഞതിൻെറ തലേദിവസം ലാക്കൗട്ട് ചെയ്തു. അവർ പണിമുടക്കിയിട്ട് നൂറുദിവസമായി. തൊഴിലാളി പ്രസ്ഥാനത്തിൽ തൊഴിലാളികൾക്ക് വളരെവളരെ ഗുണങ്ങൾ ചെയ്യുന്നതിൻെറ ഭാഗമായിട്ട് ഇവിടെ ഉണ്ടായിട്ടുള്ള പരിഷ്കാരം ഈ 53 തൊഴിലാളികൾക്കും അഞ്ചും പത്തും കേസുകൾ ഉണ്ടായി എന്നുള്ളതാണ്. അവസാനത്തെ ഏററവും വലിയ വിശേഷം തൊഴിലാളികൾക്ക് മുദ്രാവാക്യം വിളിക്കാൻ പാടില്ല. മലബാറിൽ ഏതോ ഒരു മാർക്സിസ്ററുകാരൻെറ കൈയിൽ ലെനിൻെറ ഫോട്ടോ ഉണ്ടായിരുന്നു. ലെനിൻെറ ഫോട്ടോ മാരകായുധമാണെന്ന് പറഞ്ഞ കേരളത്തിൽ എറണാകുളം പട്ടണത്തിൽ കൊച്ചി കോർപ്പറേഷൻെറ മധ്യത്തിൽവച്ച് മുദ്രാവാക്യം വിളിക്കാൻ പാടില്ലെന്ന് പറഞ്ഞത് ബഹുമാനപ്പെട്ട ലേബർ മന്ത്രിയാണോ എന്ന് പറഞ്ഞാൽമതി. വമ്പൻമാർ പിന്നിലുണ്ട് അതുകൊണ്ട് മുദ്രാവാക്യം വിളിക്കാൻ പാടില്ല. വമ്പൻമാർ എൻെറ പാർട്ടിക്കാരല്ല. വലിയ വലിയ ആളുകളാണ്. ജഡ്ജിയോ ഒക്കെയാണ്. എന്തായാലും ഒരു കാര്യം ഞാൻ..............................

ശ്രീ. പി. രവീന്ദ്രൻ: കോടതിയിൽ നിന്നുള്ള നിയന്ത്രണമായിരുന്നോ മുദ്രാവാക്യം വിളിക്കാൻ പാടില്ലന്നുള്ളത്.?

ശ്രീ. ഇ. ബാലാനന്ദൻ: കോടതിയിൽ നിന്ന് നിയന്ത്രണമുണ്ടായില്ല. പോലീസ് സംരക്ഷണം കൊടുക്കണമെന്നേ കോടതിയിൽ നിന്ന് ഉത്തരവുണ്ടായിരുന്നുള്ളു. മുദ്രാവാക്യത്തിൻെറ അലോരസം മുതലാളിക്കും ഭാര്യക്കും ഉണ്ടാകരുതെന്നു കരുതിയാണ് മുദ്രാവാക്യം വിളിക്കുന്നതിനെ തടഞ്ഞത്. കഴിഞ്ഞ ഐക്യമുന്നണിയുടെ തുടർച്ചയായി മുദ്രാവാക്യം വിളിച്ചാൽ അറസ്ററ് ചെയ്യുന്ന ഒരു പശ്ചാത്തലം ഉണ്ടായിരിക്കുന്നതിൽ നമുക്ക് അഭിമാനിക്കാം. ഇനി ട്രാൻസ്പോർട്ടിൻെറ കഥ. ട്രാൻസ്പോർട്ടിലെ തൊഴിലാളികളെ പിരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വിട്ടിരിക്കുകയാണ്. ഈ കൊച്ചു കേരളത്തിൽ അത് സമ്മതിക്കാൻ പാടില്ല. സാക്ഷാൽ പി. ടി. ചാക്കോ അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലത്തു പോയി പൂമാല സമർപ്പിച്ച് എത്തിയ ട്രാൻസ്പോർട്ടുമന്ത്രി വകുപ്പ് ഏറെറടുത്തു. അദ്ദേഹത്തിൻെറ ഗുണഗണങ്ങളെപ്പററി പുകഴ്ത്താൻ ഞാനിപ്പോൾ സമയമെടുക്കുന്നില്ല. ട്രാൻസ്പോർട്ട് കോർപ്പറേഷനിലാണെങ്കിൽ പണിമുടക്കോ തൊഴിൽ സ്തംഭനമോ ഒന്നുമില്ല. എന്നിട്ടുപോലും അവിടെ നിയമിക്കപ്പെട്ട തൊഴിലാളികളെ പിരിച്ചുവിട്ടു. ഈ ശിക്ഷ കൂടാതെ ശ്രീമാൻ ജോർജിൻെറ നേതൃത്വത്തിൽ വേറെ ഒരു കാര്യം കൂടെ നടന്നു. ഈ തൊഴിലാളികളുടെ ഓരോ രക്തധമനികളിലും മസ്തിഷ്കത്തിലും മാർക്സിസത്തിൻെറ അണുക്കളുണ്ടോ എന്ന് പരിശോധിക്കാൻ വേണ്ടി പോലീസ് യജമാനൻമാർ ഒരു പരിശോധന നടത്തി. സാധാരണ ചോദിക്കുന്നതെന്താണെന്ന് വച്ചാൽ, പേരെന്താണ്? ഗോവിന്ദപ്പിള്ള. അച്ഛൻെറ പേരെന്താണ്? രാമൻ. ഇതൊക്കെയാണ്. നിൻെറ വീട്ടിലാരൊക്കെയുണ്ട്? ആരെചെന്ന്കണ്ടാണ് ജോലികിട്ടിയത് ഇൻറർവ്യൂവിന് നീ മാത്രം പോയോ, അതോ നീയും സഹോദരിയുംകൂടി പോയോ? ഇതൊക്കെയാണ് നമ്മുടെ പോലീസ് യജമാനനൻമാർ ചോദിച്ചത്. അച്യുതമേനോൻ മുഖ്യമന്ത്രിയായ കേരളത്തിൽ പാവപ്പെട്ട ആളുകൾ ഏതെങ്കിലുമൊരു വ്യവസായസ്ഥാപനത്തിൽ ജോലിക്കുപോയാൽ അവർ മാക്സിസ്ററുകാരാണെന്ന് പറഞ്ഞു അവരെ പിരിച്ചുവിടുകയാണ് ചെയ്യുന്നത്. കോൺഗ്രസ്സുകാരും, ഇൻഡിക്കേററും, സിൻഡിക്കേററും ഈ ഭൂമിയിലെ സകലമാന പേരും അംഗീകരിക്കുന്ന ഒരു തത്വമുണ്ട്. ആ തത്വമനുസരിച്ച് തൊഴിലാളികൾക്ക് സംഘടിക്കാൻ അവകാശം വേണം. ആ അടിസ്ഥാനത്തിൽ നോക്കാതെ ഇപ്രകാരമുള്ള ചോദ്യങ്ങൾ അതായത്, പെങ്ങളുണ്ടോ, പെങ്ങളെക്കൊണ്ടുപോയോ (മാർക്സിസ്ററ് ബഞ്ചുകളിൽ ''ഷെയിം'' വിളി) എന്നൊക്കെയാണ് ഇവിടെ ചോദിക്കുന്നത്. ശ്രീമാൻ രവീന്ദ്രനും കൂട്ടുകാരും ഒന്നാലോചിച്ചുനോക്കൂ നമ്മുടെ രാജ്യത്തിൽ കമ്മ്യൂണിസം അവസാനിപ്പിക്കുവാൻ വേണ്ടി ....

ശ്രീ. കെ. എം. ജോർജ്: ട്രാൻസ്പോർട്ട് കോർപറേഷനിലേക്കുള്ള നിയമനം സംബന്ധിച്ച് ജോലിക്ക് അപേക്ഷിച്ച 81000 അപേക്ഷകർ പത്തേകാൽ രൂപവച്ച് ഫീസടച്ച് വാങ്ങിച്ചുവച്ചതിൽ ഒരൊററ അപേക്ഷയെങ്കിലും പരിഗണിച്ചിട്ടുണ്ടോ? ശരിയായിട്ടു നിയമിച്ചിട്ടുള്ള ഏതെങ്കിലും കാര്യത്തെപ്പററി പോലീസ് അന്വേഷിക്കുകയോ നിങ്ങൾ കാർപ്പറേഷനിലെ ജോലിക്കാർ അല്ലെന്ന് പറയുകയോ ഉണ്ടായിട്ടില്ല.

ശ്രീ. ഇ. ബാലാനന്ദൻ: ശ്രീ. ജോർജ് അവർകൾ എന്നോട് ചോദിച്ചത് നന്നായി. ഞാൻ അത് പറയണമെന്ന് ഉദ്ദേശിച്ചിട്ടുള്ളതാണ്. കാരണം പല അപേക്ഷകളും കാണാറുണ്ട്. 81000 അപേക്ഷകൾ വന്നു. അതെല്ലാം പരിശോധിച്ചു. ....

Shri K. M. George : One more question.

Shri E. Balanandan : I don't yield. You will be able to speak.

ഞാൻ ഒരു വാദപ്രതിവാദത്തിലേക്ക് കടക്കുന്നില്ല. ചില പോയിൻറുകൾ പറയുന്നതേയുള്ളു. ഈ രാജ്യത്ത് തൊഴിൽ തർക്കങ്ങളെ സംബന്ധിച്ച് ശ്രീ. ടി. കെ. ദിവാകരൻ ഒരു അവസരത്തിൽ പറഞ്ഞത് തൊഴിലാളികൾക്ക് അവരുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശം നിഷേധിക്കരുതെന്നാണ്. ഈ തൊഴിലലാളികളെ പിരിച്ചുവിട്ടുകൊണ്ട് ഈ കേരളത്തിൽ ഒന്നും നടക്കുകയില്ലെന്ന് മാത്രമേ ഞാൻ പ്രസ്താവിക്കുന്നുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ പ്രസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്ത് ചെത്ത് തൊഴിലാളി ക്ഷേമനിധി രൂപീകരിക്കുന്നു. അത് ഡിസംബർ 29-ാം തീയതിയാണ് കണ്ടത്. അത് മുതലാളിമാർക്ക് 72 ലക്ഷം രൂപാ ലാഭം ഉണ്ടാക്കിക്കൊടുക്കുന്ന കാര്യമാണ്. അത് ഒന്ന് പുന:പരിശോധിക്കണം. അടുത്തത് ട്രേയിഡ് യൂണിയൻ റെക്കഗ്നേഷൻ ബില്ലു വരുന്നു. അതേപ്പററി ഗവർണറുടെ പ്രസംഗത്തിൽ ഒന്നും പറഞ്ഞുകേട്ടില്ല. നിങ്ങൾക്ക് ഇപ്പോൾ പിൻതുണ നൽകുന്ന സിൻഡിക്കേററിനും ഇൻഡിക്കേററിനും ഇതിനെ സംബന്ധിച്ച് അഭിപ്രായവ്യത്യാസം കാണും. തൊഴിലാളി സംഘടനകളോട് ബന്ധമുള്ള നിങ്ങൾക്ക് അതുണ്ടെങ്കിലും നിങ്ങളുടെ ബന്ധുക്കൾക്ക് ഈ ബില്ല് കൊണ്ടുവരണമെന്ന് ആഗ്രഹം കാണുകയില്ല. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം സമരം ചെയ്യാനും തൊഴിൽ ചെയ്യാനുമുള്ള സൗകര്യമുണ്ടാക്കണമെന്നുമാത്രം ഓർമ്മിപ്പിച്ചുകൊണ്ട് ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള ശ്രീ. പി. ആർ. കുറുപ്പിന്റെ പ്രമേയത്തെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: സർ, നന്ദിപ്രമേയത്തെ പിന്താങ്ങിക്കൊണ്ടു് ഒന്നുരണ്ടു കാര്യങ്ങൾ സംസാരിക്കുവാൻ ഞാനാഗ്രഹിക്കുകയാണു്. പ്രധാനമായിട്ടും പ്രതിപക്ഷത്തുനിന്നും ഈ നന്ദിപ്രമേയത്തെ എതിർത്തുകൊണ്ടു് സംസാരിച്ചതു് കേരളഭൂപരിഷ്ക്കരണനിയമം നടപ്പിലാക്കുന്നതിനു് മറുവശത്തു് ഇരിക്കുന്നവർ നടത്തുന്ന ആത്മാർത്ഥമായ പരിശ്രമത്തെ തടസപ്പെടുത്തുന്നതിനു് വേണ്ടിയാണു് ഈ ഗവർമെന്റു് ശ്രമിക്കുന്നതെന്നതെന്നാണു്, പോലീസിനെ അയക്കുന്നു, കുടികിടപ്പുകാർക്കു് സംരക്ഷണം കിട്ടുവാൻ സാധിക്കുന്നില്ല, അതുശരിയാണോയെന്നു് നോക്കണം. ശ്രീമാൻ ചാത്തുണ്ണിമാസ്ററർക്കും മാക്സിസ്ററുപാർട്ടിയിലെ പല സമുന്നത നേതാക്കൻമാർക്കും ഈ നിയമത്തിന്റെ വകുപ്പുകൾ എല്ലാം അറിയാമെന്നാണു് പ്രതീക്ഷിക്കുന്നതു്, അറിയാതെയാണു് എന്നുണ്ടെങ്കിൽ അവരുടെ ചില അഭിപ്രായഗതികൾ തിരുത്തേണ്ടതാണു്. അറിഞ്ഞുകൊണ്ടാണെങ്കിൽ നിങ്ങൾ നടത്തുന്ന ആത്മവഞ്ചന—കൃഷിക്കാരുടെയും കുടികിടപ്പുകാരുടെയും നേരെ ഉപയോഗിക്കുന്ന വിപ്ളവവാചകവും അവരെ ദ്രോഹിക്കുവാനായി സ്വീകരിക്കുന്ന നടപടികളും അവസാനിപ്പിക്കണമെന്നാണു് എനിക്കു് വിനീതമായി അഭ്യർത്ഥിക്കുവാനുള്ളതു്. സർ ഈ നിയമമൊന്നും കാര്യമല്ല. കൃഷിക്കാരൻ സമരം ചെയ്തതുകൊണ്ടാണു് ഇത്തരത്തിലുള്ള നിയമമെങ്കിലും നടപ്പിലായതു്. ഈ നിയമത്തിലും അപാകതയും പോരായ്മയും ഉണ്ടു്. ഈ നിയമം കൊണ്ടുവന്നപ്പോൾതന്നെ അപാകതയും പോരായ്മകളും ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണു്.

ശ്രീ. ഇ. എം. ജോർജ്: ഈ നിയമപ്രകാരം തന്നെ നിങ്ങൾ അനേകം ഏക്കർ മിച്ച ഭൂമിയുള്ളവർക്കു് നിങ്ങളുടെ റവന്യൂമന്ത്രി നടന്ന് പട്ടയം പതിച്ചുകൊടുക്കുന്നതു് ഏതു് നിയമപ്രകാരമാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: അതിനൊക്കെ ഞാൻ സമാധാനം പറയാം. ഇതൊക്കെ ഇവിടെ നടപ്പിൽ വരരുതെന്നു് പറയുകയില്ലല്ലോ. പുതിയ നിയമം നടപ്പാക്കുന്ന കാര്യത്തിൽ ഈ നിയമം കൊണ്ടുവന്നപ്പോൾ മുതൽക്കു് രാഷ്ട്രീയപ്രചരണം നടത്തിയിരുന്നു.

ശ്രീ. ഇ. എം. ജോർജ്: എന്റെ ചോദ്യത്തിനു് മറുപടി പറഞ്ഞില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: എന്റെ പ്രസംഗം അവസാനിക്കുന്നതിനു് മുമ്പു് മറുപടി പറയാം.

LIBRARY ARCHIVES Kerala Legislative Assembly

Deputy Speaker: You cannot insist on a member to answer.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: മാർക്സിസ്റ്റ് പാർട്ടി രാഷ്ട്രീയ പ്രചരണം നടത്തിയിരുന്നു. അന്നുണ്ടായിരുന്ന രാഷ്ട്രീയ സാഹചര്യങ്ങളിൽ മാർക്സിസ്റ്റു പാർട്ടി അന്നും ഇന്നും സ്വീകരിച്ചുകൊണ്ടിരിക്കുന്ന മാർക്സിസം ഇല്ലാത്ത അരാജകത്വത്തിനു് രാഷ്ട്രീയത്തിന്റെ പരിവേഷം നൽകുന്നതിനുവേണ്ടി അവർ പറഞ്ഞിരുന്നതു് ഈ കാർഷികപരിഷ്ക്കരണനിയമം പൊളിക്കുന്നതിനുവേണ്ടിയാണു് ഇതെല്ലാം ചെയ്യുന്നതെന്നാണു്. കാർഷികപരിഷ്ക്കരണം നടപ്പാക്കുന്നതിനെ കുറിച്ചു് ഈ സഭയിൽ ചർച്ച നടന്നപ്പോൾ അതിന്റെ ഒന്നാം വകുപ്പിനു് ഞാനും ശ്രീനിവാസനും ഭേദഗതി കൊടുത്തിരുന്നു. ഒന്നാം വകുപ്പിന്റെ പ്രൊവൈസോയിൽ ഈ നിയമത്തിന്റെ ഓരോ വകുപ്പുകളായി നടപ്പാക്കുന്നതിനു് ഗവർമ്മെൻറിനു് യുക്തമായ അധികാരം നൽകിയിരുന്നു. അതെടുത്തുകളയണമെന്നും നിയമം ഒന്നായി നടപ്പാക്കണമെന്നായിരുന്നു ഞങ്ങൾ കൊടുത്തിരുന്ന മറുപടി. അന്നത്തെ റവന്യൂമന്ത്രി പറഞ്ഞ മറുപടിയും—മറുപടിയിൽ കാര്യമില്ലാതെയില്ല ഇതെല്ലാം ഉടനടി നടപ്പിലാക്കണമെന്നുപറഞ്ഞാൽ വിഷമമുണ്ടാകുമെന്നാണു്. ആറുമാസം കഴിഞ്ഞാലും നടപ്പിലാക്കാൻ കഴിയാത്ത ചില പ്രൊവിഷൻ ഈ ബില്ലിനു ഉണ്ടു് എന്നു് പറഞ്ഞു. ഈ നിയമം പൂർണ്ണമായി നടപ്പിലാക്കണമെങ്കിൽ പ്രസിഡൻറിന്റെ അംഗീകാരം കിട്ടിക്കഴിഞ്ഞാലും ചില പ്രൊവിഷൻ നടപ്പിലാക്കണമെങ്കിൽ ആറുമാസം കഴിഞ്ഞേ സാധിക്കുകയുള്ളൂവെന്നു് ഈ പ്രയാസം ചൂണ്ടിക്കാണിച്ചുകൊണ്ടു് പറയുകയുണ്ടായി. അപ്പോൾ ഭൂപരിഷ്ക്കരണനിയമത്തെ തുരങ്കം വയ്ക്കുവാൻ പോകുന്നുവെന്നു പറഞ്ഞു, ജൻമിമാരെയും സ്ഥാപിത താൽപ്പര്യക്കാരെയും സഹായിക്കുകയാണ് ചെയ്യുന്നതെന്നു പറഞ്ഞു ആക്ഷേപിച്ചിരുന്ന ആ ഭൂപരിഷ്ക്കരണ നിയമം ഇപ്പോൾ അംഗീകാരം കിട്ടികഴിഞ്ഞു് ഒന്നുരണ്ടാഴ്ച കഴിഞ്ഞപ്പോൾ എല്ലാ വകുപ്പുകളും നടപ്പിലാക്കിയിരിക്കുകയാണു്. കുടികിടപ്പുകാർക്കും കുടിയാൻമാർക്കും ആനുകൂല്യങ്ങൾ കിട്ടുന്നതിനും മിച്ചഭൂമി കിട്ടുന്നതിനുമുള്ള വകുപ്പുകൾ നടപ്പിലാക്കിയിരിക്കുകയാണു്. ഇതല്ലാതെ സുഗമമായ പോംവഴികൾ ഉണ്ടായിരുന്നുവെങ്കിൽ പിന്നെ എന്തിനാണു് ഞാനും ചാത്തുണ്ണിമാസ്റ്ററും ഉൾപ്പെട്ട സെലക്റ്റു കമ്മിററി ഈ പണം അത്രയും ചെലവാക്കി നികുതിദായകന്റെ പണം ചെലവാക്കി നിയമസഭയിൽ ചർച്ച നടത്തിയതു്. എന്തിനുവേണ്ടി നിയമസഭയുടെ അനവധി ദിവസത്തെ സമ്മേളനങ്ങൾ നടത്തി. എന്തിനു ഇതിലേയ്ക്കു ഒന്നരവർഷവും രണ്ടുവർഷവും എടുത്തു? കയറുപിടിച്ച് ഭൂപരിഷ്ക്കരണം നടത്താമായിരുന്നുവെങ്കിൽ 1967-ൽ തന്നെ നമുക്കെല്ലാവർക്കും വേലികെട്ടി നമുക്കെല്ലാവർക്കും ഭൂനിയമം നടപ്പിലാക്കാമായിരുന്നില്ലേ? അതല്ല. ഈ ബിൽ വേണമെന്നും ഈ ബിൽ അനുസരിച്ചുള്ള ആനുകൂല്യം കൊടുക്കണമെന്നും പറഞ്ഞിരുന്ന. അങ്ങനെയാണെങ്കിൽ ഓരോ ഭാഗത്തേയും സംബന്ധിച്ച വകുപ്പുകൾ നടപ്പിലാക്കേണ്ടതു് എങ്ങനെയാണ്? ആദ്യമായിട്ടു് നിശ്ചയിക്കേണ്ടതു കുടികിടപ്പു കാര്യമാണു്? വേലികെട്ടിക്കഴിഞ്ഞാൽ ഒരേക്കറിനുതാഴെ അവകാശം കിട്ടുമോ? ഇതെല്ലാം ചാത്തുണ്ണിമാസ്റ്റർക്കും അറിയാവുന്ന കാര്യമാണു്. ശ്രീമതി ഗൗരിക്കു എന്തായാലും നിശ്ചയമായും അറിയാം. പക്ഷേ കുടികിടപ്പുകാരനു് ഇന്നുള്ള നിയമമനുസരിച്ചു എല്ലാ ഭൂഉടമസ്ഥൻമാർക്കും പരിധി കൂടിയവനും പരിധി കുറഞ്ഞവനും ഈ നിയമമനുസരിച്ചു തന്നെ ഒരു മൈൽ അകലെവരെ ഒഴിപ്പിക്കാം. പക്ഷേ കുടിയാനു പട്ടയം കിട്ടുന്നതിനുവേണ്ടി തഹശീൽദാർക്കു പെററീഷൻ കൊടുത്തുകഴിഞ്ഞാൽ ആ കുടികിടപ്പുകാരെ ഒഴിപ്പിക്കുവാൻ കഴിയുകയില്ല. കുടികിടപ്പുകാരനു വേലിവളപ്പിലുള്ള അവകാശമാണെങ്കിൽ അങ്ങനെ പ്രഖ്യാപിച്ചാൽ വളപ്പുവിട്ടു് ഒഴിപ്പിക്കുന്നതിനുള്ള സാഹചര്യമാണു് ഉണ്ടാക്കിക്കൊടുക്കുന്നതു്. ഒന്നുകിൽ

LIBRARY ARCHIVES Kerala Legislative Assembly

നിയമം മനസിലാകാതെ ചെയ്യുന്നു. അല്ലെങ്കിൽ ഭൂ ഉടമസ്ഥൻമാർക്കു സഹായം ചെയ്യുന്നു. നേരെമറിച്ച് കുടികിടപ്പുകാരനെ സഹായിക്കാനും സംരക്ഷിക്കാനിമാണ് നിങ്ങളും ഈ മാർക്സിസ്ററുപാർട്ടി ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഏററവും വേഗത്തിൽ ഭൂമി ഉടമസ്ഥൻമാർക്കു ഒരു മൈലിനകലേ ഒഴിപ്പിക്കുവാൻ സാഹചര്യം ഉണ്ടാകാത്ത വിധത്തിൽ എത്രയും വേഗത്തിൽ തഹസീൽദാർക്കു പെററിഷൻ കൊടുക്കുന്നതാണ് നല്ലതു്. വേലി വളപ്പുവെയ്പ്പിൻെറ ഫലം എന്തായിരിക്കും? ഈ നിയമത്തിൽ എഴുതി വച്ചിരിക്കുന്നതു് ഒരേക്കറിൽ താഴെയുള്ള കർഷകരെ സംബന്ധിച്ചു് ഭൂഉടമസ്ഥൻമാർക്കു രണ്ടുകൊല്ലക്കാലത്തേയ്ക്കു സർക്കാരിൽ അപേക്ഷിച്ചാൽ മാററാവുന്നതാണെന്നാണു്. ഉടനെതന്നെ വേലിവളപ്പു വേണമെന്നുപറഞ്ഞല്ലോ? രണ്ടുകൊല്ലം കാലാവധി കൊടുക്കണ്ടായോ? രണ്ടുകൊല്ലം കൊടുക്കുവാനാണു് നിയമത്തിൽ എഴുതിയിരിക്കുന്നതു്. ഒരു വർഷത്തിനകം ഈ അവകാശം ഉപയോഗിക്കണമെന്നും ഇല്ലെങ്കിൽ ഭൂമിക്കു പട്ടയം കൊടുക്കണമെന്നും ഞാൻ ഭേദഗതി അവതരിപ്പിച്ചിരുന്നില്ലേ? ആ ഭേദഗതി അംഗീകരിക്കാതെ രണ്ടുകൊല്ലക്കാലം ഈ ഭൂമി ഉടമസ്ഥൻമാർക്കു് മാററി താമസിപ്പിക്കാൻ അവകാശം കൊടുത്തശേഷം ഇന്നു വേലി വളച്ചുകെട്ടിയാൽ എങ്ങനെ അവകാശം കിട്ടും? ഞങ്ങൾ പറഞ്ഞതു് വിപ്ളവം കുറഞ്ഞ പിന്തിരിപ്പൻമാരായ ഞങ്ങൾ പറഞ്ഞതു് ഒരു വർഷത്തിനകം കുടികിടപ്പവകാശം വേണം എന്നാണു്. അതുപോലെതന്നെ എല്ലാ കുടികിടപ്പുകാർക്കും പഞ്ചായത്തിലാണെങ്കിൽ പത്തു സെൻറും മുനിസിപ്പാലിററിയിൽ അഞ്ചുസെൻറും സിററിയിലാണെങ്കിൽ മൂന്നുസെൻറുമെന്നുള്ള ഭേദഗതി അംഗീകരിക്കാതെ ഒരേക്കറിൽതാഴെ എത്ര കുടികിടപ്പുകാർ ഉണ്ടെങ്കിലും സിററിയിൽ മൂന്നുസെൻറു ഭൂമിക്കേ പട്ടയം കൊടുക്കാവൂ എന്നുള്ള എൻെറ ഭേദഗതി പ്രസ്ചെയ്തു വോട്ടിനിട്ടു തള്ളിയിട്ടാണു് ശ്രീ. ഇ. എം. ജോർജ്ജു് തുടങ്ങിയ വിപ്ളവകാരികൾ വാചക വിപ്ളവം തുടങ്ങിയിരിക്കുന്നതു്. ഇതു കേട്ടാൽ എല്ലാവർക്കും പത്തു സെൻറു കിട്ടുമെന്നു് പ്രസംഗിക്കുകയും അവർക്കാർക്കും യാതൊന്നും നഷ്ടപരിഹാരം കൊടുക്കേണ്ടായെന്നും അങ്ങോട്ടു തേങ്ങാ അടക്കാമെന്നും ഭൂപരിഷ്ക്കരണ നിയമത്തിൽ എഴുതി വയ്ക്കാമായിരുന്നല്ലോ? ഈ പത്തുസെൻറിൻെറ ഉടമസ്ഥാവകാശം നിങ്ങൾക്കാണെന്നു എഴുതിവയ്ക്കാമായിരുന്നല്ലോ? ഞങ്ങൾ എതിർക്കുമായിരുന്നില്ലല്ലോ? എല്ലാ കുടികിടപ്പുകാർക്കും ഭൂഉടമയെ നോക്കാതെ പത്തുസെൻറു ഭൂമിയുടെ ഉടമാവകാശം കൊടുക്കണമെന്നുള്ള ഞങ്ങളുടെ ഭേദഗതി നിഷ്ക്കരണം നിരസിച്ച ശേഷം കുടികിടപ്പുകാർക്കു പത്തുസെൻറു വളച്ചുകൊടുക്കുവാൻ നടക്കുന്ന നിങ്ങൾ എന്തൊരു ആത്മാർത്ഥതയാണു് കുടികിടപ്പുകാരോടു് കാണിക്കുന്നതു്. പ്രസംഗങ്ങളിൽ കൂടിയും പ്രചരണങ്ങളിൽ കൂടിയും കളിപ്പിക്കുവാൻ സാധിക്കും. ഈ വളച്ചുവയ്പ്പിനുപകരം വില്ലേജു ആഫീസർ വന്നു നേരെചൊവ്വേ അളന്നുകൊടുത്താൽ അവർക്കു പത്തുസെൻറു കിട്ടും. നിങ്ങൾ വളച്ചു വെയ്ക്കുവാൻ നടക്കുമ്പോൾ താൽപ്പര്യമുള്ളവർകൂടി അളന്നു വരുമ്പോൾ പത്തുസെൻറു അഞ്ചുസെൻറാകും. അല്ലാത്തുള്ളവർ വരുമ്പോൾ 15 സെൻറു ആകും. ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞതുപോലെ കാര്യക്ഷമമായി കുടികിടപ്പുകാരൻെറ അവകാശം പ്രയോഗിക്കുമ്പോൾ ചില കുടികിടപ്പുകാർക്കു പത്തുസെൻറിൽ കുറയും. ഈ കുടികിടപ്പുകാർക്കു ഒന്നാം തീയതി പെററിഷൻ കൊടുക്കാമായിരുന്നു. എത്രയും വേഗം ഉടമാവകാശി ആക്കി കഴിഞ്ഞാലും വെറുതെ സിവിൽകേസും ക്രിമിനൽ കേസും നടത്തി മററു ചില കാര്യങ്ങൾക്കുവേണ്ടി മർദ്ദനവും അക്രമവും അരാജകത്വവും പോലീസ് മർദ്ദനവും നടത്തണമെങ്കിൽ പാവംപിടിച്ച കുടികിടപ്പുകാർക്കു പട്ടയം കൊടുക്കുന്നതിനെ തടസ്സപ്പെടുത്താതെ അതുപയോഗിക്കുകയല്ലേ വേണ്ടതു്. ഇന്നു് ഈ നിയമം അനുസരിച്ചു പെററിഷൻ കൊടുത്താൽ എത്രയും വേഗത്തിൽ അവർക്കു പട്ടയം കിട്ടും. ഒന്നുകിൽ നിങ്ങൾ അറിയാതെ ചെയ്യുകയാണു്,

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ അറിഞ്ഞുകൊണ്ടു ചെയ്യുകയാണു്. അതുപോലെതന്നെ ആലപ്പുഴ പ്രഖ്യാപനത്തിൽ പറയുന്നു ഈ കുടികിടപ്പുകാരനു നാലുകാശു കുടിശ്ശിക കൊടുക്കേണ്ടതില്ല എന്നു്. നിങ്ങൾ എല്ലാം കൂടി പാസ്സാക്കിയ നിയമത്തിൽ എത്ര കുടിശ്ശികയുണ്ടെങ്കിലും ഈ നിയമം വന്നു ഒരു കൊല്ലത്തിനകം ഒരു തവണത്തെ കുടിശ്ശിക കൊടുത്താൽ അവന്റെ കുടിശ്ശിക ഇല്ലാതെയാകും. അതിനുപകരം ഈ കാലം വളച്ചുവയ്ക്കുവാൻ നടന്നാൽ ഈ രാജ്യത്തെ ഭൂ ഉടമസ്ഥൻമാർക്കു അത്രയും വർഷത്തെ കുടിശ്ശിക ഈടാക്കുവാൻ നടപടി നടത്താൻ മാത്രമേ സഹായിക്കുകയുള്ളൂ ഞാൻ ഇതു പറയുന്നതു് കുടികിടപ്പുകാരനെ സംബന്ധിച്ചു നിങ്ങൾ സ്വീകരിച്ചിരിക്കുന്ന നടപടികൾ കുടികിടപ്പുകാരനും ഭൂ ഉടമസ്ഥൻമാരും തമ്മിൽ വഴക്കു കൂടുന്നതിനും വളച്ചുവച്ചു് നാട്ടിൽ അരാജകത്വം സൃഷ്ടിക്കും എന്നുള്ള നിങ്ങളുടെ രാഷ്ട്രീയോദ്ദേശത്തിൽ നിങ്ങൾ ആദ്യം പ്രഖ്യാപിച്ചതുപോലെ ഒരു ദിവസം പോലും പുതിയ മന്ത്രിസഭ ഏതെങ്കിലും ലാത്തിചാർജ്ജു നടത്താതെ വെടിവെയ്പ്പ് നടത്താതെ സമ്മതിക്കുകയില്ലയെന്നു് പറഞ്ഞതു നടപ്പിലാക്കുന്നതിനുമാണു്. നിയമ പ്രകാരം ഉള്ള കുടികിടപ്പുകാരന്റെ അവകാശം സ്ഥാപിച്ചുകിട്ടുന്നതിനു വേണ്ടി പരിശ്രമിക്കുകയും ഏതെങ്കിലും ഒഴിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങളുണ്ടെങ്കിൽ അതിനെ തടയുകയും ചെയ്യുകയല്ലാതെ കുടികിടപ്പുകാരനും ഭൂ ഉടമയും തമ്മിൽത്തല്ലി കേസ് ഉണ്ടാക്കി രാഷ്ട്രീയ പ്രചരണം നടത്താൻ പരിശ്രമിക്കാതിരിക്കണം. കുടികിടപ്പുകാരനുള്ള സംരക്ഷണം കൊടുക്കണം എന്നാണു് എനിക്കു വിനയപൂർവ്വം അഭ്യർത്ഥിക്കുവാനുള്ളതു്.

സർ, മിച്ച ഭൂമിയുടെ കാര്യം പറഞ്ഞു. ശ്രീ. ജോർജിന്റെ സംശയം മിച്ച ഭൂമിയുള്ള ആർക്കെങ്കിലും പട്ടയം കൊടുത്തിട്ടുണ്ടോ എന്നാണ്. ലാൻറ് അസൈൻമെൻറ് ആക്ട് അനുസരിച്ചുള്ള റൂൾ ബഹുമാനപ്പെട്ട ജോർജ് ഒന്ന് വായിച്ചുനോക്കണം. അതനുതരിച്ചു തന്നെ ആർക്കെങ്കിലും ലാൻഡ് അസൈൻമെൻറ് ആക്ടും റൂളും അനുസരുച്ചു് ആവശ്യത്തിൽ കൂടുതൽ സാധാരണക്കാർക്ക് രണ്ടേക്കറിൽക്കൂടുതൽ അസൈൻ ചെയ്തു കൊടുത്തുകൂടാ. അങ്ങനെ ആർക്കെങ്കിലും അനർഹമായി അസൈൻ ചെയ്തു കൊടുത്തിട്ടുണ്ടെങ്കിൽ അവർക്ക് ആർ. ഡി. ഓ യ്ക്ക് പെററീഷൻ കൊടുക്കാം. അസൈൻമെൻറ് ക്യാൻസൽ ചെയ്യാം. അങ്ങനെ 1967—ലെ ഗവൺമെൻറ് ഇരുന്നപ്പോൾ തെററായി അസൈൻ ചെയ്തു കൊടുത്തതെല്ലാം നിങ്ങൾക്ക് പെററീഷൻ കൊടുത്ത് ക്യാൻസൽ ചെയ്യാവുന്നതാണ്. അതിനെപ്പററി പ്രസംഗിക്കുകയല്ല വേണ്ടത്. നിയമമനുസരിച്ച് ചെയ്യേണ്ടാത്ത കാര്യങ്ങൾ ചെയ്യുകയാണെങ്കിൽ അങ്ങനെ ആർക്കെങ്കിലും തെററായി ഉദ്ദ്യോഗസ്ഥൻമാർ അസൈൻ ചെയ്ത് കൊടുത്തിട്ടുണ്ടെങ്കിൽ പറയണം. ആ അസൈൻമെൻറ് ക്യാൻസൽ ചെയ്യാൻ ശ്രീ. ജോർജും പരിശ്രമിക്കണം. എന്നാണ് എനിക്കു പറയിവാനുള്ളത്. അതുപോലെതന്നെ മിച്ച ഭുമിയുടെ കാര്യം.

ശ്രീമതി. കെ. ആർ. .ഗൗരി: ട്രാൻസ്ഫർ ചെയ്താൽ ഇപ്പോൾ പട്ടയം ആണ്. അതിൽ ഒരു പ്രൊവിഷൻ ഉണ്ടാക്കിവച്ചിട്ടുണ്ട്. പുതുതായിട്ട്. എന്നുവച്ചാൽ ട്രാൻസ്ഫർ ചെയ്താൽ ലീഗലാക്കിയിരിക്കുന്നു. അതും കൂടി വന്നാൽ.......................

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അത് ഗൗരിയമ്മയ്ക്ക് മനസ്സിലാകാഞ്ഞിട്ടാണ്. ഇൻഫ്രക്ചസ് അസൈൻമെൻറ് ക്യാൻസലായാൽ മതി. അസൈൻമെൻറ് ഇൻവാലിഡാകും.

മിച്ചഭൂമിവിതരണത്തെ സംബന്ധിച്ചു പറഞ്ഞു. മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ ഉത്തരവാദപ്പെട്ട ഒരാളെ[illegible] നിലയിൽ സഖാവ് രാമകൃഷ്ണൻ പറഞ്ഞത്, "മിച്ച ഭൂമി ഉണ്ടോ ഇല്ലയോ എന്ന് ഞങ്ങൾ തീരുമാനിക്കും,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. ചന്ദ്രശേഖരൻ നായർ]

അതിനുശേഷം ഞങ്ങൾ ഏകപക്ഷീയമായി മിച്ചഭൂമി വിതരണം നടത്തും.'' എന്നായിരുന്നു. നാം എല്ലാവരും കൂടി പാസാക്കിയ നിയമത്തിൽ മിച്ചഭൂമി വിതരണം എങ്ങനെയാണ് നടക്കേണ്ടതെന്ന് പറഞ്ഞിട്ടുണ്ട്: മിച്ചഭൂമിയുടെ 75 ശതമാനം കർഷകത്തൊഴിലാളികൾക്കു കൊടുക്കണം; ഈ 75 ശതമാനത്തിൽ 50 ശതമാനം ഹരിജനങ്ങൾക്ക് കൊടുക്കണം; ബാക്കി 25 ശതമാനം മാത്രമേ മററുള്ളവർക്ക് കൊടുക്കാവൂ. ഏകപക്ഷീയമായി നിങ്ങൾ വിതരണം നടത്തിയാൽ ഈ നിയമത്തിൽ പറയുന്നതുപോലെ അർഹതയുള്ളവർക്കും ഏററവും അവശത അനുഭവിക്കുന്നവർക്കും കിട്ടുകയില്ല. അതുപോലെ നിയമത്തിൽ 3 മാസം വേണമെന്ന് പറയുന്നുണ്ട്—മൂന്നുമാസം കഴിഞ്ഞശേഷമേ മിച്ചഭൂമി തിട്ടപ്പെടുത്താൻ ഒക്കുകയുള്ളു. അതുകഴിഞ്ഞ് അവർ സറണ്ടർ ചെയ്തശേഷമേ ഗവൺമെൻറിന് ആക്ഷനെടുക്കാൻ അവകാശം കിട്ടുകയുള്ളു. അങ്ങനെ നാം നിയമം എഴുതിവച്ചശേഷം, അത് എല്ലാവരുംകൂടി കയ്യടിച്ച് പാസാക്കിയശേഷം, അതുപ്രകാരം മൂന്നു മാസത്തിനുശേഷം മിച്ചഭൂമി പിടിച്ചെടുക്കുന്നതിനു പകരം, എങ്ങനെയാണ് അറിയിക്കാതെ കൈയേറുമെന്ന് പറഞ്ഞാൽ, 'ഞങ്ങൾ വലിയ വിപ്ളകരമായ വലിയ കാര്യം ചെയ്തു എന്ന്, പ്രസംഗിക്കാൻ കൊള്ളാമെന്നല്ലാതെ അതുകൊണ്ട് വലിയ കാര്യമൊന്നും ഉണ്ടാകുകയില്ല. മിച്ചഭൂമി വിതരണം കാര്യക്ഷമമമായി നടക്കണമെന്നുണ്ടെങ്കിൽ ആരെങ്കിലും ബലാൽ കേറുന്നത് തടയേണ്ടതാണ്. ഇതിനുമുമ്പ് ബലാൽ കയറിയപ്പോൾ പട്ടയം കൊടുത്തത് നമ്മൾ കണ്ടതാണ്. നിയമസഭയിൽത്തന്നെ ഗൗരിയമ്മ കണക്കു പറഞ്ഞിട്ടുള്ളതാണ്. 25 ശതമാനം ഹരിജനങ്ങൾക്ക് കൊടുക്കണമെന്നുണ്ടായിരുന്നിട്ട് 9 ശതമാനം ഭൂമി മാത്രമെ അവർക്ക് കൊടുക്കാൻ കഴിഞ്ഞുള്ളു എന്ന്. അതുകൊണ്ട് ഏകപക്ഷീയമായി ഭൂമി കൈയേറാൻ അനുവദിച്ചാൽ, നിയമം അനുശാസിക്കുന്ന രീതിയിൽ, അവശത അനുഭവിക്കുന്ന ആളുകൾക്ക് ഭൂമികൊടുക്കാൻ സാധിക്കുകയില്ല. ഭൂപരിഷ്ക്കരണ നിയമമനുസരിച്ചുള്ള എല്ലാ വകുപ്പുകളും നോട്ടിഫൈ ചെയ്തിരിക്കുകയാണ്, നിയമത്തിൽ നൽകിയിരിക്കുന്ന അവകാശങ്ങൾതന്നെ പരിമിതമാണ്. എല്ലാ കുടികിടപ്പുകാർക്കും സംരക്ഷണം നൽകാൻ കഴിഞ്ഞിട്ടില്ല. ഞാനും എന്റെ സുഹൃത്തുക്കളും അവതരിപ്പിച്ച ഭേദഗതികൾ അന്ന് അംഗീകരിച്ചിരുന്നെങ്കിൽ എല്ലാവർക്കും പൂർണ്ണമായ അവകാശങ്ങൾ നൽകാൻ സാധിക്കുമായിരുന്നു. അത് അംഗീകരിക്കാതെ, 'വിപ്ലവകരമായ' രീതിയിൽ അതെല്ലാം തള്ളിക്കളഞ്ഞ ശേഷം, ഇപ്പോൾ ഭൂമി കൈയേറുമെന്നു പറഞ്ഞാൽ അത് തെററായ, അശാസ്ത്രീയമായ രാഷ്ട്രീയ സമരത്തിന്റെ ഒരു കരുവാക്കാം എന്നല്ലാതെ ഒന്നും ഉണ്ടാകാൻ പോകുന്നില്ല. പോലീസ് ലാത്തിച്ചാർജ് നടത്തി, പോലീസ് അക്രമം കാണിച്ചു. പോലീസ് കേസെടുത്തു എന്നെല്ലാം പ്രചരണം നടത്താമെന്നല്ലാതെ കുടികിടപ്പുകാരനും, കുടിയാനും യാതൊന്നും കിട്ടാൻ അത് സഹായിക്കുകയല്ല എന്നാണ് എന്റെ വിനീതമായ അഭിപ്രായം.

അതുപോലെതന്നെ, പോലീസ് മർദ്ദനങ്ങളെക്കുറിച്ച് പറഞ്ഞു. അതിനെപ്പററി ഞാൻ ദീർഘമായി പറയുന്നില്ല. ഒരു രാഷ്ട്രീയകക്ഷി ഒരു ഗവൺമെൻറ്, അധികാരത്തിൽ വരുന്നതിന് മുമ്പുതന്നെ, നിങ്ങൾക്ക് ഒരു ദിവസംപോലും ഇവിടെ തോക്കും ലാത്തിയും ഉപയോഗിക്കാതെ ഭരിക്കാൻ സാധിക്കുകയില്ലെന്ന് പ്രഖ്യാപനം ചെയ്തുകൊണ്ട് ഉത്തരവാദപ്പെട്ടവർ സമരത്തിന് ആഹ്വാനം നൽകിയാൽ, കളക്ടറേററും താലൂക്കുകച്ചേരിയും സ്തംഭിപ്പിക്കുകയും 'വെടിവയ്ക്കാതേയും ലാത്തിച്ചാർജ് നടത്താതേയും നിങ്ങളുടെ ഭരണം ഒരിക്കലും നടത്തുകയില്ലെ'ന്ന രീതിയിലുള്ള ഒരു സമരമുറ കുറെയൊക്കെ ജനസ്വാധീനമുള്ള ഒരു രാഷ്ട്രീയ പാർട്ടി സ്വീകരിക്കുകയും ചെയ്താൽ, ഏത് ഗവൺമെൻറ് എത്ര വിചാരിച്ചാലും എത്ര ശ്രമിച്ചാലും

LIBRARY ARCHIVES Kerala Legislative Assembly

ആ രാഷ്ട്രീയപാർട്ടി ഉദ്ദേശിക്കുന്നതുപോലെ ചിലയിടത്ത് വെടിവയ്പ്പും ലാത്തിച്ചാർജും നടന്നുവെന്ന് വരും. തൊഴിലാളികൾ സംഘടിതമായി അവരുടെ ആവശ്യങ്ങൾക്കുവേണ്ടി സമരം ചെയ്യുമ്പോൾ പോലീസ് മർദ്ദനം നടത്തിയിട്ടുണ്ടെങ്കിൽ വിമർശിക്കേണ്ടതാണ്. അതിന് പരിഹാരം കാണേണ്ടതാണ്. നേരേമറിച്ച് അച്ചുതമേനോന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ ഒരു ദിവസമെങ്കിലും ഭരിക്കണമെങ്കിൽ ലാത്തിച്ചാർജും വെടിവയ്പ്പും നടത്താതെ അനുവദിക്കുകയില്ല. നിങ്ങളെക്കൊണ്ട് അടിപ്പിക്കും, നിങ്ങളെക്കൊണ്ട് വെടിവയ്പ്പിക്കും എന്നു പറഞ്ഞാൽ അതൊക്കെ ഉണ്ടാകും. അങ്ങനെയുള്ള തെററായ സമരരീതി ആവിഷ്കരിച്ചുകൊണ്ട് പാർട്ടി അണികളെ തെററായി നീക്കിയാൽ ഗവൺമെൻറ് ആഗ്രഹിച്ചാലും ഇല്ലെങ്കിലും ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകും.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഒരു ചോദ്യം.....................................

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അതവസാനിപ്പിക്കണമെങ്കിൽ ഇവിടം രക്തക്കളമാക്കുന്നതിന് വേണ്ടിയുള്ള, രാഷ്ട്രീയ ആവശ്യങ്ങൾക്ക് വേണ്ടിയുള്ള, സമരം നടത്താതെ, കുടികിടപ്പുകാർക്കും കുടിയാൻമാർക്കും നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ നേടാനായാലും, നിയമം മാററി പുതിയ നിയമം ഉണ്ടാക്കാൻ വേണ്ടിയായാലും സമരവും പ്രക്ഷോഭണവും നടത്തുകയാണെങ്കിൽ അതിനോട് യോജിക്കുവാനും സഹകരിക്കാനും അതിനെ അഭിനന്ദിക്കാനും ഈ ഭാഗത്തിരിക്കുന്നവരും സന്നദ്ധരായിരിക്കും. വെറും രാഷ്ട്രീയമായ അന്ധതകൊണ്ട് മുൻപ് നിങ്ങൾ സ്വീകരിച്ചതുപോലെ അരാജകത്വം സൃഷ്ടിക്കുന്ന രാഷ്ട്രീയ പ്രവണത വളർത്തുകയാണെങ്കിൽ നിങ്ങളുടെ പാർട്ടി രക്ഷപ്പെടാൻ പോകുന്നില്ല.

ശ്രീമതി. കെ. ആർ. ഗൗരി: 1965—ലും നിങ്ങളല്ലെ ഞങ്ങളെ രക്ഷിച്ചത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അരിശം വന്നതുകൊണ്ടായില്ല...........

(പ്രതിപക്ഷത്ത് ബഹളം)

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ബഹളമുണ്ടാക്കിയതുകൊണ്ട് വിശേഷമില്ല. വിഷമം വരുത്തുന്ന വാദഗതികൾ വരുമ്പോൾ, ഉത്തരം പറയാൻ പ്രയാസമുള്ള കാര്യങ്ങൾ വരുമ്പോൾ ബഹളമുണ്ടാക്കി രക്ഷപ്പെടാൻ ശ്രമിച്ചാലോ?

നിങ്ങളുടെ തെററായ ഈ രാഷ്ട്രീയ നയം കൊണ്ടാണ് 54 പേരായി വന്നവരിൽ പലരും പലയിടത്തും പോയത്. മററാരുടേയും കുഴപ്പം കൊണ്ടല്ല. ആ തെററായ രാഷ്ട്രീയനയം എല്ലാകാലത്തും കൊണ്ടുപോകാൻ തുടങ്ങിയാൽ നിങ്ങൾക്കതു സാധിക്കുകയില്ല. ....

ശ്രീമതി. കെ. ആർ. ഗൗരി: അതുകൊണ്ടാണ് കെട്ടിവച്ച കാശുപോയത്.

ശ്രീ. കെ. എം. മാണി: സർ, പോയിൻറ് ഓഫ് ഓർഡർ................

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ....തെററായ നയത്തിന്റെ ഭാഗമായ ഇത്തരം നടപടികൾ മൂലം മറുപടി പറയാൻ കഴിവില്ലാത്തതുകൊണ്ട് ബഹളമുണ്ടാക്കുകയാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: എന്തുകൊണ്ട് വച്ചു?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ഒരു മെമ്പർ യീൽഡ് ചെയ്യാതെ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ വേറൊരു മെമ്പർ ഇഷ്ടം പോലെ സംസാരിക്കുന്നത് ഓർഡറിലാണോ?

മി. സ്പീക്കർ: ആർഡർ, ആർഡർ, എത്രയോതവണ പറഞ്ഞിട്ടുള്ള താണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഞാൻ പറഞ്ഞതിന് മറുപടിപറയാൻ സാധിക്കാത്തതുകൊണ്ടാണ്. ബഹളമുണ്ടാക്കി തൃപ്തിപ്പെട്ടുകൊള്ളട്ടെ. ശാന്തമായി ആലോചിക്കുമ്പോൾ മറുപടി പറയാൻ സാധിക്കട്ടെ, തെററുതിരുത്താൻ അവർക്ക് അവസരമുണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്, അങ്ങനെ തെററ് തിരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: സർ, എന്റെ ഭേദഗതി ഇതാണ്.

Add at the end:

"but regret the gloomy prospect of successive deficit budgets pointed out in the Address, and request that effective steps be planned to tide over the financial strain, avoiding as far as possible the imposition of new taxes, effecting strict economy in the administration and guaranteeing that developmental activities be carried on without break down".

എനിക്കു പറയാനുള്ളതെല്ലാം ഇതിൽ വന്നിട്ടുണ്ട്. സമയം ചുരുക്കമായതു കൊണ്ട് കൂടുതലായി ഒന്നും പറയുന്നില്ല; ഒന്നുരണ്ടു സംഗതികൾ മാത്രമേ പറയാനുള്ളു. ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗം ഈ സഭയിൽ കേൾക്കാൻ സാധിച്ചില്ല. വളരെയധികംകൊല്ലം ഈ സഭയിൽ സന്നിഹിതനായിരുന്നിട്ടുള്ള എനിക്ക് ഇതു പുതിയ അനുഭവമാണ്. എങ്കിലും ഇതു വായിച്ചുമനസ്സി ലാക്കാൻ സാധിച്ചു. അതിൽനിന്ന്, ഏതാണ്ട് ശരിയായ ഒരു വീക്ഷണ ഗതിയോടുകൂടി ചെയ്യാൻ പോകുന്ന കാര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ടെന്നാണു മനസ്സിലാകുന്നത്. അതിനെപ്പററി ആക്ഷേപിച്ചിട്ടു കാര്യമില്ല. ഇതെല്ലാം ജനക്ഷേമകരമായി നടപ്പിലാക്കാൻ കഴിയത്തക്ക സഹകരണം വേണമെന്നു ഞാൻ ആഗ്രഹിക്കുകയാണ്.

അതേസമയംതന്നെ, ഈ പ്രസംഗത്തിന് നന്ദി പ്രകടിപ്പിക്കുന്നതിനായി ശ്രീ. പി. ആർ. കുറുപ്പ് അവതരിപ്പിച്ച കൃതജ്ഞതാപ്രമേയത്തോടനുബന്ധിച്ച് അദ്ദേഹംചെയ്ത പ്രസംഗവും വളരെ ഗൗരവപൂർണ്ണമായ ഒന്നാണ്. അതായത് ഇവിടെ ഇതുവരെ ഉണ്ടായിരുന്ന ആ ഗവൺമെന്റിൽ ഒരു പ്രമുഖ അംഗമായി ക്യാബിനററിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹം തന്റെ അനുഭവങ്ങളെ വെളിച്ചത്തു കൊണ്ടുവരിക എന്നു പറയുന്നത് കഴിഞ്ഞ കാലങ്ങളെസംബന്ധിച്ച് വെളിച്ചംവീശുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ഗവൺമെന്റിനു ചുരുങ്ങിയ കാലത്തിനുള്ളിൽ ചെയ്യാൻ സാധിച്ചിട്ടുള്ള കാര്യങ്ങളെ ആക്ഷേപിച്ചു പുച്ഛിച്ചിട്ടു കാര്യമില്ല. യാതൊന്നും നേടാൻ പോകുന്നില്ല. ആൽമാർത്ഥമായ ഒരു മനോഭാവത്തോടുകൂടി ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾ ചെയ്യാൻ മുന്നോട്ടുവന്നാൽ അതിനെ ആക്ഷേപിച്ചു പുച്ഛിച്ചു തള്ളിയതുകൊണ്ട് യാതൊന്നും നേടാനില്ല. ഇവിടെ നിയമസഭ ആരംഭിച്ച അവസരത്തിൽ നടന്ന ആ ഒരു പ്രകടനം വളരെ നിർഭാഗ്യകരമായിപ്പോയി എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അതിനു മുൻപുതന്നെ പത്രങ്ങളിലുണ്ടായിരുന്നു, കേരളം കണ്ടിട്ടില്ലാത്തതും കേട്ടിട്ടില്ലാത്തതുമായ സംഭവങ്ങൾ നടക്കുമെന്ന്. അതുകൊണ്ട് പേടിച്ചാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങോട്ടു പോന്നത്. രാവണൻ ലങ്ക ദഹിപ്പിച്ചപോലെ, തിരുവനന്തപുരം മുഴുവൻ ചുട്ടു ചാമ്പലാക്കുമോ എന്നു പേടിച്ചാണ്................

മി. സ്പീക്കർ: രാവണനല്ല, ഹനുമാനാണ്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: തിരുത്തലിനു നന്ദി. രാവണന്റെ ലങ്ക ഹനുമാൻ ദഹിപ്പിച്ചപോലെ തിരുവനന്തപുരം മുഴുവൻ നശിപ്പിച്ചു കളയുമോ എന്നു പേടിച്ചാണ് ഇങ്ങോട്ടു വന്നത്. പക്ഷേ ഇവിടെ ചില കലാപരിപാടികളാണ് അവർ അവതരിപ്പിച്ചത്. ഗവർണ്ണർ പ്രസംഗം വായിച്ച സമയം മുഴുവൻ ആ കലാപരിപാടികൾ നടന്നു. ആരും ആവശ്യപ്പെടാതെ കിട്ടിയ അനുവാദത്തോടുകൂടി ഘോഷയാത്രയും നടന്നു. അതോടുകൂടി അവസാനിച്ചു. അത് ഒരു പുതിയ ചരിത്രം സൃഷ്ടിക്കൽതന്നെ ആയിരുന്നു. എന്താണ് ഇത് തെളിയിക്കുന്നത്? എന്തോ വലിയ തിങ്ങലും വിങ്ങലും ചില ആളുകളുടെയിടയിൽ ഉണ്ട് എന്നാണ് ഇതിൽനിന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നത്. മൂന്നുനാലുകൊല്ലത്തിനുമുൻപ്, അന്നത്തെ പ്രതിപക്ഷനേതാവായിരുന്ന ഇന്നത്തെ പ്രതിപക്ഷനേതാവ് ആവർത്തിച്ചാവർത്തിച്ചു പറയാറുണ്ടായിരുന്ന ഒരു കാര്യം ഞാൻ ഓർമ്മിക്കുകയാണ്. അദ്ദേഹം പറയാറുണ്ടായിരുന്നത്

'you will stew in your own juice'.

എന്നാണ്. സ്വന്തം വിദ്വേഷത്താൽത്തന്നെ വെന്തുപോകുന്നു എന്നാണ്. ഏതാണ്ട് അതേ അനുഭവത്തിന്റെ ഒരു തിരിച്ചടിയാണിവിടെ ഉണ്ടായിരിക്കുന്നത്. സ്വന്തം ജ്യൂസിൽ സ്റ്റു ആകുന്നു എന്നതിനു പകരം ഇവിടെ ഫ്രൈ ആകുന്നുവെന്നു തന്നെ പറയാം;

'frying in one's own lard'

എന്നുവേണമെങ്കിൽ പറയാം. അങ്ങനെ മൊരിഞ്ഞുപോകുന്ന ഉണ്ടാകുന്നതു കൊണ്ട് ഇങ്ങനെ സംഭവിച്ചുവെന്നേ പറയാനുള്ളു.

പ്രസംഗത്തിലേക്കു കടന്നു നോക്കിയാൽ, നാം ഇന്ന് സാമ്പത്തികമായ വൈഷമ്യത്തിലാണ്. വൈഷമ്യം ഉണ്ടാകാതെ നിവൃത്തിയില്ല. കഴിഞ്ഞ കുറെക്കാലം ഗവൺമെന്റു പ്രവർത്തിച്ചിരുന്നെങ്കിൽപ്പോലും, ഗവൺമെന്റില്ലാത്ത ഒരു സ്ഥിതി കുറേക്കാലം ഉണ്ടായിരുന്നു. മുൻ ഗവൺമെന്റ് രാജിവച്ചുപൊകുന്നതിനു മുൻപ് ഒരു ഭരണവുമില്ലായിരുന്ന അവസരത്തിൽ സാമ്പത്തികമായി ഒരു കുത്തഴിഞ്ഞ സ്ഥിതിയാണ് ഉണ്ടായിരുന്നത്. ആ സ്ഥിതി നിലവിലുണ്ട്. അത് തരണം ചെയ്യാൻ കാര്യക്ഷമമായ ശ്രമങ്ങൾ നാം ചെയ്യേണ്ടതുണ്ട് എന്നുള്ളത് തറപ്പിച്ചു പറയാതെ നിവൃത്തിയില്ല. അതിനുശേഷം, പുതിയ നികുതികൾ ചുമത്താൻ ശ്രമിക്കുമ്പോൾ—നികുതികൾ ചുമത്തുന്നതു തെററാണെന്നു പറയാൻ കഴിയുകയില്ല., ആവശ്യങ്ങൾക്കു പണമുണ്ടാകണം—നികുതിഭാരംകൊണ്ട് ശ്വാസംമുട്ടിക്കഴിയുന്ന ആളുകളുടെ മേൽ വരാതിരിക്കത്തക്കവിധത്തിൽ ശരിയായി പഠിച്ച് ശാസ്ത്രീയമായ നിലയിലുള്ള നികുതികൾ മാത്രമേ ചുമത്താൻ സാധിക്കുകയുള്ളു. അതോടൊപ്പംതന്നെ ഈ ഗവൺമെന്റ് പുതിയ ചില കച്ചവട ഏർപ്പാടുകൾ നോക്കുന്നുണ്ട്. അത് മുൻപിലത്തെ ഗവൺമെന്റും ഉദ്ദേശിച്ചിരുന്നതാണെന്നു പറഞ്ഞിട്ടുണ്ട്. കേരള ഫിനാൻസ് കോർപ്പറേഷൻ എന്ന പേരിൽ ഒരു കമ്പനി തുടങ്ങാനുള്ള ശ്രമമുണ്ടെന്നറിയുന്നു. അതിനെ ഞാൻ എതിർക്കുന്നില്ല. എങ്കിലും സൂക്ഷിച്ചു മുൻപോട്ടു പോകണം. ഇതുവരെയുള്ള വ്യവസായ പ്രവർത്തനങ്ങളുടെ അനുഭവം നോക്കിയാൽ അത്രവളരെ തൃപ്തികരമല്ല എന്നുള്ളത് രഹസ്യമായ കാര്യമല്ല. ഉദാഹരണമായി, ഇൻഡസ്ട്രിയൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. അലക്സാണ്ടർ പറമ്പിത്തറ]

എസ്റ്റേറ്റിന്റെ വാടക പിരിക്കാനുള്ളതിന്റെ കണക്കു ഗവൺമെന്റിന്റെ ഒരവലോകനം അനുസരിച്ച്—പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒരു കണക്കനുസരിച്ച്—8 ലക്ഷം രൂപാ വാടകക്കുടിശ്ശിക പിരിച്ചെടുക്കാൻ ഒരു ശ്രമം നടത്തിയിട്ട് 56,000 രൂപാ പിരിഞ്ഞുകിട്ടി; പിരിക്കാൻ 7 1/2 ലക്ഷം രൂപയോളം ചെലവായി. പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി പുറപ്പെടുവിച്ച കണക്കാണിത്. 56,000 രൂപ പിരിച്ചെടുക്കാൻ 7 1/2 ലക്ഷം ഉറുപ്പിക ചെലവാക്കി എന്നു പറഞ്ഞാൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റു റിക്കാർഡുകളുടെ അനാരോഗ്യപരമായ ഒരു നിലയാണ്. അത് ഒന്നു ഭേദപ്പെടുത്തണം.

സോഷ്യലിസമെന്നുപറഞ്ഞാൽ നാഷണലൈസേഷനാണെന്നുള്ള തെറ്റിദ്ധാരണയാണെന്നാണ് എനിക്കു തോന്നുന്നത് നാഷണലൈസേഷനെ എതിർക്കാനല്ല ഇതു പറയുന്നത്. സോഷ്യലിസമെന്നു പറഞ്ഞാൽ നാഷണലൈസേഷൻ കൂടാതെ പലകാര്യങ്ങളുമുണ്ട്. പൂർണ്ണമായ തൊഴിൽസൗകര്യങ്ങളും ന്യായമായ ജീവിതസൗകര്യങ്ങളും സാമൂഹ്യസുരക്ഷിതത്വം എന്നൊക്കെയല്ലാതെ നാഷണലൈസേഷൻ എന്ന് അർത്ഥമില്ല. സോഷ്യൽ സെക്യൂരിറ്റിക്കുവേണ്ടിയുള്ള ചില പദ്ധതികളുണ്ട്. പാവപ്പെട്ടയാളുകൾക്ക് വയോജനപെൻഷൻ പൊലെയും മററുമുള്ള പെൻഷനുകൾ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ആറും ഏഴും മാസം കൂടുമ്പോൾ മാത്രമാണത് ഇപ്പോൾ കൊടുക്കുന്നത്. തുകതന്നെ വെറും 15 രൂപയാണ്. അതൊക്കെ ശരിക്കു നിർവഹിക്കുന്ന കാര്യത്തിൽ കുറെക്കൂടി ശ്രദ്ധ പതിപ്പിക്കുകയും രാജ്യത്തെ ക്രമസമാധാനം ഉറപ്പുവരുത്തുകയും വേണം.

അവസാനിപ്പിക്കുന്നതിനു മുൻപ്, എന്റെ യുവ സ്നേഹിതൻ ശ്രീ. പി. പി. ജോർജ് പറഞ്ഞ ഒരു കാര്യത്തെപ്പററി രണ്ടു വാക്കുകൂടി പറയുകയാണ്. സിൻഡിക്കേററ് എന്നുള്ള പദം എടുത്തുകൊണ്ടുപോയി മററുള്ളവർക്കു കൊടുക്കാൻ അദ്ദേഹം നോക്കി എന്നു പറഞ്ഞു. അദ്ദേഹത്തിന്റെ ആ ശ്രമം നന്നായില്ല., അതു വേണ്ടിയിരുന്നില്ല. സിൻഡിക്കേററ് എന്നുള്ള പേര് ഞങ്ങൾതന്നെ എടുത്തുകൊള്ളാം, ശ്രീ. ജോർജ് ആ രീതിയിൽ അഭിപ്രായം പുറപ്പെടുവിക്കേണ്ടിയില്ലായിരുന്നു എന്നുള്ളത് ആദരപൂർവം, സ്നേഹബുദ്ധിയോടുകൂടി സഹോദരബുദ്ധ്യാ ഞാൻ പറയുകയാണ്. ഇത്രയുമേ എനിക്കു പറയാനുള്ളു.

PANEL OF CHAIRMEN.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഈ സെഷനിൽ പാനൽ ഓഫ് ചെയർമൻമാരായി ശ്രീ. അലക്സ്ണ്ടർ പറമ്പിത്തറ, ശ്രീ. കെ. മൊയ്തീൻ കുട്ടിഹാജി, ശ്രീ. കെ. പി. രാഘവപ്പൊതുവാൾ എന്നീ മൂന്ന് മെമ്പറൻമാരെ നിയമിച്ചിരിക്കുകയാണ്.

DISCUSSION ON THE GOVERNOR'S ADDRESS—(*Contd.*)

ശ്രീ. വി. ശ്രീധരൻ: സർ, ശ്രീമാൻ പി. ആർ. കുറുപ്പ് ഇവിടെ ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് അവതരിപ്പിച്ചിരിക്കുന്ന നന്ദി പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഇന്നത്തെ കൂട്ട് മുന്നണി മന്ത്രിസഭ എങ്ങിനെയാണ് അധികാരത്തിൽ വന്നതെന്നും, അവർ അധികാരത്തിൽ വന്ന സാഹചര്യം എന്താണെന്നുമുള്ളതിനെപ്പററി വളരെ വിശദമായി പ്രതിപാദിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. അത് ഈ സഭയിലെ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. രാജ്യസഭാമെമ്പറായിരുന്ന ശ്രീ. അച്യുതമേനോൻ ഒരു ദിവസം രാവിലെ ഇവിടെ വന്നു ഗവർണ്ണറെ കണ്ടു. ഗവർണ്ണർ അദ്ദേഹത്തിന് ഒരു മന്ത്രി സഭ രൂപീകരിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അനുവാദവും നൽകി. 1967-ൽ കോൺഗ്രസിനെതിരായി കോൺഗ്രസേതര ജനാധിപത്യ പാർട്ടികൾ ഒരുമിച്ചു ചേർന്ന് ഐക്യമുന്നണി രൂപീകരിക്കുകയും ആ ഐക്യമുന്നണി തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടി ഒരു മന്ത്രിസഭ ഉണ്ടാക്കുകയും ചെയ്തു. അങ്ങിനെ അധികാരത്തിൽ വന്ന ഐക്യമുന്നണി മന്ത്രിസഭ എങ്ങിനെയാണ് നിലംപതിച്ചതെന്നുള്ളതും നമുക്ക് എല്ലാവർക്കും അറിയാം. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ശ്രീ. ടി. എ. മജീദ് അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഐക്യമുന്നണിയിൽനിന്നും വിഘടിച്ചുനിന്ന നാലു പാർട്ടികൾ കോൺഗ്രസ്സും കേരളാകോൺഗ്രസ്സുമായി ചേർന്ന് വോട്ടു ചെയ്തിരുന്നില്ലെങ്കിൽ അന്ന് ആ പ്രമേയം പാസാകുമായിരുന്നില്ല. 1967-ൽ ആർക്കെതിരായിട്ടാണോ ഐക്യമുന്നണി ഉണ്ടാക്കിയത്, ആ കോൺഗ്രസ് കേരളാ കോൺഗ്രസ്സുമായി കൂട്ടുപിടിച്ചുകൊണ്ട് ഐക്യമുന്നണിയെ തകർക്കുകയും ഐക്യമുന്നണി മന്ത്രിസഭയെ ഇല്ലാതാക്കിയതും ഈ കുറു മുന്നണിയാണ്. 1967-ൽ അധികാരത്തിൽ വന്ന ഐക്യമുന്നണി മന്ത്രിസഭ പോയതിനുശേഷം അധികാരത്തിൽ വന്ന ഈ കൂട്ടുമുന്നണി മന്ത്രിസഭ ഇനി അങ്ങോട്ടുള്ള കാലമത്രയും ജനസേവനം നടത്തുമെന്നും ഈ സംസ്ഥാനത്തിലെ ജനങ്ങൾക്ക് ഫലപ്രദവും സുഖകരവുമായ ഒരു ഭരണം പ്രദാനം ചെയ്യുമെന്നുമാണ് ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ രണ്ടു ദിവസത്തിനുമുൻപാണ് ഗവർണർ ഇവിടെ വന്ന് പ്രസംഗിച്ചതായി പറയപ്പെടുന്നത്. ഈ മന്ത്രിസഭ അധികാരത്തിൽ വന്നിട്ട് ഇപ്പോൾ രണ്ടുമാസത്തോളമായി. ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ ഈ രാജ്യത്തുണ്ടായിട്ടുള്ള പോലീസ് വെടിവയ്പും, ലാത്തിച്ചാർജുകളും, ലോക്കപ്പു മർദ്ദനങ്ങളും ഇവയെപ്പററിയൊന്നും തന്നെ ഞാൻ വിശദീകരിക്കുന്നില്ല. ഈ വശത്തുള്ള മെമ്പറൻമാർ അക്കാര്യങ്ങളെപ്പററി ഇനിയും ഈ സഭയിൽ പ്രതിപാദിക്കുമെന്നുള്ളതുകൊണ്ട് ഞാൻ അക്കാര്യങ്ങളെല്ലാം ചുരുക്കുകയാണ്.

തിരുവനന്തപുരത്തുനടന്ന ചില സംഭവങ്ങളെപ്പററി മാത്രം ഞാൻ ചുരുക്കമായിട്ടു പറയാം. കഴിഞ്ഞ ഡിസംബർ 1-ാം തീയതി വളരെ സമാധാനപരമായി സെക്രട്ടറിയേററു നടയിൽ ഒരു പിക്കററിംഗ് നടത്തുകയുണ്ടായി. ആ പിക്കററിംഗിനു നേതൃത്വം കൊടുത്തത് ഞാനായിരുന്നു. പിക്കററിംഗ് നടത്താൻ വന്ന ആരുടെയും കൈയിൽ യാതൊരു ആയുധവും ഉണ്ടായിരുന്നില്ല. വളരെ സമാധാനപരമായി നടന്നു കൊണ്ടിരുന്ന പിക്കററിംഗിൻെറ നേരെ രണ്ടരമണിയോടുകൂടി സ്ത്രീ വാളണ്ടിയറൻമാരുടെ ഒരു സ്ക്വാർഡ് സഖാവ് ശാരദാമ്മയുടെ നേതൃത്വത്തിൽ പിക്കററിംഗ് ആരംഭിച്ചപ്പോൾ അവിടെ ചുമതലവഹിച്ചിരുന്ന ഒരു പോലീസ് ഉദ്യോഗസ്ഥൻ ലാത്തിച്ചാർജ് നടത്തുന്നതിനുള്ള ഓർഡർ നൽകുകയും അതിനെ തുടർന്നു യാതൊരു മുന്നറിയിപ്പും കൂടാതെ ലാത്തിച്ചാർജ് നടത്തുകയും ചെയ്തു. വളരെ ഭീകരമായ ഒരു ലാത്തിച്ചാർജാണ് അന്നവിടെ നടത്തിയത്. മന്ത്രിമാർക്ക് അതിൽ ഉത്തരവാദിത്വമില്ലെങ്കിൽ ആ ലാത്തിച്ചാർജിന് ഇടയാക്കിയ പോലീസ് ഉദ്യോഗസ്ഥനെ സസ്പെൻഷനിൽ നിറുത്തിക്കൊണ്ട് ആവശ്യമായ അന്വേഷണം നടത്തുന്നതിന് തയാറാകുമോ? അതുപോലെ തന്നെ നെടുമങ്ങാട്ടും അന്ന് ഒരു ലാത്തിച്ചാർജ് നടത്തുകയുണ്ടായി. ഞങ്ങളുടെ മാർക്സിസ്ററു പാർട്ടിയുടെ ഒരു സജീവ പ്രവർത്തകനും ഇന്ന് നെടുമങ്ങാട് പാർട്ടിയുടെ ജോയിൻറ് സെക്രട്ടറിയുമായ മധുസൂദനൻ നായരെ ഭീകരമായ രീതിയിൽ ലാത്തികൊണ്ട് അടിച്ചതിൻെറ ഫലമായിട്ട് അദ്ദേഹത്തിൻെറ മുഖം വികൃതമായിരിക്കുകയാണ്. പല്ലുകളെല്ലാം പോയിരിക്കുകയാണ്. അദ്ദേഹത്തെ ശ്രീ. അച്യുതമേനോനും അറിയാവുന്നതാണ്. ഈ മാതിരിയുള്ള നടപടികളാണ് ഇന്ന് എല്ലാ രംഗത്തും തുടർന്നു വരുന്നത്. ട്രാൻസ്പോർട്ടു

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾ ഇന്ന് ഒരു സമരത്തിലാണ്, സമരത്തിന്റെ പ്രചരണാർത്ഥം സമാധാനപരമായി ഒരു ജാഥ നടത്തിയപ്പോൾ തമ്പാനൂർ ബസ്സ് സ്റ്റാൻഡിനു സമീപം വച്ച് അവരുടെ മേൽ മൃഗീയമായി ലാത്തിച്ചർജു നടത്തുകയുണ്ടായി. യാതൊരുകാരണവുമില്ല. അതിനെപ്പററി ഞാൻ ഐ. ജി. യുമായി സംസാരിച്ചപ്പോൾ, ജാഥ നടത്തിയാൽ ലാത്തിച്ചാർജു നടത്തുമെന്നാണ് ഐ. ജി. യുടെ മറുപടി. അതിനെപ്പററി നിങ്ങൾ അന്വേഷിക്കുമോ? അതുപോലെതന്നെ ഈ സെക്രട്ടേറിയററിനു ചുററുമുള്ള നിരോധനത്തെപ്പററി പലരും ഇവിടെ പറയുകയുന്നണ്ടായി. അതിനെപ്പററി ഇന്നു രാവിലെ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി മറുപടിപറഞ്ഞത് ഈ കഴിഞ്ഞ 9—ാം തീയതി ഒരു മഹാസംഭവം നടക്കാൻ പോകുന്നതറിഞ്ഞുകൊണ്ടാണ് നിരോധനം ഏർപ്പെടുത്തിയതെന്ന്. അങ്ങനെയാണെങ്കിൽ ഈ നിരോധനം നീട്ടിക്കൊണ്ടുപോകുന്നതിന്റെ കാരണമെന്താണ്? നിരോധനം ഏർപ്പെടുത്തിയതിന്റെ അന്നുതന്നെ നിരോധനം ലംഘിച്ചു. നിരോധനം ലംഘിച്ച എം. എൽ. ഏ. മാരുടെ മേൽ എന്തു നടപടി സ്വീകരിച്ചു. 9—ാംതീയതി മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി നടത്താൻ തീരുമാനിച്ചിരുന്ന പ്രകടനത്തിൽ പങ്കെടുക്കുന്നത.നുവേണ്ടി തിരുവനന്തപുരം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും വന്ന 86 ലോറികളെ പോലീസുകാർ അവിടവിടെ തടഞ്ഞിട്ടു. അതുപോലെ ഇതിൽ പങ്കെടുക്കാൻവേണ്ടി ടാക്സി കാറുകളിൽ വന്നവരെപ്പോലും കാർ തടഞ്ഞിട്ടു അവരെ ഇറക്കി വിടുകയുണ്ടായി. ദിവസവും നാലുമണിക്കും അഞ്ചുമണിക്കും ഇവിടെ എത്തേണ്ട പല ട്രാൻസ്പോർട്ടു റൂട്ടുകളും അന്ന് ക്യാൻസൽ ചെയ്യുകയുണ്ടായി. ഈ വരുന്ന 18—ാം തീയതി ഭരണകക്ഷിയിലെ ആളുകൾ ഇങ്ങനെയൊരു പ്രകടനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. നിങ്ങൾ കാൽനടയായിട്ടാണോ വരാൻ പോകുന്നത്? നിങ്ങളെ സംബന്ധിച്ചിടത്തോളമായിരുന്നുവെങ്കിൽ ജാഥയിൽ ചേരുന്നതിന് ലോറിയിൽ ആളുകളെ വരാൻ സമ്മതിക്കുമായിരുന്നില്ലേ? കാറുകളിൽ ആളുകൾ വരുമായിരുന്നില്ലേ? ഇതറിയേണ്ട കാര്യമാണ്. നിങ്ങൾ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയോട് ഇത്തരത്തിലുള്ള നിലപാടാണു കഴിഞ്ഞ രണ്ടു മാസമായി സ്വീകരിച്ചു വരുന്നത്. ഡിസംബർ 29—ാം തീയതി ഞങ്ങളുടെ പാർട്ടിയുടെ ജില്ലാക്കമ്മിററി യോഗം ചേരുകയുണ്ടായി. വട്ടപ്പാറയുള്ള ഒരു സഖാവിന്റെ വീട്ടിൽ വച്ച് യോഗം ആരംഭിച്ചു. യോഗം തീർന്നപ്പോൾ അവിടെ പോലീസ് കയറി വരികയും ആ വീട്ടുകാരുടെ നേരെ ആക്രമണം നടത്തുകയും ചെയ്തു. നിയമവിധേയമായി പ്രവർത്തിക്കുന്ന ഒരു പാർട്ടിയാണ് ഞങ്ങളുടെ പാർട്ടി. അത് ശ്രീമാൻ സി. എച്ച്. മുഹമ്മദുകോയയ്ക്ക് നിഷേധിക്കാൻ കഴിയുമോ? പോലീസ് ഞങ്ങളുടെ യോഗം കൂടിക്കൊണ്ടിരുന്ന സ്ഥലം പരിശോധിച്ചു. അതിനുശേഷം പോലീസ് അവിടെയുള്ള സ്ത്രീകളുടെ നേരെ വളരെ നീചമായി പെരുമാറുകയും അവരിൽനിന്നും അവിടെ യാതൊരു ആയുധവും ഇല്ലെന്ന് എഴുതിവാങ്ങിക്കുകയും ചെയ്തു. ഞാൻ ഇതേപ്പററി അവിടെ വന്ന പോലീസ് അധികാരികളുമായിട്ടു സംസാരിച്ചു. സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞത് നക്സൽബാരികൾ ആയുധം സംഭരിക്കുന്നുവെന്നും അതു കണ്ടുപിടിക്കാനാണ് ഇങ്ങനെ ചെയ്യുന്നതെന്നും. ഞാൻ ചോദിക്കുന്നു നിങ്ങൾ നക്സൽബാരികളെ നിരോധിച്ചിട്ടുണ്ടോ എന്നാണ്? നക്സൽബാരികളെ നിരോധിക്കാത്തിടത്തോളം കാലം അവർക്ക് യോഗം കൂടുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. അതേസമയം മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ ജില്ലാക്കമ്മററി യോഗമാണ് കൂടുന്നതെന്നറിഞ്ഞിട്ടും—എന്തുകൊണ്ടാണ് പോലീസിന് ഇങ്ങനെ ചെയ്യാനുള്ള ചേതോവികാരമുണ്ടായതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ആയുധം ശേഖരിക്കണമെന്നും, ആയുധം ഒളിച്ചുവയ്ക്കണമെന്നും പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചാൽ അതിനെ തടയാൻ നിങ്ങൾക്കാർക്കെങ്കിലും സാധിക്കുമോ യെന്ന് ഞാൻ ശ്രീ. അച്യുതമേനോനോടു ചോദിക്കുകയാണ്? ഈ നടപടി തെററോ ശരിയോ എന്നു നിങ്ങൾ ശാന്തമായി ആലോചിക്കണം. ജനങ്ങൾക്ക് സുഖകരമായ ഭരണം പ്രദാനം ചെയ്യുമെന്നും ശേഷിക്കുന്ന കാലമത്രയും ഭരിക്കുമെന്നും പറയുന്ന നിങ്ങളോട് എനിക്ക് പ്രധാനമായി പറയുവാനുള്ളത് നമ്മുടെ രാജ്യത്ത് ഏററവും പ്രധാനപ്പെട്ട വ്യവസായമാണ് കയർ വ്യവസായം. ഈ വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടി പതിനഞ്ചു കോടി രൂപയുടെ ഒരു സമഗ്രമായ പദ്ധതി മുൻഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ടെന്ന് ഗവർണർ സൂചിപ്പിച്ചിട്ടുണ്ട്. അത് വളരെ നല്ല ഒരു കാര്യം തന്നെയാണ്. ചിറയിൻകീഴ് താലൂക്കിലെ ഇരുപത്തിയയ്യായിരം കയർ തൊഴിലാളികൾ ഈ കഴിഞ്ഞ ഒന്നാംതീയതി മുതൽ പണിമുടക്കിലാണ്. ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ഐക്യമുന്നണി മന്ത്രിസഭയുടെ കാലത്ത് ആ കയർ തൊഴിലാളികൾ സമരം ചെയ്തതിന്റെ ഫലമായി അവരുടെ കൂലി ഒന്നേമുക്കാൽ രൂപയായി വർദ്ധിപ്പിച്ചു. ആ കൂലി ഇപ്പോൾ വെട്ടിക്കുറച്ച് ഒരു രൂപയാക്കിയിരിക്കുകയാണ്. അതിന്റെ ഫലമായി കയർതൊഴിലാളികൾ പഴയ കൂലി കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇപ്പോൾ സമരം നടത്തുകയാണ്. ശ്രീ. രവീന്ദ്രന്റെ നേതൃത്വത്തിലുള്ള ലേബർ ഡിപ്പാർട്ടുമെൻറും കയർ ഉദ്യോഗസ്ഥൻമാരും കയർ മുതലാളിമാരോടു നിങ്ങളാരും വർദ്ധിപ്പിച്ചകൂലി കൊടുക്കേണ്ടതില്ലെന്ന് പറഞ്ഞിരിക്കുകയാണ്. അതുപോലെ അഴുകൽ തൊണ്ടിന്റെ വില 55 രൂപയായി നിയന്ത്രിച്ചിട്ട് ഒന്നര മാസമായി. ഒരു തൊണ്ടെങ്കിലും നിയന്ത്രിത വിലയ്ക്ക് എടുത്തുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നുള്ളതിന് ബഹുമാനപ്പെട്ട വ്യവസായ മന്ത്രി ഉത്തരം പറയണമെന്ന് എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. തൊണ്ടിന്റെ വില നിയന്ത്രിക്കുന്നതിനു വേണ്ടിയും കൂലി വർദ്ധിപ്പിച്ചു കിട്ടുന്നതിന് വേണ്ടിയും ആറാട്ടുപുഴയിൽ കയർ തൊഴിലാളികൾ സഖാവ് പി. ആർ. വാസുവിന്റെ നേതൃത്വത്തിൽ നടത്തിയ സമരത്തെ എന്തുചെയ്തു എന്ന് ശ്രീ. അച്യുതമേനോനറിയാം. ശ്രീ. പി. ആർ. വാസുവിനെ അറസ്ററ് ചെയ്ത് ഭീകരമായി മർദ്ദിക്കുകയാണുണ്ടായത്. 1957—ൽ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്ററ് മന്ത്രിസഭയുടെ കാലത്ത് ലാക്കപ്പ് മർദ്ദനം പരിപൂർണ്ണമായി അവസാനിപ്പിക്കുകയുണ്ടായി. അതിനുശേഷം ഒരു കാൺഗ്രസ് മന്ത്രിയായിരുന്ന ശ്രീ. പി. ടി. ചാക്കോ പോലീസ് മന്ത്രിയായിരുന്ന കാലത്തുകൂടി ലാക്കപ്പ് മർദ്ദനം പുനരാരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

Sri Alexandar Parambithara in the Chair.

ശ്രീ. ടി. കെ. ദിവാകരൻ: അതിന്റെ സാക്ഷി എന്നുള്ള നിലയിൽ ശ്രീ. ചന്ദ്രശേഖരശാസ്ത്രി ഇവിടെ ഇരിക്കുന്നുണ്ട്.

ശ്രീ. വി. ശ്രീധരൻ: സഭാ നേതാവായിട്ട് കഴിയുന്ന ശ്രീ. ടി. കെ. ദിവാകരന് ഇതെല്ലാം ഇപ്പോൾ തോന്നും. അതിൽ വലിയ കാര്യമില്ല. ശ്രീ. പി. ആർ. വാസുവിനെ ലോക്കപ്പിലിട്ട് മർദ്ദിച്ചില്ലെന്ന് ശ്രീ. ടി. കെ. ദിവാകരന് നിഷേധിക്കാൻ കഴിയുമോ? 1957—ൽ കമ്മ്യൂണിസ്ററ് മന്ത്രിസഭ ഒരു നയമെന്ന നിലയിൽ ലാക്കപ്പ് മർദ്ദനം പരിപൂർണ്ണമായി അവസാനിപ്പിക്കുകയുണ്ടായി. അടുത്തതായി ഇവിടെ അധികാരത്തിൽ വന്ന കോൺഗ്രസ് മന്ത്രിസഭക്കുപോലും ലോക്കപ്പ് ഭരണം ഇവിടെ വീണ്ടും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. രാഷ്ട്രീയ പ്രവർത്തകരെ ഒരു തൊഴിൽ സമരത്തിന് നേതൃത്വം കൊടുത്തു എന്നുള്ള കാരണത്താൽ പോലീസുകാർ ലോക്ക

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. വി. ശ്രീധരൻ]

പ്പിനകത്തിട്ട് മർദ്ദിച്ച് മർദ്ദിച്ച് ഇഞ്ചിഞ്ചായി കൊല്ലുകയാണ്. ഇതിനെപ്പററി നിങ്ങൾക്ക് എന്താണ് പറയുവാനുള്ളത്? പതിനഞ്ചു കോടി രൂപായുടെ ഒരു പ്ലാൻ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിന് വേണ്ടി സമർപ്പിച്ചു. ഈ വ്യവസായത്തിലെ 17 വർഷക്കാലത്തെ ചരിത്രത്തെപ്പററി സമഗ്രമായിട്ട് പരിശോധിക്കുന്ന നമുക്കാർക്കും മനസ്സിലാക്കാൻ കഴിയുന്ന ഒരു വസ്തുതയുണ്ട്. നമ്മുടെ ഒരു ദേശീയ വ്യവസായം എന്നുള്ള നിലയിൽ പ്രാധാന്യമർഹിക്കുന്ന കയർ വ്യവസായത്തിൽ നിന്നും ഇക്കഴിഞ്ഞ 17 വർഷം കൊണ്ട് 200 കോടി രൂപായുടെ വിദേശ നാണ്യം ഇൻഡ്യക്ക് നേടിക്കൊടുത്തിട്ടുണ്ട്. അത്തരത്തിലുള്ള ഒരു വ്യവസായത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും നമുക്ക് കിട്ടിയിട്ടുള്ളത് വെറും 42 ലക്ഷം രൂപയാണ്. കേന്ദ്രഗവൺമെന്റ് ഇത്തരത്തിൽ കേരളത്തോട് കാണിക്കുന്ന അവഗണനയ്ക്ക് എതിരായി ഈ പദ്ധതി നടപ്പിലാക്കാൻ കേരളത്തിലെ ജനങ്ങൾ ഒന്നിച്ച് സംഘടിച്ച് കേന്ദ്രത്തിനെതിരായി സമരം സംഘടിപ്പിയ്ക്കുമെന്നോ അങ്ങനെ കേന്ദ്രത്തിനെതിരായി സുശക്തമായ ഒരു നിലപാട് സ്വീകരിയ്ക്കുമെന്നോ ഉള്ളതിന് യാതൊരു സൂചനയുമില്ല. പകരം കേന്ദ്രത്തിന്റെ സൻമനോഭാവത്തിൽ അതിരുകവിഞ്ഞ പ്രതീക്ഷയുമാണ് പ്രകടിപ്പിച്ചിരിക്കുന്നത്. ഈ നിലപാട് കേരളത്തിന്റെ താൽപര്യങ്ങളെ സംബന്ധിച്ചിടത്തോളം ആത്മഹത്യാപരമായിരിക്കും.

ഇവിടെ ഭൂവിതരണത്തിന്റെ കാര്യം പറയുകയുണ്ടായി. എനിക്ക് നേരിട്ട അനുഭവത്തിൽനിന്നും ഞാനൊരുകാര്യം പറയാം. തിരുവനന്തപുരം പട്ടണത്തിന് തൊട്ടടുത്ത് കിടക്കുന്ന മൂക്കുന്നിമലയിൽ മുന്നൂറേക്കറോളം ഏക്കർ സ്ഥലം ആറേഴു കൊല്ലമായി കുറെ കൃഷിക്കാർ കൈവശംവച്ച് കൃഷി ചെയ്ത് അനുഭവിച്ച് വരുകയാണ്. ആ കൃഷിക്കാരെ മുഴുവൻ ഇപ്പോൾ ഇറക്കി വിടുകയാണ്. ഇറക്കി വിട്ടിട്ട് അവിടെ എന്ത് ചെയ്തുവെന്ന് ശ്രീ. എം. എൻ. ഗോവിന്ദൻ നായർ പരിശോധിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. വലത് കമ്മ്യൂണിസ്ററ് പാർട്ടിയുടെ ജില്ലാ കമ്മിററി സെക്രട്ടറിയായ കാർത്തികേയന്റെ അനിയന് മൂന്നേക്കറും, എം. എൻ. ഗോവിന്ദൻ നായരുടെ ഡ്രൈവർക്ക് മൂന്നേക്കറും പതിച്ച് കൊടുത്തിരിയ്ക്കുകയാണ്. അവർക്കെല്ലാം ഭൂമി കൊടുക്കുന്നതിന് ഞാൻ എതിരല്ല. കഴിഞ്ഞ ആറേഴ് വർഷമായി തുടർച്ചയായി കൃഷിചെയ്ത് അനുഭവിച്ച് വരുന്ന പാവപ്പെട്ട ഭൂമിയില്ലാത്ത കൃഷിക്കാരെ ഇറക്കിവിട്ടിട്ട് നിങ്ങളുടെ ബന്ധുക്കൾക്കും സ്വന്തക്കാർക്കും പതിച്ചുകൊടുക്കുകയാണോ വേണ്ടത്.

അടുത്തതായി എനിക്ക് പറയുവാനുള്ളത് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ നിയമനങ്ങളെല്ലാം പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുക്കാൻ പോകുന്നതിനെപ്പററിയാണ്. ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ നിയമനവും പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തതായി കേൾക്കുന്നു. എന്റെ അറിവ് ശരിയാണെങ്കിൽ ചില വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് പബ്ലിക് സർവ്വീസ് കമ്മീഷന് നിയമനം വിട്ടുകൊടുത്തതെന്നാണ്. ട്രാൻസ്പോർട്ട് കോർപ്പറേഷനിലുണ്ടാകുന്ന ഒഴിവുകളിൽ താൽക്കാലികമായി നിയമനം നടത്തുന്നതിനുള്ള അധികാരം ചെയർമാന് വിട്ടുകൊടുത്തിരിക്കുകയാണ്. അങ്ങനെ നിയമിക്കുന്ന ആളുകളുടെ സേവന കാലാവധി നീട്ടികൊടുക്കുന്നതിനുള്ള അധികാരവും ചെയർമാന് കൊടുത്തിരിക്കുകയാണ്. പെൻഷൻ പററുന്നവരെ വീണ്ടും കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അധികാരവും ചെയർമാന് കൊടുത്തിരിക്കുകയാണ്. സ്പോർട്സിന്റേയും കലയുടേയും പേരിൽ ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിയമനം നടത്തുന്നതിനുള്ള അധികാരവും ചെയർമാന് കൊടു

LIBRARY ARCHIVES Kerala Legislative Assembly

ത്തിട്ടുണ്ട്. ലാസ്റ്റ് ഗ്രേഡ് സർവ്വെൻസ്, സ്വീപ്പേഴ്സ് സ്കാവഞ്ചേഴ്സ് തുടങ്ങിയവരെ നിയമിക്കുന്നതിനുള്ള അധികാരവും ചെയർമാനുണ്ട്. 240 ദിവസം ട്രാൻസ്പോർട്ടിൽ വർക്കു ചെയ്തിട്ടുള്ള ആളുകളെ സ്ഥിരപ്പെടുത്തണമെന്നും ഉള്ള നിലവിലുള്ള തീരുമാനം എന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തതുകൊണ്ട് എന്ത് പ്രയോജനമാണുള്ളത്. ഇന്ന് കുറെ ആളുകളെ പിരിച്ചു വിട്ടിട്ട് ആ സ്ഥാനത്ത് തങ്ങളുടെ പാർട്ടിയിൽപ്പെട്ടവരേയും സ്വന്തക്കാരേയും ബന്ധുക്കളേയും തിരുകി കയററുന്നതിനുള്ള നിഗൂഢമായ ശ്രമമാണ് ഇതിന്റെ പിന്നിലുള്ളത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർക്ക് അനുവദിച്ചിട്ടുള്ള സമയം തീർന്നു. ഇനി ശ്രീ. ഗമാലിയേലിന് സംസാരിക്കാം.

ശ്രീ. എൻ. ഗമാലിയേൽ: ജനാധിപത്യത്തിന്റെ കാവൽഭടൻമാരായ നിയമസഭാ സാമാജികൻമാർ ജനാധിപത്യത്തിന്റെ ഘാതകൻമാരായി പരിണമിക്കുകയാണെങ്കിൽ ജനാധിപത്യ വിശ്വാസികളായ ജനതക്ക് ഇതിലും ഉപരിയായ ശാപം ഉണ്ടാകാൻ ഇടയില്ല. ജനാധിപത്യത്തെ സംരക്ഷിക്കുന്നതിന് ബാദ്ധ്യസ്ഥരായ കേരളത്തിലെ മാത്രമല്ല, ഇൻഡ്യയിലാകമാനമുള്ള പല ജനപ്രതിനിധികളും, ജനാധിപത്യ മര്യാദകളേയും കീഴ്വഴക്കങ്ങളേയും നശിപ്പിക്കുകമാത്രമല്ല, ജനാധിപത്യത്തെ നശിപ്പിക്കുന്നതിനുള്ള പ്രവർത്തികളിലാണ് ഏർപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നതെന്നുള്ള വസ്തുത ജനാധിപത്യ വിശ്വാസികളെയാകെ വേദനിപ്പിക്കുന്ന ഒരു സംഭവമാണ്. അവർക്ക് ദൈവം സൽബുദ്ധി നൽകട്ടെ എന്ന് പ്രാർത്ഥിക്കുകയാണ്. അതുപോലെ നമ്മുടെ ജനാധിപത്യത്തെ ദൈവം സംരക്ഷിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയല്ലാതെ മറെറാന്നും ഈ സന്ദർഭത്തിൽ കരണീയമായിട്ടില്ല. ഇന്നത്തെ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം, അതിന്റെ പേർ വഞ്ചനാ മുന്നണിയാണെന്നോ പഞ്ചാംഗമുന്നണിയാണെന്നോ എന്തുമായിക്കൊള്ളട്ടെ, കേരളത്തിലെ സമാധാന പ്രിയരായ ജനങ്ങൾക്ക് ആശ്വാസം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇവിടെ നിയമസമാധാനം പാലിക്കുന്നതിന് ഈ ഗവൺമെൻറിന് സാധിച്ചിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. മുൻപ് ഭരണം നടത്തിയിരുന്ന ഗവൺമെൻറിന്റെ കാലത്ത് പോലീസ് ഭരണംകൊണ്ട് വളരെവിഷമം അനുഭവിച്ചിരുന്ന ജനങ്ങൾക്ക് ഇന്ന് ആശ്വാസം കണ്ടെത്താൻ സാധിക്കുന്നുണ്ട്. ജനങ്ങൾക്ക് അവരുടെ ജീവധനാദികൾക്ക് സംരക്ഷണം നൽകുന്ന കാര്യത്തിൽ അഭിവൃദ്ധിയുണ്ടായിട്ടുള്ളതാണ് അതിന്റെ കാരണം. ആ കാര്യത്തിൽ ഈ ഗവൺമെൻറിനെ പൊതുവെയും, പ്രത്യേകിച്ച് പോലീസ് വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയേയും ഞാൻ ഹാർദ്ദമായി അനുമോദിക്കുകയാണ്. ശ്രീമാൻ ചാഴികാടൻ പറഞ്ഞതുപോലെ നിയമസമാധാനം പരിപാലിക്കുന്നതിന് ഇന്നത്തെ പോലീസ് വകുപ്പിലെ അംഗസംഖ്യ മതിയാകാതിരിക്കുന്നു. അതുകൊണ്ട് തീർച്ചയായും പോലീസ് വകുപ്പ് വികസിപ്പിക്കണം. അങ്ങനെ വികസിപ്പിക്കുമ്പോൾ ഒരു കാര്യം പ്രത്യേകം എനിക്ക് ഗവൺമെൻറിനോട് അഭ്യർത്ഥിക്കാനുള്ളത്, ഹോംഗാർഡ് പരിശീലനം സിദ്ധിച്ചിട്ടുള്ള വാളൻറിയർമാർക്ക് മുൻഗണന നൽകണമെന്നതാണ്. പോലീസിലേക്കുള്ള റിക്രൂട്ടുമെൻറ് നടക്കുമ്പോൾ മുൻഗണന ലഭിക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടി വളരെയധികം യുവാക്കൻമാർ ഹോംഗാർഡിൽ ചേർന്ന് പരിശീലനം നേടിയിട്ടുണ്ട്. അവർ ഇന്ന് നിരാശരാണ്. അവർക്ക് മുൻഗണന നൽകണം. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്ന രൂക്ഷമായ വേറൊരുപ്രശ്നം തൊഴിലില്ലായ്മയാണ്. ഇവിടെ അഭ്യസ്ഥവിദ്യരുടെ മാത്രമല്ല, അല്ലാത്തവരുമായ ആളുകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പദ്ധതികൾ ആസൂത്രണം

[ശ്രീ. എൻ. ഗമാലിയേൽ]

ചെയ്യുന്നതിന്റെ സൂചനയുണ്ടെങ്കിലും നല്ലൊരു പദ്ധതിയുള്ളതായി തോന്നുന്നില്ല. കണ്ണാടി കുപ്പി നിർമ്മാണത്തിനുള്ള ഒരു പ്ലാന്റിന് ലൈസൻസിനപേക്ഷിച്ചിട്ടുള്ളതല്ലാതെ വേറെ വ്യവസായങ്ങൾ തുടങ്ങുന്നതിന്റെ സൂചനയൊന്നും കാണുന്നില്ല. അതുപോലെതന്നെ സ്വകാര്യമേഖലയിൽ വ്യവസായങ്ങൾ തുടങ്ങണമെങ്കിൽ മുൻ ഗവൺമെന്റ് അനുവർത്തിച്ചു വന്നിരുന്ന വ്യവസായനയം പരിപൂർണ്ണമായി മാററണം. ഘേരാവോ നിഷേധിക്കേണ്ടതാണ്. അതിന് ഒരുതരത്തിലും പ്രോൽസാഹനം നൽകരുത്. ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റിന് അങ്ങോട്ട് പിൻതുണ കൊടുക്കുന്നത് തെററായിട്ടോ, നിഷിദ്ധമായിട്ടോ തോന്നിയിരുന്നാലും ജനങ്ങളുടെ നൻമയെ ഉദ്ദേശിച്ച് ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങൾക്ക് ഞങ്ങളുടെ പിൻതുണ ഉണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഈ. അഹമ്മദ്: സർ, ബഹുമാനപ്പെട്ട ഗവർണർ ചെയ്ത പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ബഹുമാനപ്പെട്ട ശ്രീ. പി. ആർ. കുറുപ്പിന്റെ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഗവർണ്ണറുടെ പ്രസംഗം നിഷ്പക്ഷമായി വായിക്കുന്ന ആർക്കും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായിട്ടുള്ള നേട്ടങ്ങളുടെ ഒരു നീണ്ട പട്ടികകാണാൻ സാധിക്കും. അങ്ങനെ കൈനിറയെ നേട്ടങ്ങളോടുകൂടി നിയമസഭയിലേക്ക് കടന്നുവന്ന ബഹുമാനപ്പെട്ട അച്ചുതമേനോനേയും, അദ്ദേഹത്തിന്റെ സഹപ്രവർത്തകരേയും കൈപിടിച്ചു കുലുക്കേണ്ടിയിരുന്ന പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ ആളുകളും ഈ സഭയിൽ എന്താണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് എല്ലാവർക്കും അറിയാം. നിയമസഭ വേണ്ടാ എന്നോ, നിയമസഭാ പ്രവർത്തനം വേണ്ടായെന്നോ പ്രതിപക്ഷത്തിരിക്കുന്ന മാന്യസുഹൃത്തുക്കൾ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ തീർച്ചപ്പെടുത്തിയിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അങ്ങനെ നിയമസഭാ പ്രവർത്തനത്തെ അനുകൂലിക്കുന്ന മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയിലെ അംഗങ്ങൾ ഈ കഴിഞ്ഞ 9–ാം തീയതി ഈ നിയമസഭയിൽ കാണിച്ചത് വളരെ ഖേദകരമായിപ്പോയി എന്ന് പറഞ്ഞാൽ മാത്രം മതിയാകുകയില്ല, അപമാനകരമായിപ്പോയി എന്ന് പറഞ്ഞാലേ മതിയാകൂ. ഇതുപോലെ പലപ്പോഴും ഈ സഭയിൽ പലതും സംഭവിച്ചിരിക്കാം. കഴിഞ്ഞ വർഷം ആഗസ്ററ് മാസം 22–ാംതീയതി നിയമസഭാ നടപടികൾ തുടരാൻ പോലും സാധിക്കാത്ത നിലയിൽ നിയമസഭ നിറുത്തിവയ്ക്കേണ്ടിവന്നു. പക്ഷേ കഴിഞ്ഞ 9–ാം തീയതി നടന്ന സംഭവം 1969 ആഗസ്ററുമാസം 22–ാം തീയതി ഉണ്ടായ സംഭവത്തെ നാണിപ്പിച്ചു എന്ന് പറയാതെ നിവൃത്തിയില്ല. ഈ. എം. എസ്സിനെ പോലുള്ള ഒരു പ്രമുഖനായ നേതാവിന്റെ നേതൃത്വത്തിലുള്ള ഒരു പാർട്ടിയാണ് ഈ നാണിപ്പിക്കൽ നയം നടത്തിയിട്ടുള്ളതുകൊണ്ട് നാണിപ്പിക്കലിന്റെ മാററ് കൂടുകയേയുള്ളു. ജനാധിപത്യത്തിൽ അധികാരത്തിൽ വരിക; ഇറങ്ങിപ്പോകുക ഇതൊക്കെ സ്വാഭാവികമാണ്. അധികാരത്തിന് പുറത്തുവരുമ്പോൾ എന്തായാലും സമചിത്തത കൈവെടിയാൻ പാടില്ല. ആ കാര്യം വളരെ ഖേദത്തോടുകൂടി അനുസ്മരിപ്പിക്കേണ്ടിവന്നിരിക്കുകയാണ്.

മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയിലെ ബഹുമാനപ്പെട്ട മെമ്പറൻമാർ ഇവിടെ ചെയ്ത പ്രസംഗത്തിൽ ഒക്കേയും ക്രമസമാധാന പാലനത്തെ സംബന്ധിച്ച് പരാമർശിക്കുകയുണ്ടായി. ലാത്തിച്ചാർജ്, ലാക്കപ്പ് മർദ്ദനം, വെടിവയ്പ്പ് എന്നീ കാര്യങ്ങളെക്കുറിച്ചെല്ലാം പറയുകയുണ്ടായി. അതൊക്കെ കേരളത്തിൽ നടന്നിട്ടുണ്ട്. ഈ. എം. എസ്സിന്റെ ഭരണ കാലത്ത് നടന്നിട്ടുണ്ട്. നടന്നിട്ടില്ലെന്നു ഞാൻ പറയുന്നില്ല. ലാക്കപ്പ് മർദ്ദനം എന്തായാലും ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് നടന്നിട്ടില്ല. ക്രമവും സമാധാനവും പാലിക്കുക

എന്നത് ഏത് ഗവൺമെൻറിൻേറയും മൗലികമായ, അടിസ്ഥാനപരമായ കർത്തവ്യമാണ. സമാധാന ലംഘനമുണ്ടാക്കുകയാണെങ്കിൽ അത് അനുവദിക്കുന്നത് ഈ ഗവൺമെൻറ് ഈ നാട്ടിലെ ജനങ്ങളോട് ചെയ്യുന്ന തെററായിരിക്കും. ക്രമവും സമാധാനവും പാലിക്കാനായി പലപ്പോഴും പോലീസിന് അവരുടെ അധികാരം വിനിയോഗിക്കേണ്ടതായി വന്നിരിക്കും. അത് സന്തോഷത്തോടുകൂടി ചെയ്യുന്ന കാര്യമല്ല. ഡിസംബർ ഒന്നാംതീയതി ഇവിടെ ഉണ്ടായതെന്താണ്? കോഴിക്കോട്ട് എന്താണ് ഉണ്ടായത്? കോഴിക്കോട്ട് കളക്ടറേററിന് മുമ്പിൽ പിക്കററിംഗ് നടന്നു. സമാധാനപരമായി പിക്കററിംഗും പ്രകടനവും നടത്തുക എന്നുള്ളത് ആരും നിഷേധിക്കുന്നില്ല. അതിനുള്ള അവകാശത്തെ നിരാകരിക്കുന്നുമില്ല. പക്ഷേ കോഴിക്കോട് കളക്ടറേററിന് സമീപമുള്ള കാർപ്പറേഷൻ റസ്ററ് ഹൗസിൻെറ കൻമതിൽ തച്ചുതകർത്ത് ആ കല്ലുകളെടുത്ത് പോലീസുകാരെ എറിഞ്ഞാൽ പോലീസുകാർ മിണ്ടാതിരിക്കണമോ? പാലക്കാട്ട് എന്താണ് ഉണ്ടായത്? തടവുപുള്ളികളെ കൊണ്ടുവന്നിരുന്ന പോലീസിൻെറ കയ്യിൽനിന്ന് തടവുപുള്ളികളെ വിടുവിക്കാനുള്ള പരിശ്രമം നടത്തി. അപ്പോൾ പോലീസിന് നടപടി കൈക്കൊള്ളേണ്ടതായി വന്നിരിക്കാം. ഇപ്പോൾ മാത്രമല്ല ഇങ്ങനെയുണ്ടായിട്ടുള്ളത്. ഈ. എം. എസ് ഭരിച്ചിരുന്ന കാലത്ത് കോഴിക്കോട് കളക്ടറേററിനുമുമ്പിൽ ലാത്തിച്ചാർജ് ഉണ്ടായില്ലേ? യൂത്ത് കോൺഗ്രസ്കാരുടെമേൽ അവിടെ ലാത്തിച്ചാർജ് നടത്തിയതിനെ സംബന്ധിച്ച് ഈ സഭയിൽ ബഹുമാനപ്പെട്ട കരുണാകരനും, ശ്രീ. കെ. എം. ജോർജും അടിയന്തിരപ്രമേയം അവതരിപ്പിച്ച് സംസാരിച്ചിട്ടില്ലേ. അതിന് അന്നത്തെ പോലീസ് മന്ത്രിയായിരുന്ന ഈ. എം. എസ് നമ്പൂതിരിപ്പാട് എന്താണ് പറഞ്ഞത്. പോലീസുകാരും മനുഷ്യരാണ്, അവരെ കല്ലെറിഞ്ഞാൽ അവർക്കും വേദനയാകുമെന്ന്. സി. എച്ച്. മുഹമ്മദ്കോയ പോലീസ് മന്ത്രിയായപ്പോൾ പോലീസുകാർക്ക് വേദനിക്കുകയില്ലെന്നാണോ ബഹുമാനപ്പെട്ട മെമ്പറൻമാർ പറയുന്നത്? അതുകൊണ്ട് ഈ ഇരട്ടത്താപ്പുനയം നന്നല്ല. അക്രമവും അരാജകത്വവും അവസാനിപ്പിക്കേണ്ടതു ഒരു ഗവൺമെൻറിൻെറ ചുമതലയാണ്. അക്രമവും അരാജകത്വവും ഉണ്ടായതുകൊണ്ടാണ് ശ്രീ. ജോതിബാസുവിനു സിൽഗൂരിയിൽ പട്ടാളത്തെ വിളിക്കേണ്ടിവന്നത്. ഇവിടെ സി. ആർ.പി. യേ ഉണ്ടായിരുന്നുള്ളു. സി. ആർ. പി. നിയമസമാധാനം പാലിക്കുന്നതിൽ പോലീസിനെ സഹായിക്കുക മാത്രമാണ് ചെയ്യുന്നത്.

ഡിസംബർ 17–ാം തീയതി കണ്ണൂർ ജില്ലയിലെ കണ്ണപുരത്ത് എന്താണ് ഉണ്ടായത്? മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിക്ക് ലജ്ജയോടുകൂടിയല്ലാതെ അത് അനുസ്മരിക്കാൻ സാധിക്കുമോ? റയിൽവേ പാളങ്ങൾ നീക്കം ചെയ്തത് രാജ്യസ്നേഹികൾ തക്കസമയത്ത് ഇടപെട്ടില്ലായിരുന്നുവെങ്കിൽ മലബാർ എക്സ്പ്രസിൽവരുന്ന 100 കണക്കിന് നിരപരാധികൾ മരിക്കുമായിരുന്നു. മംഗലാപുരത്തുനിന്ന് രാത്രിയിൽ കണ്ണൂരിൽ എത്തേണ്ട ആളുകൾക്ക്, മരിച്ച ഒരു ബന്ധുവിൻെറ വീട്ടിൽ പോകേണ്ട ആളുകൾക്ക് തീവണ്ടിമാർഗം കണ്ണൂരിൽ എത്താൻ സാധിച്ചില്ല. റോഡുമാർഗ്ഗം പോകാനും സാധിച്ചില്ല. പിലാത്തറ എന്ന സ്ഥലത്ത് വഴിമുടക്കിയതുകൊണ്ട് റോഡുമാർഗ്ഗവും വന്നെത്താൻ സാധിച്ചില്ല. ഇങ്ങനെയുള്ള വിപ്ളവമാർഗ്ഗമാണോ നിങ്ങൾ സ്വീകരിച്ചിരിക്കുന്നതു? കണ്ണപുരത്തെ ഒരു പാലം തീവച്ച് നശിപ്പിച്ചു. ഇതൊക്കെ ചെയ്താൽ അക്രമികളെകൈയും കെട്ടിയിരുന്നു പോലീസ് പൂമാല കൊടുത്തു സ്വീകരിക്കണമെന്നാണോ പറയുന്നതു? അത് ഈ നാട്ടിൽ നടപ്പില്ല. ഈ. എം. എസ്സിൻെറകാലത്തും ലാത്തിച്ചാർജ് നടത്തിയിരുന്നു, വെടിവയ്പു് നടത്തിയിരുന്നു. കാസർകോട് വിദ്യാർത്ഥികളെ വെടിവച്ചില്ലേ? കൊററ്റിയിൽ വെടിവച്ചില്ലേ? എൻെറ സ്നേഹിതൻ ശ്രീധർ ഇവിടെ നടന്ന ലാത്തിച്ചാർജിനെപ്പററി പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. അഹമ്മത്]

തിരുവനന്തപുരത്തു് സെക്രട്ടേറിയററിനു മുമ്പിൽ അദ്ധ്യാപകർ പ്രകടനം നടത്തിയപ്പോൾ നമ്പൂതിരിപ്പാടിൻെറ പോലീസു് അവരെ തല്ലിച്ചതച്ചതു് എൻെറ സ്നേഹിതൻ ഇത്രവേഗം മറന്നുപോയോ? അതൊരിക്കലും മറക്കരുതു്. ക്രമവും സമാധാനവും പാലിക്കുവാൻവേണ്ടി പലപ്പോഴും പോലീസിനു് അങ്ങനെയൊക്കെ ചെയ്യേണ്ടിവരും. അരാജകത്വവും അക്രമവും അവസാനിച്ചാൽ ഇവിടെ എല്ലാവർക്കും ശാന്തമായും സമാധാനത്തോടുംകൂടി ജീവിക്കാൻ സാധിക്കും. അസമാധാനത്തോടും അരാജകത്വത്തോടും കൂടിയ ജീവിതം കേരളജനത ആഗ്രഹിക്കുന്നില്ല. പ്രബുദ്ധരായ കേരളജനത അതിനെതിരാണു്. എന്താണു് മാർക്സിസ്ററുപാർട്ടി ചെയ്തതു്. ഈ രാജ്യത്തെ ആഭ്യന്തര വകുപ്പിൻെറ മന്ത്രിയെ ആസിഡു് ബോംബു് എടുത്തു് എറിഞ്ഞുകൊല്ലാൻ വേണ്ടി പ്ലാനിട്ടതു് മാർക്സിസ്ററുപാർട്ടിയല്ലേ? എന്താണു് അതിൻെറ കാരണം. മാർക്സിസ്ററുപാർട്ടിയുടെ നേതാക്കൻമാരുടെ പ്രസ്താവന ഓരോന്നു വായിച്ചുനോക്കുക—അപ്പോൾകാണാം. സാക്ഷാൽ ഇ. എം. എസ്. നമ്പൂതിരിപ്പാടു പറഞ്ഞു, സി. എച്ചു്. മുഹമ്മദുകോയയ്ക്കു് സർ സി. പി. യുടെ അനുഭവം ഉണ്ടാവുമെന്നു്. കണ്ണൂരിലും തലശേരിയിലും വച്ചു് മാർക്സിസ്ററുപാർട്ടിയുടെ ഉത്തരവാദപ്പെട്ട നേതാക്കൻമാരുടെ നേതൃത്വത്തിൽ നടന്ന ഘോഷയാത്രകളിൽ എന്താണു് വിളിച്ചിരുന്നതു്? "സി. എച്ചിൻെറ മയ്യത്തു്, ചേലാട്ടു് അച്യുതൻെറ നെഞ്ചത്തു്" എന്നാണു് വിളിച്ചിരുന്നതു്. പിന്നെ ഗൂണ്ടത്തലവാ സി. എച്ചേ നിന്നെ ഞങ്ങൾ മയ്യത്താക്കും" ഈ കഴിഞ്ഞ ജാനുവരി നാലാംതീയതി തലശ്ശേരിയിലെ ടൂറിസ്ററു് ബംഗ്ലാവിൽ വെച്ചു് കാണാൻ സാധിച്ചതു് അതായിരുന്നു. തലശേരിയിലെ മാർക്സിസ്ററുപാർട്ടിയിലെ പ്രമുഖനായ ഗംഗാധരമാരാർ എറിയാനായിട്ടു് ആസിഡു് ബോംബുകളും നാടൻബോംബുകളുമായി ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. സി. എച്ചു്. മുഹമ്മദുകോയയെ ആക്രമിക്കുകയാണുണ്ടായതു്. പൈശാചികമായ ആക്രമണമാണു് നടത്തിയതു്. എന്നിട്ടും പറയുന്നു, സി. എച്ചു്. ജനമർദ്ദകനാണെന്നു്. ശ്രീ. സി. എച്ചു്. സർ. സി. പി. യുടെ അവതാരമാണെന്നു്!! സർ, വാസ്തവത്തിൽ എന്താണുണ്ടായതു്? ജനാബു് സി. എച്ചു്. മുഹമ്മദുകോയ ഇവിടത്തെ ആഭ്യന്തരകാര്യമന്ത്രിയാണു്, സമ്മതിക്കുന്നു. പക്ഷേ ശ്രീ. മുഹമ്മദുകോയയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ലക്ഷക്കണക്കായ ആളുകൾ കേരളത്തിലുണ്ടു്. എന്നിട്ടു് ഇങ്ങനെയുള്ള ഒരു നേതാവിൻെറ നേരെ ആസിഡു് ബോംബു് എറിഞ്ഞിട്ടുപോയിരിക്കുന്നു. ആസിഡു് ബോംബിൻെറ ഏറുകൊണ്ടു് പൊള്ളലേററിട്ടു് അതിൻെറ വേദന സഹിച്ചുകൊണ്ടു ഒരു ഡോക്ടറെ കാണുന്നതിനുമുമ്പു് അദ്ദേഹം ചെയ്തതു് പത്രക്കാരെവിളിച്ചു് ഇങ്ങനെ പറഞ്ഞു. എൻെറ അനുയായികളോടു പറയണം, അവർ സമചിത്തത പാലിക്കണമെന്നു്. അവർ അക്ഷോഭ്യരാകണം, അവർ പ്രകോപിതരാകരുതെന്നു്. സ്വന്തം ജീവനെ നശിപ്പിക്കാൻ തയ്യാറായ പൈശാചിക സന്ദർഭത്തിൽ പോലും ഡാക്ടറെ കാണുന്നതിനുമുൻപു് നിങ്ങൾ അക്ഷോഭ്യരായിരിക്കൂ, പ്രകോപിതരാകരുതു്, നിങ്ങൾ സമാധാനതൽപരരായിരിക്കൂ എന്നു പറഞ്ഞ ഒരു ജനനേതാവിനെ ജനവഞ്ചകനെന്നു് പറയുന്ന മാർക്സിസ്ററുകാരല്ലേ ഈ നാട്ടിലെ ഏററവും വലിയ ജനവഞ്ചകർ. അതുകൊണ്ടു് ഈ നാട്ടിൽ സമാധാനം വേണമെന്നുമാത്രമേ ജനാബു് സി. എച്ചു്. മുഹമ്മദുകോയയും അദ്ദേഹത്തിൻെറ അനുയായികളും അവർ ഉൾക്കൊള്ളുന്ന ഈ ഗവർമ്മെൻറും ആഗ്രഹിക്കുന്നുള്ളൂ. ഇപ്പോൾ നിങ്ങൾ ഗംഗാധരമാരാരെ പുറത്താക്കിയിരിക്കുകയാണു്. ഇതേപ്പററിയുള്ള അന്വേഷണം ഉള്ളതുകൊണ്ടു് ഞാൻ അതിലേയ്ക്കു കടക്കുന്നില്ല. ഈ അക്രമം ആരാണു് പ്ലാൻ ചെയ്തതു്, ആക്രമണം നടത്തുന്നതിനുമുൻപു് അക്രമി എവിടെയായിരുന്നു, ആരുടെകൂടെ ആയിരുന്നു എന്നൊന്നും ഇവിടെവച്ചു ഞാൻ പറയുന്നില്ലെങ്കിലു്

LIBRARY ARCHIVES Kerala Legislative Assembly

തലശ്ശേരിയിലെ ജനങ്ങൾക്കറിയാം. അതിനെസംബന്ധിച്ച് ഞാൻ അധികമൊന്നും പരാമർശിക്കുന്നില്ല.

ഇപ്പോൾ ബഹുമാനപ്പെട്ട സ്ഥാനം പോയ മന്ത്രി ഇമ്പിച്ചിബാവ ഒരു ഭേദഗതി അവതരിപ്പിച്ചിരിക്കുകയാണ്. എന്താണെന്നല്ലേ? മുസ്ലിം ലീഗുകാർ പോലീസിനെ സഹായിക്കാൻ നിയമം കൈയിലെടുക്കണമെന്ന് ബാഫക്കിതങ്ങൾ പറഞ്ഞുവെന്നും അങ്ങനെയാണെങ്കിൽ ഈ നാട്ടിൽ സാമുദായിക ലഹള ഉണ്ടാകുമെന്നും പറഞ്ഞു. തെററിദ്ധാരണയുടെ ആചാര്യനാണ് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് എന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട ബാഫക്കിതങ്ങൾ നിയമം കൈയിൽ എടുക്കണമെന്നു പറഞ്ഞിട്ടില്ല. ഒരിക്കലും പറയുകയുമില്ല. ക്രമവും സമാധാനവും ഇവിടെ പാലിക്കണമെന്നും അതിനായി ഉദ്യോഗസ്ഥൻമാരെയും ഗവർമ്മെൻറിനെയും പോലീസുകാരെയും സഹായിക്കുകയും ചെയ്യണമെന്നു പറഞ്ഞാൽ ഉദ്യോഗസ്ഥൻമാരുടെ പേനയും കടലാസുമെല്ലാം എടുത്ത് ഉത്തരവ് പാസാക്കണമെന്നാണോ? ഗവർമ്മെൻറിനെ സഹായിക്കേണ്ടത് ഒരു പൗരന്റെ കടമയല്ലേ? ഈ നാട്ടിൽ ഒരു സാമുദായിക കുഴപ്പം ഉണ്ടാക്കണമെന്ന മാർക്സിസ്ററുപാർട്ടിയുടെ ഉദ്ദേശത്തിന്റെ ഒന്നാമത്തെ പ്രഖ്യാപനമായിട്ടാണ് ഞാനീ പ്രചരണത്തെകാണുന്നത് എ. കെ. ഗോപാലന്റെ പ്രസ്താവന കണ്ടാൽ അതാണ് മനസിലാകുന്നത്. ഒരു സമാധാനമുണ്ട്. കേരളത്തിലെ ജനങ്ങൾ പ്രബുദ്ധരായ ജനങ്ങളാണ്. കേരളത്തിലെ ജനങ്ങൾ ഉൽബുദ്ധരായതുകൊണ്ട് ഇവിടെ ക്രമവും സമാധാനവും പാലിക്കണമെന്നും മനുഷ്യരെല്ലാം മനുഷ്യരായി ജീവിക്കണമെന്നും, സാമുദായിക സമരങ്ങളോ സംഘട്ടനങ്ങളോ ഒന്നും ഉണ്ടാകരുതെന്നും ആഗ്രഹിക്കുന്ന ആളുകളായതുകൊണ്ട് ഇത്തരം യാതൊരു നടപടികളും ഉണ്ടാവുകയില്ലെന്നു ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുകയാണ്.

മറെറാന്ന് സർ, ഈ നാട്ടിൽ അക്രമവും അരാജകത്വവും അടിച്ചമർത്തി ജനോപകാരപ്രദമായ നടപടികൾ എടുക്കാൻ ഈ ഗവർമ്മെൻറിനു കഴിഞ്ഞിട്ടുണ്ട്. ശ്രീ. ചാത്തുണ്ണിമാസ്ററർ ഇവിടത്തെ കർഷകരുടെ കഷ്ടപ്പാടിനെപ്പററി പറഞ്ഞു. ഇവിടത്തെ കർഷകജനത ഇന്ന് ഒന്നിച്ചു നിൽക്കുകയാണ്. മുസ്ലിം ലീഗിലുള്ള കർഷകരും, കേരള കോൺഗ്രസിലുള്ള കർഷകരും സി.പി. ഐ.യിലുള്ള കർഷകരും ഇന്ന് ഒന്നിച്ചുനിന്നുകൊണ്ട് ഭൂപരിഷ്ക്കരണ നിയമത്തിന്റെ ആനുകൂല്യങ്ങൾക്കുവേണ്ടി ഒന്നിച്ചുനിൽക്കുയാണ്. അതിനിടയിൽ ഛിദ്രവാസനകളും ചിന്താക്കുഴപ്പങ്ങളും ഉണ്ടാക്കാനുള്ള മാർക്സിസ്ററുപാർട്ടിയുടെ അടവുകൾ നടക്കുന്നില്ല എന്നതാണ് വാസ്തവം.

മറെറാന്ന്, തൊഴിലാളികളുടെകാര്യം സഖാവ് ബാലാനന്ദൻ ഇവിടെ പറഞ്ഞു. തൊഴിലാളികളെ ആക്രമിക്കുന്നു എന്നു പറയുന്ന ബഹു: ബാലാനന്ദൻ കണ്ണൂരിലെ സ്പിന്നിംഗ് മില്ല് തുറന്ന് 900—ത്തോളം തൊഴിലാളികൾക്ക് ജോലികൊടുക്കാൻ ഈ ഗവർമ്മെൻറിനു സാധിച്ചു എന്നതിൽ അഭിനന്ദിക്കുകയാണ് ചെയ്യേണ്ടത്. തൊഴിലാളികളെ ദ്രോഹിക്കുന്നു എന്നു പറയുന്ന ഈ ഗവർമ്മെൻറ് ഗ്രാററുവിററി ഓർഡിനൻസ് ബിൽ കൊണ്ടുവന്നു. ഈ ഗവർമ്മെൻറ് കണ്ണൂർ സ്പിന്നിംഗ്മിൽ തുറന്ന് തൊള്ളായിരത്തോളം തൊഴിലാളികൾക്ക് പണി കൊടുത്തു. ഇക്കാര്യത്തിനുവേണ്ടി ഞാൻതന്നെ മന്ത്രിമാരെയെല്ലാം സമീപിച്ചിട്ടുള്ളതായി അപ്പുറത്തിരിക്കുന്ന മുൻമന്ത്രിമാർക്കൊക്കെ അറിയാം. പക്ഷേ ഈ ഗവർമ്മെൻറു വന്നതുകൊണ്ട് അച്യുതമേനോന്റെ മന്ത്രിസഭ വന്നതുകൊണ്ട് രവീന്ദ്രനെന്ന വ്യവസായമന്ത്രി ഉള്ളതുകൊണ്ട് ആ മിൽ തുറന്നതിൽ ആ നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന ആളെന്ന നിലയിൽ ഞാൻ ഗവർമ്മെൻറിനെ അഭിനന്ദിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. അഹമ്മത്]

മറ്റൊന്നു് ട്രാൻസ്പോർട്ടു് കാർപ്പറേഷന്റെ നിയമനങ്ങൾ പി. എസ്. സി. ക്കു വിട്ടുകൊടുത്തതു് വളരെവളരെ അഭിനന്ദനീയമായ ഒരു കാര്യമാണു്. അതുപോലെതന്നെ മററു പൊതുസ്ഥാപനങ്ങളുടെയും നിയമനങ്ങൾ പി.എസ്. സി. ക്കു് വിട്ടുകൊടുക്കണം. ഈ അവസരത്തിൽ എനിക്കു് ബഹുമാനപ്പെട്ട ഗവർമ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളതു് നമ്മുടെ നാട്ടിലെ പ്ലാനിംഗ്ബോർഡു് റീകാൺസ്ററിററ്യൂട്ടു ചെയ്തു, അത്രയും നല്ലത്. മറ്റൊന്നുകൂടിയുണ്ട്. അത് റീ കാൺസ്ററിററ്യൂട്ട് ചെയ്യണമെന്നു പറയുന്നില്ല. പക്ഷേ അവിടെനടക്കുന്ന നിയമങ്ങളെസംബന്ധിച്ചു് പൊതുജനങ്ങൾക്കു ആക്ഷേപമുണ്ടു്. ലാംഗ്വേജു് ഇൻസ്ററിററ്യൂട്ടു് ചിലർ ചിലരുടെ സ്വന്തംപോലെ നടത്തുന്നു എന്നാണു് ബഹുജനങ്ങളുടെ സംസാരം. ഇതിലെ കാര്യംകൂടി ഗവർമ്മെന്റു ശ്രദ്ധിക്കണം. ചുരുക്കത്തിൽ, ഈ ഗവർമ്മെന്റു ചെയ്ത നല്ല കാര്യങ്ങളുടെ ഒരു നീണ്ട പട്ടികയാണു് ഗവർണ്ണർ അവതരിപ്പിച്ചിട്ടുള്ളതു്. ഗവർണരുടെ പ്രസംഗം കേൾക്കുന്നതു് ഈ സഭയിലുള്ള പല ബഹുമാനപ്പെട്ട മെമ്പർമാർക്കും അരോചകമായതുകൊണ്ടു് ആയിരിക്കാം അവർ അന്നു് കേൾക്കാനോ കേൾപ്പിക്കാനോ സമ്മതിക്കാതിരുന്നതു്. ഏതായാലും സ്വന്തം മുറിയിലോ വീട്ടിലോ ചെന്നിരുന്നു് ഈ പ്രസംഗം ശരിക്കും ഒന്നു വായിച്ചു നോക്കാനുള്ള സൗമനസ്യം കാണിച്ചു എന്നതിന്റെ പ്രതീകമാണു് ഇവിടെ അവതരിപ്പിച്ച ഭേദഗതികൾ. കേൾക്കാത്ത പ്രസംഗത്തിനാണെങ്കിലും വായിച്ച പ്രസംഗത്തിന് ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ടു് എന്നുള്ളതു് സന്തോഷകരമാണു്. നല്ല കാര്യങ്ങൾ ചെയ്യുന്ന ഈ ഗവർമ്മെന്റു് ഇവിടെ ഇനിയുള്ള കാലം കൂടി ഭരിക്കണമെന്നു പ്രത്യാശിച്ചുകൊണ്ടു് അഭിനന്ദനപ്രമേയത്തെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ടു് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എ. വി. കുഞ്ഞമ്പു: സർ, ഗവർണ്ണരുടെ പ്രസംഗത്തിലെ പ്രധാനപ്പെട്ട ഒരു പ്രശ്നം ഞാൻ മുന്നോട്ടുകൊണ്ടുവരികയാണു്. "കേരളത്തിലെ നിയമസമാധാന സ്ഥിതിഗതികളുടെ കാര്യത്തിൽ എന്റെ ഗവർമ്മെന്റു് അപ്പോഴും ശ്രദ്ധ പതിപ്പിക്കുന്നുണ്ടു്. സമരങ്ങളും കാർഷിക തർക്കങ്ങളും, വിദ്യാർത്ഥി പ്രക്ഷോപണങ്ങളും ഉണ്ടായിരുന്നിട്ടുകൂടി വമ്പിച്ച ശല്യങ്ങൾ ഉണ്ടായിട്ടില്ല". ഇതാണു് ഈ പ്രസംഗത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ളതു്. ഈ ഗവർമ്മെന്റു് അധികാരത്തിൽ വന്നുകഴിഞ്ഞതിനുശേഷം ശല്യങ്ങൾ ഉണ്ടായിട്ടില്ല എന്ന പദപ്രയോഗമാണു് ഉപയോഗിച്ചിട്ടുള്ളതു്. ഈ ഗവർമ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം 71—72 ദിവസത്തെ അതിന്റെ ഭരണത്തിനിടയിൽ ഈ കേരളം അതിന്റെ ചരിത്രത്തിൽ ഇതുവരെ കണ്ടിട്ടില്ലാത്ത ദയനീയമായ, മർമ്മഭേദകമായ ഒരു കാഴ്ച കണ്ടുകൊണ്ടിരിക്കുകയാണു്. ഈ സ്റേററിൽ 1957-നുശേഷം ഇന്നുവരെ കണ്ടിട്ടില്ലാത്ത പോലീസ് മർദ്ദനമാണു് നരനായാട്ടാണു് ഈ നാട്ടിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്നതു്. ഈ സ്റേററിലെ പോലീസ് സ്റേഷനുകൾ മുഴുവൻ തന്നെയും അങ്ങേയററത്തെ ലോക്കപ്പു് മർദ്ദനത്തിന്റെ കേന്ദ്രങ്ങളാണു്. ഈ രാജ്യത്തെ പാവപ്പെട്ട ആളുകളെ കണ്ടമാനം കയറി അടിച്ചു് അവരെ മുഴുവനും ആക്രമിച്ചു് ലാത്തികൊണ്ടു്തല്ലി എല്ലൊടിച്ചു് വെടിവെയ്പുകൊണ്ടു് ഭരിച്ചു് മാംസം തെറിച്ചു് ചോരതളം കെട്ടിനിൽക്കുന്ന ഭീകരമായ കാഴ്ചയാണു് കേരളത്തിൽ കാണാനുള്ളതു്. 72 ദിവസത്തെ ഭരണത്തിനിടയ്ക്കു് ഏകദേശം 16—ഓളം പേർ അവരുടെ ജീവനെ എന്നന്നേക്കുമായി ബലിയർപ്പിച്ചിരിക്കുകയാണു്. ആയിരക്കണക്കായ ആളുകൾ അങ്ങേയററത്തെ പരിക്കുകൾ പററി രോഗശയ്യയിൽ കിടക്കുകയാണു്. പതിനായിരക്കണക്കിനാളുകളുടെ പേരിൽ കള്ളക്കേസുകളുണ്ടാക്കി രാജ്യം മുഴുവനുംതന്നെയും അതിന്റെപേരിൽ നിത്യേന എന്നോണം വമ്പിച്ച നരനായാട്ടു് നടത്തികൊണ്ടിരിക്കുകയാണു്. ഇവിടെയാകെ നടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിഗതികൾ വച്ചുനോക്കിയാൽ തീർച്ചയായിട്ടും പ്രഖ്യാപിക്കപ്പെടാത്ത കാട്ടാള ഭരണം ഈ കേരളസ്റ്റേറ്റിൽ നടമാടുകയാണ്. പ്രഖ്യാപിക്കപ്പെടാത്ത പട്ടാള ഭരണമാണ് ഇവിടെ നടക്കുന്നത്. സി. ആർ. പി. യുടെ അർത്ഥം പട്ടാള സ്വഭാവത്തോടുകൂടിയതാണെന്നാണ്. പട്ടാള സ്വഭാവത്തോടുകൂടിയ സി. ആർ. പി. യുടെ ഭരണം കേരളാസ്റ്റേറ്റിൽ ഇന്ന് പാറശാല മുതൽ കാസർകോടുവരെ അഴിഞ്ഞാട്ടം നടത്തിക്കൊണ്ടിരിക്കുകയാണ്. അവർ കണ്ടമാനം ഓരോ വീടുകളിലും കയറി നടത്തുന്ന ക്രൂരത തീർച്ചയായും വർണ്ണിക്കത്തക്കതല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നു കഴിഞ്ഞതിനുശേഷം പല മർദ്ദനങ്ങളും നടത്തി. ഈ രാജ്യത്തെ ഹരിപ്പാട് എന്ന് പറയുന്ന സ്ഥലത്ത് ഒരു കർഷകത്തൊഴിലാളി കുട്ടി എന്ന സ്ത്രീയെ കേരളാ കോൺഗ്രസിന്റെ ആൾക്കാർ കൊലപ്പെടുത്തി. അതിനുശേഷം ആലുവായിലെ പൊന്നു നായർ എന്ന് വിളിക്കുന്ന പ്രഭാകരൻ നായരെ കൊല ചെയ്യുകയുണ്ടായി. ആൻറണി രാജുവിനെ പീരുമേട് താലൂക്കിൽ കൊലചെയ്യുകയുണ്ടായി. അതിനുശേഷം നടന്നിട്ടുള്ള പാറായിലെ അതിദയനീയ സംഭവങ്ങൾ എന്റെ പല സ്നേഹിതൻമാരും ഇവിടെ വ്യക്തമാക്കുകയുണ്ടായി. ഇങ്ങനെ ജനങ്ങൾ പോലീസിന്റെ നരനായാട്ടിനെ നേരിടുകയാണ്. അവരുടെ അവകാശങ്ങൾ അവരുടെ ബുദ്ധിമുട്ടുകൾ, അവരുടെ കഷ്ടപ്പാടുകൾ പറയാനുള്ള അവസരമില്ല. ആ അവസരത്തിലാണ് അസംബ്ലി വിളിച്ചു കൂട്ടിയാൽ അസംബ്ലിയിൽവച്ച് എങ്കിലും ഇതുപോലുള്ള മർദ്ദനങ്ങളെ സംബന്ധിച്ച് പറയാമായിരുന്നു. മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്താൻ കഴിയുമായിരുന്നു. അസംബ്ലി വിളിച്ചു കൂട്ടാതെ നീണ്ട 69 ദിവസം കഴിഞ്ഞിട്ടുണ്ട്. അതിനകത്തുതന്നെ അവർ കൊലകൾ മുഴുവനും ചെയ്തു. അർദ്ധ പട്ടാള സ്വഭാവമുള്ള കേന്ദ്ര റിസർവ്വ് പോലീസിനെ നിയോഗിച്ച് മർദ്ദനം നടത്തി. ഡിസംബർ 1–ാം തീയതിയെ സംബന്ധിച്ച് ഞാൻ പറയുകയാണ്. അസംബ്ലി വിളിച്ചു കൂട്ടണമെന്ന് പറഞ്ഞ് ഡിസംബർ ഒന്നാം തീയതി പിക്കറ്റിംഗ് നടത്തി. ഡിസംബർ 1–ാം തീയതി കോഴിക്കോട്ട് പിക്കററു ചെയ്തവരെ ക്രൂരമായ നരനായാട്ടാണ് നടത്തിയത്. കോഴിക്കോട്ട് നഗരം ഇതിന് മുമ്പ് കണ്ടിട്ടില്ലാത്തവിധം മർദ്ദനമാണ് അവിടെ നടന്നത്. പാലക്കാട്ടും കോഴിക്കോട്ടും വെടിവയ്പ് നടത്തി. നാലു ജീവനെ അപഹരിച്ചു. 1930 മുതൽ കോഴിക്കോട്ട് നഗരത്തിൽ ഒരു കോൺഗ്രസ് പ്രവർത്തകനെന്ന നിലയ്ക്കു പിന്നീടുള്ള പ്രവർത്തനങ്ങളിലും പല സമരങ്ങളിലും പങ്കെടുത്തിട്ടുള്ളവനാണ് ഞാൻ. എന്റെ അനുഭവത്തിൽ കോഴിക്കോട്ടു നഗരം കണ്ടിട്ടില്ലാത്ത ഒരു മർദ്ദനമാണ് ഈ കഴിഞ്ഞ ഡിസംബർ ഒന്നാം തീയതി അവിടെ നടന്നത്. അവിടെ Superintendent–ന്റെ ലാത്തിച്ചാർജ് ഉണ്ടായിരുന്നു. വെള്ളക്കാരും കോൺഗ്രസ്കാരും നടത്തിയിട്ടുള്ള മർദ്ദനങ്ങൾ കണ്ടിട്ടുണ്ട്. അന്നും സത്യാഗ്രഹങ്ങളും സമരങ്ങളും ചെയ്യുന്ന കോൺഗ്രസ്കാരായ ഞങ്ങളെ നേരിടാൻവേണ്ടി പോലീസ് മർദ്ദനങ്ങൾ അഴിച്ചുവിട്ടിരുന്നു. അതിനെയെല്ലാം കവച്ചുവയ്ക്കുന്നവിധത്തിലുള്ളതായിരുന്നു ഡിസംബർ ഒന്നാം തീയതി കോഴിക്കോട്ട് നടന്ന പോലീസ് മർദ്ദനം . ഇതിനെല്ലാം നിയമങ്ങളില്ലേ? ഈ അസംബ്ലിയിൽത്തന്നെ അഡ്വക്കേററ് ജനറൽ വന്നിരുന്നിട്ടില്ലേ. സർവ്വകലാശാലാ ബിൽ ഈ സഭയിൽ അവതരിപ്പിച്ച്, ഗൗരവപൂർവ്വം ചർച്ച ചെയ്തു. അങ്ങനെ ആ ബിൽ പാസാക്കി. ആ ബില്ലിന്റെ വകുപ്പുകൾക്കെതിരായി പ്രൈവററ് കോളേജ് ഉടമസ്ഥർ ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്ത അവസരത്തിൽ ചില വകുപ്പുകൾ സ്റ്റേ സ്വാഭാവികമായും വിദ്ധ്യാർത്ഥികൾ അതിനെതിരായി പ്രതിക്ഷേധ പ്രകടനങ്ങൾ നടത്തി. നവംബർ 21–ാം തീയതി എന്റെ ജില്ലയിൽ തലശ്ശേരിയിൽ പന്ത്രണ്ടും പതിനഞ്ചും വയസായ കുട്ടികൾ ഈ വിധത്തിലുള്ള പ്രതിക്ഷേധം രേഖപ്പെടുത്തിയ അവസരത്തിൽ, കോടതി വളപ്പിൽ പ്രകടനം നടത്തിയ അവസരത്തിൽ, എത്ര

LIBRARY ARCHIVES Kerala Legislative Assembly

ക്രൂരമായ മർദ്ദനമാണ് നടത്തിയത്? എന്തക്രമം ആ പിഞ്ചു കുഞ്ഞുങ്ങൾ കാണിച്ചിട്ടാണ് മർദ്ദനം നടത്തിയത്. എത്ര ക്രൂരമായ മർദ്ദനമാണ് അവിടെ ഉണ്ടായത്. എന്താണ് പതിനഞ്ചും, പന്ത്രണ്ടും വയസായ പാവപ്പെട്ട കൊച്ചു കുഞ്ഞുങ്ങൾ ചെയ്തത്. തലശ്ശേരി കോടതി വളപ്പിൽ കയറി അവിടെ പോലീസ് കടന്ന് ലാത്തിച്ചാർജ്ജ് നടത്തിയപ്പോൾ ലാത്തിച്ചാർജ്ജിൽ നിന്നും രക്ഷ കിട്ടാതെ കണ്ട് പിഞ്ചു കുഞ്ഞുങ്ങൾ അറബിക്കടലിലെ ഓളം വെട്ടുന്ന തിരമാലകളിൽ പാവപ്പെട്ട വിദ്യാർത്ഥികൾ ചാടി. കടലമ്മ കനിഞ്ഞു. കടലമ്മയ്ക്ക് ഇഷ്ടമില്ല ആ കുഞ്ഞുങ്ങളെ കൊല്ലാൻ. കടലമ്മ ആ കുഞ്ഞുങ്ങളെ തട്ടി കരയിലേയ്ക്ക് അടുപ്പിച്ചപ്പോൾ സി. ആർ. പി. ക്കാർ പോക്കററിൽ സൂക്ഷിച്ചുവച്ചിരുന്ന കല്ലുകൊണ്ട് പൊങ്ങി വരുന്ന കുഞ്ഞുങ്ങളെ എറിഞ്ഞ് വീണ്ടും കടലിൽ ആഴ്ത്തുകയാണ് ചെയ്തിട്ടുള്ളത്. ഇത്രയും പൈശാചികമായ നടപടി, ക്രൂരമായ നടപടി അതും കുഞ്ഞുങ്ങളോട് കാണിക്കുന്നത് നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ ഏതെങ്കിലും പാർട്ടി ഭരണം നടത്തുന്നകാലത്തുണ്ടായിട്ടുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. സർ, തലശ്ശേരിയിൽ ക്രൂരമായ മർദ്ദനം നടത്തി. സെക്കണ്ടറി സ്കൂൾവരെ ഫീസ് വേണ്ടെന്നുവച്ചു. പക്ഷേ എക്സാമിനേഷൻ ഫീസ് വേണം. എക്സാമിനേഷൻ ഫീസിൽനിന്നും ഒഴിവാക്കണമെന്ന് പറഞ്ഞു കൊണ്ട് കുട്ടികൾ പ്രക്ഷോഭണം നടത്തി. അതിന് അവരുടെ നേരേ പോലീസ് ആക്രമണം നടത്തി. കരിവള്ളൂരിലും കല്ലിശ്ശേരിയിലും കണ്ണപുരത്തും എല്ലാം സി. ആർ. പി.ക്കാർ പൈശാചികമായ നിലയിൽ ലാത്തിച്ചാർജ്ജ് നടത്തി. കണ്ണപുരം സംഭവത്തെപ്പററി ശ്രീ. ഇ. അഹമ്മദ് പർവ്വതീകരിച്ചു പറയുന്നത് കേട്ടു. അവിടെയുണ്ടായ സംഭവത്തെ സംബന്ധിച്ച് അദ്ദേഹം കവിതാപൂർവ്വം ഇവിടെ ഒരു ചിത്രം വരച്ചു കാണിക്കുകയുണ്ടായി. പോലീസ് അവിടെ പോയതിനെപ്പററിയോ അന്വേഷണംനടത്തിയതിനേപ്പററിയോ തീർച്ചയായിട്ടും ഞാൻ അനുകൂലിക്കുന്നു എന്നല്ല അതിന്റെ അർത്ഥം. പക്ഷേ ഇവിടെ സംഭവിച്ചതെന്താണ്. ചെറുകുന്ന് ഹൈസ്കൂളിലുള്ള പിഞ്ചു കുഞ്ഞുങ്ങളെ സ്കൂൾ കാമ്പൗണ്ടിൽ കടന്നുചെന്ന് പോലീസുകാർ മൃഗീയമായി മർദ്ദിച്ചു. അതുകണ്ടിട്ട് നാട്ടുകാർക്ക് ക്ഷോഭംവന്നു. സി. ആർ. പി. ക്കാർ കടന്നുചെന്ന് പാവപ്പെട്ട പിഞ്ചുകുഞ്ഞുങ്ങളെ മർദ്ദിക്കുന്നത് കണ്ട് ക്ഷുഭിതരായ ജനങ്ങൾ അത് ചെയ്യരുതെന്ന് പറഞ്ഞു. പോലീസ് തൽക്കാലം പിൻമാറി. ജനങ്ങൾ വിചാരിച്ചു മർദ്ദനം അവസാനിച്ചുവെന്ന്. ഉടൻതന്നെ രണ്ട് വലിയവാൻ സി. ആർ. പി. ക്കാർ കണ്ണപുരം ടൌണിൽ വരികയും അവിടുത്തെ ജനങ്ങളെ മുഴുവൻ ക്രൂരമായ നിലയിൽ, പൈശാചികമായ നിലയിൽ വീട്ടിൽ കയറിയും കടകളിൽ കയറിയും അടിച്ച് നിലം പരിശാക്കുകയാണ്, ചെയ്തിട്ടുള്ളത്. ചോര ചിന്തുകയാണ് കണ്ണപുരത്ത് ചെയ്തിട്ടുള്ളത്. ഇങ്ങനെയുള്ള മർദ്ദനങ്ങളുടെ ഫലമായി അവിടെയുള്ള ജനങ്ങൾക്ക് അരിശം മൂത്ത് അങ്ങേയററം രോഷം കൊണ്ട് ചിലത് ചെയ്തു. ഞങ്ങൾ അത് ശരിവയ്ക്കുകയല്ല. എത്രതന്നെ രോഷമുണ്ടായാലും അങ്ങനെ ചെയ്യരുതെന്നാണ് ഞങ്ങളുടെ നിലപാട്. ഞങ്ങളുടെ പാർട്ടിയുടെ ലോക്കൽകമ്മിററിയും ഡിസ്ട്രിക്ററ് കമ്മിററിയും സ്റേററ്കമ്മിററിയും അത് ശരിയല്ല എന്ന് പറഞ്ഞുകൊണ്ട് എല്ലാപേരും അറിയത്തക്ക രീതിയിൽ ആക്ഷേപിക്കുകയുണ്ടായി. പക്ഷേ സംഭവിക്കേണ്ടത് സംഭവിച്ചു. ഞങ്ങളുടെ സംഘടനാ സ്വാതന്ത്ര്യത്തേയും എതിർക്കാൻതുടങ്ങി. ശ്രീ.അച്ചുതമേനോൻ ഇന്ന് മുഖ്യമന്ത്രിയാണ്. അദ്ദേഹം അടക്കമുള്ള കമ്മ്യൂണിസ്ററ് പാർട്ടി കഴിഞ്ഞ എത്രയോ കൊല്ലക്കാലമായി ഇന്നാട്ടിൽ വോളണ്ടിയർമാരെ പരിശീലനം നടത്തിയിട്ടില്ലേ? ആയിരക്കണക്കിന് ആളുകൾക്ക് വോളണ്ടിയർ പരിശീലനം കൊടുത്തിട്ടില്ലേ? ദൈനംദിന പ്രവർത്തനങ്ങൾക്കുവേണ്ടി വോളണ്ടിയർമാരെ ഉപയോഗിച്ചിട്ടില്ലേ? ഞങ്ങൾ, മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി വാളൻറിയർമാർക്ക് കണ്ണൂർ ജില്ലയിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പല കേന്ദ്രങ്ങളിലുംവച്ച് പരിശീലനം കൊടുക്കുകയാണ്. അങ്ങനെ നാട്ടുകാരുടെ നടുവിൽ എല്ലാ ആളുകളിൽനിന്നും പിരിവെടുത്തു. തലപ്പള്ളി എന്ന് പറയുന്ന ഒരു സ്ഥലത്ത് ഒരു പരിശീലന ക്യാമ്പ് കഴിഞ്ഞ ഡിസംബർ 17–ാം തീയതി ആരംഭിച്ചു. 23–ാം തീയതി ആയപ്പോഴേക്കും അവിടെയുള്ള വില്ലേജ് അസിസ്റ്റന്റ് പോയി സർക്കിൾ ഇൻസ്പെക്ടർക്ക് റിപ്പോർട്ട് ചെയ്തു. സർക്കിൾ ഇൻസ്പെക്ടറും ഈ ഗവൺമെൻറും കൂടിയാലോചിച്ചു. ആ ഗൂഡാലോചനയുടെ ഫലമായി പ്രസ്തുത വോളൻറിയർ ക്യാമ്പ് ഡിസംബർ 23–ാംതീയതി രാവിലെ അഞ്ചുമണിക്ക് ആക്രമിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നിട്ട് രാമൻ മണിയാണി എന്നുപറയുന്ന ഒരാളിന്റെ പക്കൽനിന്നും കൈത്തോക്ക് പിടിച്ചെടുത്തു. ഞങ്ങളുടെ വടക്കൻ ഭാഗത്ത് ഗുളികൻ എന്നു പറയുന്ന ഒരു ദൈവമുണ്ട്. അതിൽ വിശ്വസിക്കുന്ന പാവപ്പെട്ട ഹിന്ദുക്കളുമുണ്ട്. അവരുടെ വീട്ടിൽ നിന്നും ഗുളികൻ ദൈവത്തിന്റെ ആയുധമായ ഈ ശൂലങ്ങൾ മുഴുവൻ വാരിയെടുത്തുകൊണ്ടുവന്ന് ഞങ്ങളുടെ ക്യാമ്പിലിട്ട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ശൂലം ഉപയോഗിച്ച് ആക്രമണം നടത്തുന്നു എന്ന് പറഞ്ഞുകൊണ്ടാണ് ഞങ്ങളുടെ സംഘടനാ സ്വാതന്ത്ര്യത്തിന് നേരെ ആക്രമണം ആരംഭിച്ചിരിക്കുന്നത്. ഇതിന്റെപേരിലാണ് ഞങ്ങളുടെ സംഘടനാ പ്രവർത്തനങ്ങൾ നടത്താനുള്ള വാളണ്ടിയർ ക്യാമ്പ് ആക്രമിച്ചിട്ടുള്ളത്. എന്നാൽ കാഞ്ഞങ്ങാട്ടും പരിസരങ്ങളിലും പലതരം മാരകായുധങ്ങളുമുപയോഗിച്ചുകൊണ്ട് മുസ്ലീം ലീഗിന്റെ വാളൻറിയർ സേന പരിശീലനം നടത്തുന്നുണ്ട്. അതുപോലെതന്നെ ജനസംഘത്തിന്റെ പരിശീലനവും നടത്തുന്നുണ്ട്. കാസർകോടും മററും അതൊന്നും കാണാതെ, അതിന്റെ നേരെ ഒരൊററ കൈവിരൽപോലും അനക്കാതെസമാധാനപരമായി വോളൻറിയർ പരിശീലനം നടത്തുന്ന അവസരത്തിലാണ് സർ, ഞങ്ങളുടെ പാർട്ടി ക്യാമ്പ് ആക്രമിച്ചിട്ടുള്ളത്. വോളൻറിയർ ക്യാമ്പ് ആക്രമിക്കുന്ന അതേയവസരത്തിൽതന്നെ ഞങ്ങളുടെ പ്രധാനപ്പെട്ട രണ്ട് പ്രവർത്തകരേയും ഗോവർണ്ണപൂജാരി, കൃഷ്ണ ഷെട്ടി, എന്നിവരെ വെടിവച്ചു സർ. നിയമം പരിരക്ഷിക്കണം പോലും. നിയമം പരിരക്ഷിക്കുവാൻ ലോക്കപ്പ് മർദ്ദനങ്ങൾ വേണം. ക്രമസമാധാനപാലനത്തിന് ലോക്കപ്പ് മർദ്ദനങ്ങൾ വേണം. എന്റെ സ്നേഹിതൻ ശ്രീ. ഇ. അഹമ്മദിനോട് ഞാൻ ചോദിക്കുകയാണ് ഞങ്ങളുടെ പ്രവർത്തകൻമാരെ വെടിവച്ചു. ഗോവർണ്ണ പൂജാരിയേയും ശ്രീ. കൃഷ്ണ ഷെട്ടിയേയും വെടിവച്ച ജൻമിമാരെ നിങ്ങളുടെ പോലീസ് എന്തെങ്കിലും ചെയ്തോ എന്ന്. ഇതെല്ലാം കഴിഞ്ഞതിനു ശേഷം ഇപ്പോൾ പറയുന്നതെന്താണെന്നറിയാമോ? ഇപ്പോൾ മുസ്ലീം ലീഗിന്റെ അനിഷേധ്യ നേതാവായ ബാഫക്കിതങ്ങൾ പറയുന്നത് "നിയമ സമാധാന പാലനത്തിന് പോലീസിനോടൊപ്പം ലീഗുകാരും ഉണ്ടായിരിക്കും." എന്നാണ്. നിയമ സമാധാനത്തിന് പോലീസുകാരോടൊപ്പം ലീഗുകാരു. എന്തിന്? അങ്ങനെ ഒരു ധാരണയുണ്ട്. ഇത് കേരളകൗമുദി പത്രത്തിൽ വന്നിട്ടുള്ള തങ്ങളുടെ പ്രസംഗമാണ്.

<u>ശ്രീ. ഇ. അഹമ്മദ്:</u> സർ, പോയിൻറ് ഓഫ് ആർഡർ.

<u>ശ്രീ. എ. വി. കുഞ്ഞമ്പു:</u> ഞാൻ വഴങ്ങുന്നില്ല.

(ബഹളം)

<u>ശ്രീ. ഇ. അഹമ്മദ്:</u> ഞാൻ പോയിൻറ് ഓഫ് ആർഡർ റെയിസ് ചെയ്തിരിക്കുകയാണ്.

<u>ചെയർമാൻ:</u> ഓർഡർ, ഓർഡർ. പോയിൻറ് ഓഫ് ഓർഡർ റെയിസു ചെയ്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: ഒരു പാർട്ടിയിലെ പ്രധാനപ്പെട്ട നേതാവ് ചെയ്ത പ്രസ്താവന പത്രത്തിൽനിന്നും വായിക്കുമ്പോൾ അതിലെ ഒരു വാചകം മാത്രം വളച്ചൊടിച്ച് സഭയിൽ പറയുന്നത് ഓർഡറിലാണോ?

(ബഹളം)

ചെയർമാൻ: ഉദ്ധരിക്കുന്നത് അർദ്ധോധരണികൾ അത്ര ശരിയായിരിക്കുകയില്ല. കഴിയുന്നത്ര അർത്ഥവത്തായിരിക്കണം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: മറുപടി പറയുമ്പോൾ ബാക്കികൂടി വേണമെങ്കിൽ ഉദ്ധരിക്കാമല്ലോ.

ശ്രീ. എ. വി. കുഞ്ഞമ്പു: ശ്രീ ബാഫക്കിത്തങ്ങൾ പറഞ്ഞത് പതിനായിരക്കണക്കിനുള്ള, ഒരു പക്ഷേ ശ്രീ. അഹമ്മദിന്റെ ഭാഷയിൽ ലക്ഷക്കണക്കിനുള്ള അനുയായികൾ അദ്ദേഹത്തിന്റെ വാചകം സ്വീകരിച്ചു ഈ ആവേശം ഉൾക്കൊണ്ട്കൊണ്ട് പ്രവർത്തിക്കുന്നുണ്ടെന്നെനിക്കറിയാം. അതുകൊണ്ടാണ് ഞാൻ ഈ പ്രശ്നം കൊണ്ടുവരുന്നത്. ഞാൻ ചോദിക്കുകയാണ്, നിലമ്പൂരിൽവച്ച് ആഭ്യന്തരകാര്യമന്ത്രിയുടെ ഉഗ്രപ്രതാപവാനായ ആഭ്യന്തരമന്ത്രി മുമ്പിൽവച്ച് തന്റെ ആജ്ഞ അനുസരിച്ച് പാവപ്പെട്ടവനായ, ബാർബർ തൊഴിലാളിയായ ഒരു പൌലോസിനെ മുസ്ലീം ലീഗ് വാളണ്ടിയർമാർ കുത്തിക്കൊലപ്പെടുത്തിയില്ലേ? ചോര ചീറിയില്ലേ? തീർച്ചയായും അതിന്റെ പ്രത്യാഘാതങ്ങളുണ്ടാകും. കണ്ണപുരം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി. വി. കുഞ്ഞമ്പുവിനെ അങ്ങേയററം മർദ്ദിച്ചത് ലീഗ്‌വാളണ്ടിയർമാരാണ്. ഞങ്ങളുടെഒരു കുടികിടപ്പുകാരനെ കണ്ണനെന്നു പറയുന്ന പാവപ്പെട്ടവനെ അറസ്ററ് ചെയ്ത് പഴയങ്ങാടി പോലീസ് സ്റേറഷനിൽ കൊണ്ടുപോയി. പോലീസിനെ മുസ്ലീം ലീഗ് വോളണ്ടിയർമാർ സഹായിക്കണമെന്ന ബാഫക്കിത്തങ്ങളുടെ ആഹ്വാനം അനുസരിച്ചു. ഈ രാജ്യത്തുണ്ടാകാൻ പോകുന്നതെന്താണ്. ഞങ്ങൾക്ക് ഇതിനെപ്പററി പേടിയൊന്നുമില്ല.

(ബഹളം)

ഇങ്ങനെയായാൽ ഈ രാജ്യത്ത് ഉണ്ടാകാൻ പോകുന്നത് എന്താണ് സർ? ഞങ്ങൾക്ക് അതിൽ പേടിയില്ല. ഞങ്ങൾ ഇതിന്മുമ്പ് പലതിനേയും നേരിട്ടവരാണ്. ഏററവും ശക്തിയായി 1948—ൽ പോലീസിനോടൊപ്പം പൊരുതിയ ഞങ്ങളുടെ അമ്മപെങ്ങൻമാരെ അവരുടെ മാനാഭിമാനത്തെ ഉപദ്രവിച്ചിട്ടും കൊലചെയ്തിട്ടും അതിനെയെല്ലാം അതിജീവിച്ചവരാണ് ഞങ്ങൾ. ഭയങ്കരമായ അഗ്നി പരീക്ഷയിൽക്കൂടിയാണ് ഞങ്ങൾ കടന്നുവന്നതെന്ന കാര്യം അച്ചുതമേനോനും ഓർമ്മയുണ്ട്. ഇന്ന് അദ്ദേഹത്തിന് ഓർമ്മയുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. അന്നത്തെ അച്ചുതമേനോന് ഓർമ്മയുണ്ടാകും. ശ്രീ. എം. എൻ. ഗോവിന്ദൻ നായർക്കും ഓർമ്മയുണ്ടാകണം. അതിനെയെല്ലാം അതിജീവിച്ചാണ് ഞങ്ങൾ വന്നിട്ടുള്ളത്. അതുകൊണ്ട് ബാഫക്കിതങ്ങളുടെ ആഹ്വാനം കേട്ടുകൊണ്ട് മുസ്ലീം ലീഗ് രംഗത്തുവന്നാൽ ഞങ്ങൾ ഒളിച്ചുപോകുമെന്നുള്ള, ഞങ്ങൾ തകർന്നുപോകും, ആ ഭയമൊന്നും ഞങ്ങൾക്കില്ല. അതിനെ നേരിടാൻ ഞങ്ങളുടെ കഴിവിന്റെ പരമാവധി ഞങ്ങൾ തയാറായിരിക്കും. സർ, ഒക്ടോബർ 17—ാം തീയതി 11 മണിക്ക് ഈ അസംബ്ലി പാസാക്കിയതെന്ത്? രാഷ്ട്രപതിയുടെ അംഗീകാരം നേടിയ ഒരു ബിൽ, ജാനുവരി ഒന്നാം തീയതി മുതൽ പൂർണ്ണമായും നടപ്പിലാകണമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത് ഭൂപരിഷ്കരണ നിയമം അല്ലേ സാർ? അതനുസരിച്ച് കുടികിടപ്പുകാരന് പത്ത്സെൻറ് അവകാശപ്പെട്ടതല്ലേ? അവൻ പത്ത് സെൻറ് എന്റേതാണെന്നു വളച്ചുകെട്ടിയാൽ അതിന്റെ ഉടമാവകാശി ഞാനാണെന്നു പറഞ്ഞാൽ അവനെ സംരക്ഷിക്കുന്ന

തിനുപകരം പോലീസിനെക്കൊണ്ട് മർദ്ദിച്ചു, സി. ആർ. പി. കാരെക്കൊണ്ട് കുടികത്തിച്ച് മർദ്ദിച്ച് അടിച്ചുചതയ്ക്കുകയല്ലേ ചെയ്തിട്ടുള്ളത്? പാവനമായ മാക്സിസം ലെനിനിസത്തിൽ അന്തർപ്രചോദിതനായി ഒരു കാലത്ത് അധ്വാനിക്കുന്ന വർഗ്ഗത്തിന്റെ കൂടിനിന്ന് അവരുടെ സമരങ്ങൾ സംഘടിപ്പിക്കുകയും സമരം നയിക്കുകയും ചെയ്തിട്ടുള്ള ശ്രീ. അച്ചുതമേനോൻ ഇന്ന് ഈ രാജ്യത്തെ ആളുകളെ കൊലചെയ്ത ആരാച്ചാരുടെ വേഷത്തിലാണ്. ഒരു തിരഞ്ഞെടുക്കപ്പെട്ട മുഖ്യമന്ത്രി ഇരിക്കേണ്ട സ്ഥാനത്ത് ഇന്ന് ആരാണ് സർ ഇരിക്കുന്നത്? കുട്ടിയുടെ ചോര, സുകുമാരന്റെ ചോര, ആൻറണി രാജന്റെ ചോര, തിലകപ്പന്റെ ചോര, ഇടതുപക്ഷ കമ്മ്യൂണിസ്ററ് പാർട്ടി സഖാക്കളുടെ ചോര, ഈ രാജ്യത്തെ അദ്ധ്വാനിക്കുന്നവരുടെ ചോര, ഈ ചോരകളുടെയെല്ലാം തീപ്പന്തമെടുത്ത് ഒരു ഭീകരനെപ്പോലെ ചോരയണിഞ്ഞ് ഇവിടെ നിൽക്കുകയാണ്. ചോരയുടെ ദാഹമാണ് നിങ്ങൾക്ക്.

മി. ചെയർമാൻ: അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. എ. വി. കുഞ്ഞമ്പു: അതുകൊണ്ട് ഈ ഗവൺമെൻറിന് നിലനിൽക്കാൻ അർഹതയില്ല. ഇതിനാണോ നിങ്ങൾ കുരുക്ഷേത്രത്തിലേക്ക് വിളിച്ചത്? നിങ്ങൾ കുരുക്ഷേത്രത്തിലേക്ക് വരണം, ഇവിടെ ഇരിക്കാൻ അർഹതയില്ല.

ശ്രീ. ജെ. കമാലിയാസ് മൊറായിസ്: സർ, ഗവർണറുടെ പ്രസംഗത്തിന് ഞാൻ അവതരിപ്പിച്ച ഭേദഗതി ഇതാണ്:

"ഗവർണറുടെ പ്രസംഗത്തിൽ ഈ സ്റേററിലെ ലക്ഷോപലക്ഷം മൽസ്യ ബന്ധനക്കാരുടെ ദയനീയ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ഗവൺമെൻറ് ആവിഷ്ക്കരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് പരാമർശിക്കാത്തതിൽ ഖേദം രേഖപ്പെടുത്തുന്നു".

സർ, ബഹുമാനപ്പെട്ട ഗവർണർ അവർകളുടെ പ്രസംഗം ഞാൻ കേട്ടപ്പോൾ എനിക്ക് വളരെ നിരാശയാണുണ്ടായത്. ഈ പ്രസംഗത്തിൽനിന്നും മനസ്സിലാകുന്നത്, അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നും മനസ്സിലാകുന്നത്, ഇനി അടുത്തുവരുന്ന നാലു വർഷത്തേക്ക് കമ്മി ബഡ്ജററായിരിക്കുമെന്നുള്ളതാണ്. ഈ കമ്മി ബഡ്ജററ് നികഴ്ത്തണമെങ്കിൽ നമ്മൾ പലതരത്തിലുള്ള നികുതി പുതുതായിട്ട് കൊണ്ടുവരേണ്ടിയിരിക്കുന്നു. നികുതി പുതുതായിട്ട് കൊണ്ടുവരുമ്പോൾ സാധാരണക്കാരന്റെ പുറത്തുതന്നെയാണ് ആ നികുതി ഭാരം വന്ന് തങ്ങുന്നത്. ഗവൺമെൻറ് ചെലവുചുരുക്കുന്നതിന് വേണ്ടിയുള്ള ചില പദ്ധതികളെപ്പററി പറയുന്നുണ്ടെങ്കിലും അത് കാര്യമായി നടപ്പിലാക്കാൻ ഈ ഗവൺമെൻറ് തയാറായിട്ടുണ്ടോ എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഐക്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്നതിന്ശേഷം 26 കോടി രൂപാ ഗവൺമെൻറുദ്യോഗസ്ഥന്മാർക്ക് വേണ്ടി ഓരോ വർഷവും കൂടുതലായി ചെലവാക്കുന്നു എന്നുള്ള കാര്യം ഗവർണറുടെ പ്രസംഗത്തിൽതന്നെ എടുത്ത് പറഞ്ഞിട്ടുണ്ട്. പുതിയ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഒരുകോടി നാൽപ്പതുലക്ഷം രൂപാ ഈ ഗവൺമെൻറുദ്യോഗസ്ഥൻമാർക്ക്വേണ്ടി ക്ഷാമബത്തയും മററു തരത്തിലുമുള്ള ആനുകൂല്യങ്ങൾക്കായി ചെലവാക്കുകയുണ്ടായി. പക്ഷെ ഇത് ചെലവാക്കുമ്പോൾ അവർ തൊഴിലാളികളുടെ കാര്യത്തിൽ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനത്തിനുവേണ്ടി എന്തുചെയ്യാൻ പോകുന്നു എന്ന സംഗതി അവർ വിസ്മരിച്ചിരിക്കുകയാണ്, സർ. ഈ രാജ്യത്തെ തൊഴിലാളികൾക്കുവേണ്ടി ഐക്യമുന്നണി ഗവൺമെൻറ് യാതൊന്നും ചെയ്യുന്നി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ കാര്യത്തിൽ ഇന്നും ഓരോ മൽസ്യോൽപ്പാദന സഹകരണ സംഘങ്ങളും പണക്കാർക്ക് അല്ലെങ്കിൽ ഇടത്തട്ടുകാർക്ക് അല്ലെങ്കിൽ മദ്ധ്യവർത്തികൾക്ക് ഇന്നും കടപ്പെട്ടിരിക്കുകയാണ്. അവർക്ക് ബോട്ട് ഗവൺമെൻറിൽനിന്നും കൊടുക്കുകയാണെങ്കിൽപോലും മററുപകരണങ്ങൾ മുതലാളിമാരിൽനിന്നും കടം വാങ്ങിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് അവർക്ക് കിട്ടുന്നതായ പണം കൊണ്ട് അവർക്ക് ആവശ്യമായ സാമഗ്രികൾ വാങ്ങിക്കുകയാണ്. അവർ പിടിക്കുന്നതായ മൽസ്യം മദ്ധ്യവർത്തികൾ പറയുന്ന വിലയ്ക്ക് കൊടുക്കേണ്ടതായി വരുന്നു എന്നുള്ള കാര്യം ഡിപ്പാർട്ടുമെൻറും ഗവൺമെൻറും ഓർക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ കാരണത്താൽ അവർക്ക് ശരിയായ വില കിട്ടാത്തതായ ഒരു പരിതസ്ഥിതിയും വന്നുചേർന്നിരിക്കുകയാണ്.

സർ, ഇന്ന് മൽസ്യ ബന്ധനക്കാരിൽ 75–80 ശതമാനവും അക്ഷരാഭ്യാസമില്ലാത്തവരാണ്. അവർക്ക് സാക്ഷരത്വമുണ്ടാക്കാൻ അവർക്ക് പഠിക്കാൻ എന്തു പദ്ധതിയാണ് ഈ ഗവൺമെൻറിന്റെ മുമ്പിലുള്ളത്? ഹൈസ്ക്കൂളുകളിലും കോളേജുകളിലും പോസ്ററ് ഗ്രാഡുവേററ് കോഴ്സുകൾക്കും പഠിക്കുന്നവർക്ക് കൊടുക്കുന്നതിനെങ്കിലും ഒരു സ്ക്കാളർഷിപ്പ് പദ്ധതി ഗവൺമെൻറിനുണ്ടോ എന്ന് ഞാൻ സംശയിക്കുകയാണ് സർ. ലക്ഷോപലക്ഷം മൽസ്യത്തൊഴിലാളികൾ നിവസിക്കുന്നതായ ഈ രാജ്യത്ത് ആണ്ടിൽ അൻപതോ എഴുപത്തഞ്ചോ എൺപതോ സ്ക്കാളർഷിപ്പുകളാണ് ഇവർ ഏർപ്പെടുത്തിയിരിക്കുന്നത്. സർ, ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്; നിങ്ങളുടെ ഈ ചിററമ്മനയത്തിൽ തീർച്ചയായും മാററം വരുത്തണം. മൽസ്യ ബന്ധനക്കാർക്ക് എല്ലാവർക്കും കൂടി അൻപതോ എൺപതോ സ്ക്കാളർഷിപ്പുകൾ ഏർപ്പെടുത്തിയാൽ അവരുടെ വിദ്യാഭ്യാസ നിലവാരം എത്ര ഉയരുമെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവരുടെ വരവില്ലായ്മയെ ചൂഷണംചെയ്തുകൊണ്ട് മററുള്ളവർക്ക് ജീവിക്കുന്നതിനുള്ള സൗകര്യം ഗവൺമെൻറ് ഏർപ്പെടുത്തുകയാണ്. അതു കൂടാതെ ഇവർ പിടിക്കുന്നതായ മൽസ്യം ഫലപ്രദമായ വിധത്തിൽ വിപണനംചെയ്യാൻ ഇവർക്ക് സാധിക്കുന്നില്ല. അതിനുള്ള തടസം മെയിൻ റോഡുകളുമായി ഇടറോഡുകളെ ബന്ധിപ്പിക്കാത്തതാണ്. അങ്ങനെയുള്ള ആവശ്യങ്ങൾ വരുമ്പോൾ പി. ഡബ്ലിയു.ഡി.യും ഗവൺമെൻറും തള്ളികളയുകയാണ് ചെയ്യുന്നത്. ആണ്ടുതോറും നിവേദനം നടത്തിയാലും അതുകൊണ്ടൊന്നും യാതൊരു ഫലവുമില്ലാതെയാണിരിക്കുന്നത്. അങ്ങിനെയായിത്തീർന്നിരിക്കുകയാണ് സർക്കാരിന്റെ പ്രവർത്തനം. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് മൽസ്യം പിടിക്കുന്ന കേന്ദ്രങ്ങളിലെ വില്ലേജ് റോഡുകൾ പ്രധാന റോഡുകളുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ഗവൺമെൻറ് ഉണ്ടാക്കണം.

സർ, ആരോഗ്യസംരക്ഷണക്കാര്യത്തിലും ഇവർക്ക് യാതൊരു നേട്ടവുമുണ്ടായിട്ടില്ല. അവരുടെ ഈ ദുർഘടാവസ്ഥയെപ്പററി ചിന്തിക്കുമ്പോൾ വളരെ പ്രയാസമുണ്ടാകും. ഈ തൊഴിലിൽ ഏർപ്പെട്ട് കാലൊടിയുമ്പോഴും മററ് ക്ഷതങ്ങൾ ഏൽക്കുമ്പോഴും ആശുപത്രിയിലെ ചികിൽസാ സൗകര്യം ഇവർക്കു കിട്ടാതെ വരികയാണ്. മൽസ്യം പിടിക്കുന്ന കേന്ദ്രങ്ങളിൽ, പഞ്ചായത്ത്തോറുമെങ്കിലും ഓരോ ഡിസ്പെൻസറി കൊടുക്കേണ്ടതാണ്. ആ കാര്യത്തിലും ഈ ഗവൺമെൻറ് പരാജയപ്പെട്ടിരിക്കുകയാണ്. ഇവർ താമസിക്കുന്നതായ സ്ഥലങ്ങളിൽ ആയുർവ്വേദ ഡിസ്പെൻസറികൾ കൊടുക്കേണ്ടത് ഏററവും അത്യാവശ്യമായ സംഗതിയാണ്. പക്ഷേ, ഉൾപ്രദേശങ്ങളിൽ ആയുർവ്വേദ ഡിസ്പെൻസറികൾ കൊടുക്കുമ്പോൾ ഇവിടെ ഡിസ്പെൻസറികൾ അനുവദിക്കുകയോ രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യമുണ്ടാക്കുകയോ, ഡോക്ടറൻമാരെ നിയമിക്കുകയോ മരുന്ന്

LIBRARY ARCHIVES Kerala Legislative Assembly

എത്തിക്കുകയോ ചെയ്യുന്നില്ല. ഈ സംഗതികളിൽ ഡിപ്പാർട്ടുമെൻറും ഗവൺമെൻറും ഇവരെ അവഗണിച്ചിരിക്കുകയാണ്. സർ, ഈ കാര്യങ്ങളെല്ലാം ഗവൺമെൻറിൻെറ സത്വരമായ ശ്രദ്ധ പതിപ്പിക്കണമെന്നും ഇങ്ങനെ അവരെ ത്യാജ്യകോടിയിൽ തള്ളിയാൽ തീർച്ചയായും ഇവർ ഉണർന്നു വരുമെന്നും ഉള്ള സംഗതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിക്കുകയാണ്.

<u>ചെയർമാൻ:</u> സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ എട്ടുമണിക്ക് വീണ്ടും കൂടുന്നതുമാണ്.

The Assembly adjourned at 1 p. m. to meet again at 8 a. m. on Tuesday, the 13th January 1970.

2/3001 MC

LIBRARY ARCHIVES Kerala Legislative Assembly